
# ഗിരിദീപം

വാല്യം 04 ലക്കം 06 വില 10 രൂപ




YEAR OF ST. JOSEPH

ജൂൺ 2021

RNI Reg. No. *5910/18* Date of Publication: *28/05/2021*

**Registered KL/TLY/20/19-21**

Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2019-21



ജൂൺ 23-ന് 75-ാം ജന്മദിനം ആഘോഷിക്കുന്ന

## മാർ. ജോർജ് ഞറളക്കാട്ട്

പിതാവിന് ജന്മദിനത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

Published & Printed by Fr. Sajan George Thengumpally on behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Hollow Way Road Thalassery - 670 101. Published from Archbishop's House, Hollow Way Road, Thalassery - 670 101 Kerala. Editor- Fr. Sajan George Thengumpally.



## നവ സന്യാസിനിമാർ




**Sr. Aleesha Ann**
***Rose CMC***



**Sr. Anjala**
***George CMC***



**Sr. Nirmal**
***Jose CMC***



**Sr. Ani**
***Francis CMC***



**Sr. Aiswarya**
***Jolly CMC***



**Sr. Mareena**
***Lazer CMC***

# നവ സന്യാസിനിമാർ




**Sr. Athira SABS**



**Sr. Josna SABS**



**Sr. Sheisy SABS**




**Sr. Anupama Saji**
*Palakkuzhiyil SH*



**Sr. Maria**
*Nellickal SH*



**Sr. Sherin**
*Koodathettu SH*



**Sr. Sinia Sebastian**
*Maruthanikkatt SH*

ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49, 6).

വാല്യം 04 ജൂൺ 2021 ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephphatharadio.com
0490 - 2342440

# ഉള്ളടക്കം


1. സർക്കുലർ Prot. No. 268/21 ........ 05
2. വിജ്ഞാപനം 273/21 ........ 09
3. കച്ചേരിക്കാര്യം ........ 10
4. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 23
5. വിശ്വാസപരിശീലനം ........ 25
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 33
7. ചെറുപുഷ്പ മിഷൻലീഗ് ........ 37
8. തിരുബാലസഖ്യം ........ 43
9. യുവജനശുശ്രൂഷ ........ 45
10. കുടുംബപ്രേഷിതത്വം ........ 48
11. വിദ്യാഭ്യാസ ഏജൻസി ........ 53
12. വിമൽജ്യോതി വാർത്തകൾ ........ 56
13. സാൻജോസ് അക്കാഡമി ........ 58
14. നിർമ്മലഗിരി വാർത്തകൾ ........ 61
15. ഇൻഫാം വാർത്തകൾ ........ 64
16. എ.ഡി.എസ്.യു ........ 65
17. പ്രതീക്ഷ ........ 66
18. കെ.സി.ബി.സി ........ 67
19. സാമൂഹ്യസേവനവേദി ........ 68
20. ADAM ........ 72
21. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 73
22. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 75

Prot. No. 268/21, Circular No. 8/21

## സർക്കുലർ
## കോവിഡ്കാല ദുരിതാശ്വാസ പ്രവർത്തനങ്ങൾ

ഈശോയിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരൻമാരേ,

കോവിഡ്-19 മഹാമാരി തീവ്രമായി വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഗവൺമെന്റ് നിർദ്ദേശം പൂർണ്ണമായി പാലിച്ചുകൊണ്ട് എല്ലാവരും സുരക്ഷിതരായി കഴിയുന്നു എന്ന് കരുതട്ടെ. നല്ല ദൈവത്തിന്റെ സംരക്ഷണയിൽ എല്ലാവരേയും സമർപ്പിക്കുന്നു. എല്ലാ മഹാമാരികളെയും അതിജീവിക്കാൻ ദൈവത്തിന്റെ കൃപയാൽ നമുക്ക് സാധിക്കും. ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട് എന്ന കർത്താവിന്റെ വചനം നമ്മെ ആശ്വസിപ്പിക്കട്ടെ.

നമ്മുടെ രണ്ട് ബഹുമാനപ്പെട്ട അച്ചൻമാർ ഈ നാളുകളിൽ കോവിഡ് ബാധിച്ച് മരിച്ചു - ബഹുമാനപ്പെട്ട ജോസ് കരിക്കാട്ടുകണ്ണിയേൽ അച്ചനും ബഹുമാനപ്പെട്ട സിറിയക് വാഴയിൽ അച്ചനും. അതുപോലെ പല ഇടവകകളിലും കോവിഡ് ബാധിച്ച് നിരവധി സഹോദരങ്ങൾ മരണപ്പെട്ടിട്ടുണ്ട്. ഈ മഹാമാരിയിൽ മരണമടഞ്ഞ എല്ലാവരേയും ദൈവസന്നിധിയിൽ സമർപ്പിക്കുന്നു. ദൈവം അവർക്ക് നിത്യാശ്വാസം നല്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അവരുടെ വേർപാടിൽ സങ്കടപ്പെടുന്ന പ്രിയപ്പെട്ടവർക്കും കുടുംബാംഗങ്ങൾക്കും ദൈവം ആശ്വാസം നല്കട്ടെ.

നിരവധി വൈദികരും സന്യസ്തരും അല്മായ സഹോദരങ്ങളും കോവിഡ് വൈറസ് ബാധിച്ച് ആശുപത്രികളിലും വീടുകളിലുമായി കഴിയുന്നുണ്ട്. അവർക്കെല്ലാവർക്കും എത്രയും പെട്ടെന്ന് രോഗസൗഖ്യം ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

മഹാമാരിയുടെ വ്യാപനം അനേകം കുടുംബങ്ങളെ പലതരത്തിൽ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഭക്ഷണം, മരുന്ന്, ആശുപത്രികളിൽ അഡ്മിഷൻ തുടങ്ങിയ നിരവധി അടിയന്തരാവശ്യങ്ങൾക്ക് പല കുടുംബങ്ങളും ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. സർക്കാർ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നുണ്ടെങ്കിലും സഹോദരങ്ങളുടെ ആവശ്യസമയത്ത്

നല്ല അയൽക്കാരായി വർത്തിക്കാൻ നമുക്കും ഉത്തരവാദിത്വമുണ്ട്. അതിരൂപതാ- ഇടവക തലങ്ങളിൽ അടിയന്തരമായി ചെയ്യേണ്ട ചില കാര്യങ്ങൾ നിർദ്ദേശിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതിരൂപതാതലത്തിൽ താഴെ പറയുന്ന സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്ക്ക് തയ്യാറാക്കിയിട്ടുണ്ട് **8547637611** എന്ന ഫോൺ നമ്പറിൽ വിളിച്ചാൽ താഴെ പറയുന്ന സഹായങ്ങൾ ചെയ്തുതരുന്നതാണ്.

a) ആശുപത്രികളിൽ അഡ്മിഷൻ ലഭിക്കാതെ ബുദ്ധിമുട്ടുന്നവർക്ക് ബെഡ്ഡുകൾ ഒഴിവുള്ള ആശുപത്രികൾ കണ്ടെത്താൻ സഹായിക്കും. കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രി, തലശ്ശേരി ജോസ്ഗിരി ആശുപത്രി, തൊക്കിലങ്ങാടി ക്രിസ്തുരാജ ആശുപത്രി എന്നിവിടങ്ങളിലെ സൗകര്യങ്ങളും, സഹകരണം വാഗ്ദാനം ചെയ്തിരിക്കുന്ന മറ്റ് ചില ആശുപത്രികളിലെ സൗകര്യങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുന്നതാണ്.

b) ആവശ്യക്കാർക്ക് ആംബുലൻസ് സൗകര്യം ക്രമീകരിച്ച് കൊടുക്കുന്നതാണ്.

c) കോവിഡ് ബാധിതർക്ക് ഓൺലൈൻ കൗൺസിലിംഗ് ക്രമീകരിക്കുന്നതാണ്.

d) വീടുകളിൽ കഴിയുന്നവർക്ക് ഓൺലൈനിൽ ഡോക്ടർമാരുമായി കൺസൾട്ട് ചെയ്യാനുള്ള സഹായം നല്കും.

e) വീടുകളിൽ കഴിയുന്നവർക്ക് മരുന്ന് എത്തിച്ചുനല്കാൻ ഇടവകാതല ഹെൽപ് ഡെസ്ക്കുകൾ വഴി സഹായം നല്കും.

f) കോവിഡ് ബാധിച്ച് മരിച്ചവരുടെ സംസ്ക്കാരത്തിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ സഹായിക്കും.

2. ഇടവക തലത്തിൽ വിതരണം ചെയ്യുന്ന ഭക്ഷണക്കിറ്റുകൾക്കു പുറമെ ആയിരം രൂപയുടെ പതിനായിരം കിറ്റുകൾ കമില്ലസ് സന്യാസസമൂഹത്തിന്റെ സഹകരണത്തോടെ വിതരണം ചെയ്യും.

3. തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ കോവിഡ് രോഗികളെ ശുശ്രൂഷിക്കാൻ അമ്പതോളം കിടക്കകൾ തയ്യാറാക്കിയിട്ടുണ്ട്. ഐ.സി.യു, വെന്റിലേ

റ്റർ, എക്സറേ, സ്കാനിങ് സൗകര്യങ്ങളും ആശുപത്രിയിൽ മെയ് അവസാനവാരം മുതൽ സജ്ജമാണ്. മലയോരങ്ങളിലെ രോഗികൾക്ക് ഇത് വലിയ ആശ്വാസമാകും.

4. വീടുകളിൽ കഴിയുന്നവർക്ക് സൗജന്യ വൈദ്യസഹായവും മരുന്ന് വിതരണവും നല്കാനുള്ള പദ്ധതി ഒരുക്കുന്നതാണ്.

**ഇടവകതലത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ക്രമീകരിക്കണം.**

1. എല്ലാ ഇടവകകളിലും ബഹു. വികാരിയച്ചൻമാർ, സിസ്റ്റേഴ്സ്, പാരീഷ് കൗൺസിൽ അംഗങ്ങൾ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ എന്നിവരുടെ സഹായത്തോടെ, കോവിഡ് ബാധിച്ച് വീടുകളിലും ആശുപത്രികളിലും കഴിയുന്നവരെ കണ്ടെത്തുകയും ഫോൺ വഴിയെങ്കിലും അന്വേഷിക്കുകയും വേണ്ട സഹായങ്ങൾ എത്തിച്ചുകൊടുക്കുകയും ചെയ്യണം.
2. കഴിഞ്ഞ വർഷം പല ഇടവകകളും ചെയ്തതുപോലെ ആവശ്യക്കാർക്ക് ഭക്ഷണക്കിറ്റ് നല്കാനുള്ള ക്രമീകരണങ്ങൾ ചെയ്യണം.
3. വീടുകളിൽ കഴിയുന്ന കോവിഡ് രോഗികൾക്ക് ആവശ്യമായ മരുന്നുകൾ എത്തിച്ചുകൊടുക്കാൻ റ്റി. എസ്. എസ്. എസുമായി സഹകരിച്ച് വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ സംവിധാനം ഒരുക്കണം. അതിരൂപതയിൽ ഒരുക്കുന്ന ഹെൽപ് ഡെസ്ക്കുമായി ബന്ധപ്പെട്ടാൽ സഹായം ലഭിക്കും.
4. എല്ലാ ഇടവകകളിലും കോവിഡ് രോഗികളെ ആശുപത്രിയിലെത്തിക്കുക, ആംബുലൻസ് സൗകര്യം ഒരുക്കികൊടുക്കുക, ഭക്ഷണം, മരുന്ന് എന്നിവ വിതരണം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ഏകോപിപ്പിക്കാൻ ഒരു ഹെൽപ് ഡെസ്ക്ക് ആരംഭിക്കണം. വികാരിയച്ചൻ നേരിട്ടോ, കോഡിനേറ്റർ, മതാദ്ധ്യാപകർ, സംഘടനാ ഭാരവാഹികൾ എന്നിവരുടെ സഹായത്തോടെയോ, ഇടവകക്കാർക്ക് അടിയന്തിര സാഹചര്യത്തിൽ വിളിക്കാൻ ഒരു ഫോൺ നമ്പറും മേൽപറഞ്ഞ സഹായങ്ങൾ എത്തിച്ചുകൊടുക്കാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം. അതിരൂപതാതല ഹെൽപ് ഡെസ്ക്കിനെ സഹായത്തിനായി സമീപിക്കാവുന്നതാണ്.

5. ചില കുടുംബങ്ങളിൽ എല്ലാവരും കോവിഡ് ബാധിച്ച് വിശ്രമത്തിലായിരിക്കുന്ന സാഹചര്യത്തിൽ കന്നുകാലികളും മറ്റ് വളർത്ത് മൃഗങ്ങളും പട്ടിണിയിലാകുന്ന സാഹചര്യമുണ്ട്. കെ.സി.വൈ.എം/എസ്.എം.വൈ.എം യൂണിറ്റുകൾക്ക് അത്തരം കുടുംബങ്ങളെ സഹായിക്കാൻ സാധിക്കും.

ഈ മഹാമാരിയെ നമുക്ക് ഒത്തൊരുമിച്ച് നേരിടാം. രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വിവിധ ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവർക്കും ദൈവകരുണ ലഭിക്കുന്നതിനായി എല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കണം. ദൈവം നമുക്ക് കോട്ടയും സംരക്ഷണ കവചവുമാണ്. അവിടുന്നിൽ നമുക്ക് ആശ്രയിക്കാം. സഹോദരങ്ങളെക്കുറിച്ച് കരുതലുള്ളവരായിരിക്കാം.പരിശുദ്ധ അമ്മയുടേയും വിശുദ്ധ യൗസേപ്പിതാവിന്റേയും സംരക്ഷണയിൽ നിങ്ങളേവരേയും ഭരമേൽപ്പിക്കുന്നു.

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി — **മാർ ജോർജ് ഞറളക്കാട്ട്**

18-05-2021 — തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

Prot. No. 273/21

# വിജ്ഞാപനം
## വൈദികസമിതി തിരഞ്ഞെടുപ്പ്

2021-2024 വർഷത്തേയ്ക്കുള്ള തലശ്ശേരി അതിരൂപതാ വൈദിക സമിതിയുടെ (പ്രെസ്ബിറ്ററൽ കൗൺസിൽ) കാലാവധി മെയ് മാസത്തോടെ അവസാനിക്കുന്നതിനാൽ അടുത്ത മൂന്നുവർഷത്തേയ്ക്കുള്ള വൈദിക സമിതിയുടെ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിക്കുന്നതായി അറിയിക്കുന്നു.

വൈദികസമിതിയിലേയ്ക്കുള്ള അംഗങ്ങളെ രണ്ട് തരത്തിലാണ് തിരഞ്ഞെടുക്കുന്നത്. (അതിരൂപതാ വൈദികസമിതി നിയമാവലി Article 4.2). 1. ഓരോ ഫൊറോനയിലെയും തലശ്ശേരി അതിരൂപതാംഗങ്ങളായ വൈദികർ ഒന്നിച്ചുകൂടി തെരഞ്ഞെടുക്കുന്ന ഒരു പ്രതിനിധി. 2. അതിരൂപതയിലെ വൈദികരെ തിരുപ്പട്ട സ്വീകരണ വർഷത്തിന്റെ ക്രമത്തിൽ 40നും 50നും ഇടയ്ക്ക് അംഗങ്ങൾ വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിൽനിന്നും തിരഞ്ഞെടുക്കുന്ന മൂന്ന് പ്രതിനിധികൾ വീതം.

ഫൊറോനകളിൽനിന്നുള്ള പ്രതിനിധികളെ 2021 ജൂൺ മാസത്തിലെ മാസധ്യാനാവസരത്തിൽ തിരഞ്ഞെടുത്ത് ജൂൺ 30ന് മുമ്പ് അതിരൂപതാ കച്ചേരിയിൽ അറിയിക്കണം.

ബാച്ച് അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പിന് ഓരോ ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കപ്പെടാൻ യോഗ്യരായിട്ടുള്ളവരുടെ പേരുകൾ രേഖപ്പെടുത്തിയ ബാലറ്റുപേപ്പറുകൾ അതാത് ഗ്രൂപ്പിൽപ്പെട്ടവർക്ക് അയച്ചുതരുന്നതാണ്. മൂന്നുപേരുടെ പേരുകൾ വീതം അടയാളപ്പെടുത്തി ബാലറ്റുപേപ്പറുകൾ 2021 ജൂൺ 30നു മുമ്പ് ലഭിക്കത്തക്കവിധം തിരികെ അയയ്ക്കണം.

ഈ തിരഞ്ഞെടുപ്പിന്റെ വരണാധികാരിയായ അതിരൂപതാ ചാൻസലറിനെ സഹായിക്കാൻ താഴെ പറയുന്ന ബഹു. വൈദികരെ ഇലക്ഷൻ കമ്മീഷൻ അംഗങ്ങളായി നിയമിക്കുന്നു.

1. ഫാ. അബ്രാഹം ഞാമത്തോലിൽ 2. ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ 3. ഫാ. ജോർജ് കരോട്ട്.

2021-2024 വർഷത്തേയ്ക്കുള്ള തലശ്ശേരി അതിരൂപതാ വൈദിക സമിതിയിലേയ്ക്കുള്ള അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നിയമാനുസൃതം നടത്തി 2021 ജൂലൈ 3-ന് മുമ്പ് അംഗങ്ങളുടെ പട്ടിക സമർപ്പിക്കുവാൻ മുകളിൽ പറഞ്ഞിരിക്കുന്ന കമ്മീഷനെ ചുമതലപ്പെടുത്തുന്നു.

തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽനിന്ന് 2021 മെയ്മാസം 26-ാം തീയതി നല്കപ്പെട്ടത്.

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ




## 1. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റ ലിസ്റ്റ്

| | | | |
|---|---|---|---|
| 1. | ആലംകോട്ട് മാത്യു | വികാരി | പയ്യന്നൂർ |
| 2. | ആലപ്പാട്ട് ജോർജ്ജ് | | ഉപരിപഠനം |
| 3. | ആനിക്കാത്തോട്ടത്തിൽ ജേക്കബ് | ഡയറക്ടർ | VJEC Students Welfare |
| 4. | അന്ത്യാംകുളം ജോൺസൺ | ഫൊറോന വികാരി | വെള്ളരിക്കുണ്ട് |
| 5. | അരീച്ചിറ സെബാസ്റ്റ്യൻ ഒ.സി.ഡി | വികാരി | ചുരപ്പടവ് |
| 6. | ചാലിൽ ജോർജ്ജ് സി.എസ്.ടി | ,, | കോട്ടൂർ |
| 7. | ചക്കിട്ടമുറിയിൽ തോമസ് | ,, | ഒറ്റത്തൈ |
| 8. | ചാത്തനാട്ട് ജോസഫ് | ,, | ചന്ദനക്കാംപാറ,ഷിമോഗ നഗർ, ചന്ദനഗിരി |
| 9. | ചേന്നപ്പള്ളി ജോർജ്ജ് | വികാരി | രയറോം |
| 10. | ചെരുവിൽ തോമസ് | വികാരി | നടുവിൽ, ഡയറക്ടർ ഇൻഫാം |
| 11. | ചിറ്റേട്ട് ആന്റണി | ഡയറക്ടർ | ദീപിക മാർക്കറ്റിംഗ് |
| 12. | ചൂരക്കൽ റാഫേൽ വി.സി | വികാരി | എടത്തൊട്ടി |
| 13. | എടമുള മാത്യു | | ഉപരിപഠനം |
| 14. | എടത്തിനകത്ത് പോൾ | വികാരി | നെടുവാലൂർ, അഡ്മിനിസ്ട്രേറ്റർ, മലനാട് കോളെജ് |
| 15. | എടൂക്കുന്നേൽ ഏലിയാസ് | പ്രൊ. വികാരി | വിളമന |
| 16. | ഇളംതുരുത്തിപ്പടവിൽ മാത്യു | ഫൊറോന വികാരി | കാഞ്ഞങ്ങാട് |
| 17. | എഴുപറയിൽ ജോസഫ് | പ്രൊ. വികാരി | ഉമ്മറപ്പൊയിൽ |
| 18. | കദളിയിൽ ജോസഫ് | | റിട്ടയർമെന്റ് |
| 19. | കക്കാട്ടിൽ ജോസ് | വികാരി | കല്ലുമുതിരക്കുന്ന് |
| 20. | കളപ്പുരക്കൽ വർഗ്ഗീസ് | പ്രൊ.വികാരി | പാടാംകവല |
| 21. | കണ്ടത്തിൽ പോൾ | | ഉപരിപഠനം |
| 22. | കണിയാംപറമ്പിൽ തോമസ് ഒ.എഫ്.എം. | വികാരി | നെല്ലിയടുക്കം |
| 23. | കാഞ്ഞിരത്തിങ്കൽ ജോസഫ് | വികാരി | ആനറ |
| 24. | കാരിക്കൽ മാത്യു | അഡ്മിനിസ്ട്രേറ്റർ | പ്രതീക്ഷ |
| 25. | കാരിക്കാത്തടത്തിൽ ജോർജ് | വികാരി | തടിക്കടവ് |

| | | |
|---|---|---|
| 26. കരിനാട്ട് ജോസഫ് | | റിട്ടയർമെന്റ് |
| 27. കവിയിൽ ഫിലിപ്പ് | ഡയറക്ടർ | എ.കെ.സി.സി (അധികചുമതല) |
| 28. കായാമ്മാക്കൽ മാത്യു | വികാരി | കോലുവള്ളി |
| 29. കീഴാരത്തിൽ തോമസ് | ,, | മണ്ഡപം |
| 30. കൊച്ചുവീട്ടിൽ പീറ്റർ | ,, | ചുള്ളി, ആനമഞ്ഞൾ |
| 31. കോണിക്കൽ മാത്യു | ,, | ചട്ടമല |
| 32. കുനാനിക്കൽ തോമസ് | ,, | ഉളിക്കൽ |
| 28. കുടിപ്പറമ്പിൽ ചാക്കോ | ഡയറക്ടർ | പ്രതീക്ഷ ഡി അഡിക്ഷൻ സെന്റർ (അധികചുമതല) |
| 29. കുരീക്കാട്ടിൽ ജോസ് | വികാരി | മഞ്ഞളാംപുറം |
| 30. കുറ്റിക്കാട്ടുകുന്നേൽ ജേക്കബ് | ഡയറക്ടർ | ശാന്തിഭവൻ പ്രീസ്റ്റ് ഹോം |
| 31. കുഴിയാനിമറ്റത്തിൽ ജോസഫ് | വികാരി | ബാലേശുഗിരി |
| 32. മഞ്ഞളാംകുന്നേൽ ജോസഫ് | | ഉപരിപഠനം |
| 33. മറ്റപ്പള്ളിൽ ലൂക്കോസ് | അസോസിയേറ്റ് ഡയറക്ടർ സെന്റ് ജോസഫ്സ് | ആശുപത്രി, കരുവഞ്ചാൽ |
| 34. മറ്റത്തിൽ ഐസക്ക് | വികാരി | തയ്യേനി |
| 35. മറ്റത്തിൽ ജോസഫ് | ,, | ജോസ്മൗണ്ട് |
| 36. മുഞ്ഞേലിൽ പോൾ | | മെഡിക്കൽ ലീവ് |
| 37. മുക്കുഴി മാത്യു (അഖിൽ) | പ്രൊ. വികാരി | ബിരിക്കുളം |
| 38. മുല്ലക്കര ജോൺ | | റിട്ടയർമെന്റ് |
| 39. മുട്ടത്തുപാറ സെബാസ്റ്റ്യൻ | വികാരി | മാങ്ങോട് |
| 40. മുട്ടുമണ്ണിൽ ഫിലിപ്പ് | പ്രൊ. വികാരി | മാവുംചാൽ |
| 41. നരിമറ്റത്തിൽ ജോസഫ് സി.എസ്.ടി | വികാരി | നെല്ലിക്കുന്ന് |
| 42. നല്ലുകുന്നേൽ ആന്റണി ഒഎഫ്എം കണ്വഞ്ചൽ | വികാരി | നാട്ടക്കല്ല് |
| 43. നൂറമ്മാക്കൽ ജോസഫ് | വികാരി | അരവഞ്ചാൽ |
| 44. ഓലിക്കൽ മാത്യു | ,, | നെല്ലിക്കുറ്റി |
| 45. പൈമ്പിള്ളിൽ തോമസ് | ,, | പടന്നക്കാട്, ഡയറക്ടർ, ഗുഡ്ഷെപ്പേഡ് പാസ്റ്ററൽ സെന്റർ |
| 46. പള്ളിക്കുന്നേൽ ആന്റണി | വികാരി | പുന്നക്കുന്ന് |
| 47. പാമ്പക്കൽ തോമസ് | ,, | ആയന്നൂർ |
| 48. പരവരാകത്ത് മാത്യു | ,, | ചുണ്ടപ്പറമ്പ് |
| 49. പൂവത്താനിക്കൽ ജോൺ പോൾ | | ഉപരിപഠനം |
| 50. പൂവത്തോലിൽ ജോസഫ് | വികാരി | പുറവയൽ |
| 51. പോത്തനാമല മാത്യു | | റിട്ടയർമെന്റ് |
| 52. പുഞ്ചത്തറപ്പേൽ ജോർജ്ജ് | വികാരി | കാർത്തികപുരം |

| | | |
|---|---|---|
| 53. പുത്തൻപുരക്കൽ സെബാസ്റ്റ്യൻ (അദിലാബാദ്) | വികാരി | കാലിച്ചാമരം |
| 54. പുതുപ്പള്ളിൽ സെബാസ്റ്റ്യൻ | | പഞ്ചാബ് മിഷൻ |
| 55. റാത്തപ്പള്ളിൽ ജോസഫ് സി.എം.ഐ | വികാരി | അട്ടക്കണ്ടം |
| 56. തട്ടുപറമ്പിൽ പോൾ ( കോൾപിങ്) | വികാരി | അതിരുമാവ് |
| 57. തയ്യിൽ ജോസഫ് | റസിഡണ്ട് പ്രീസ്റ്റ് | ചെറുപുഴ |
| 58. തയ്യിൽ തോമസ് | വികാരി | കിളിയന്തറ |
| 59. തെക്കേടത്ത് സെബാസ്റ്റ്യൻ | പ്രൊ. വികാരി | മുള്ളേരിയ, ദേലംപാടി |
| 60. തെക്കേക്കുളം മാത്യു | | മെഡിക്കൽ ലീവ് |
| 61 . തോണിപ്പാറ അബ്രാഹം | ഡയറക്ടർ ഇൻ ചാർജ്ജ് | മദർ ഹോം, പരിയാരം |
| 62. തൊട്ടിയിൽ ജോമി ജോസഫ് പി.എസ്.ഡി.പി. | വികാരി | കാവുംന്തല |
| 63. തൈക്കുന്നുംപുറം ജോർജ്ജ് | വികാരി | നെല്ലിപ്പാറ |
| 64. വടക്കേമുളഞ്ഞനാൽ തോമസ് | ,, | ചേപ്പറമ്പ (അധികചുമതല) |
| 65. വടശ്ശേരി സ്കറിയ | അദ്ധ്യാപകൻ | VJEC (അധികചുമതല) |
| 66. വാളിപ്ലാക്കൽ തോമസ് | കോ-ഓഡിനേറ്റർ | എയ്ഞ്ചൽ ഡയാലിസിസ് കെയർ (അഡിഷണൽ) |
| 67. വരമ്പകത്ത് സ്കറിയ | | ഉപരിപഠനം |
| 68. വെമ്മേനിക്കട്ടയിൽ സെബാസ്റ്റ്യൻ | | ഉപരിപഠനം |
| 69. വെട്ടിക്കൽ ജോസ് | കോ-ഓഡിനേറ്റർ | പഞ്ചാബ് മിഷൻ |
| 70. വെട്ടിയാനിക്കൽ ആന്റണി | വികാരി | പൊട്ടംപ്ലാവ് |
| 71. വെട്ടിയാനിക്കൽ വർഗ്ഗീസ് | ,, | രാജഗിരി, മരുതുംതട്ട് |
| 72. വെട്ടുവയലിൽ മാത്യു | ,, | രണ്ടാംകടവ് |

**അസിസ്റ്റന്റ് വികാരിമാർ**

| | |
|---|---|
| 1. ചിരണയ്ക്കൽ സ്കറിയ | മണിക്കടവ് |
| 2. ചെറുശ്ശേരിൽ ജോസഫ് | പനത്തടി |
| 3. കോയിപ്പുറം ജോസഫ് | മാലോം |
| 4. മഞ്ഞക്കുന്നേൽ മൈക്കിൾ | ആലക്കോട് |
| 5. മണ്ണൂർ ജോൺ | കുന്നോത്ത് |
| 6. മുക്കുഴിയിൽ മാത്യു (സ്റ്റിനോ) | പഞ്ചാബ് മിഷൻ |
| 7. പടിഞ്ഞാറയിൽ ജേക്കബ് | തളിപ്പറമ്പ |
| 8. പാലക്കീൽ ജോസഫ് | ചന്ദനക്കാംപാറ |
| 9. പഞ്ഞിക്കുന്നേൽ ജോസഫ് | വായാട്ടുപറമ്പ |
| 10. പൂവൻപുഴ തോമസ് | അങ്ങാടിക്കടവ് |
| 11. തെക്കേവയലിൽ ജോർജ്ജ് | പാലാവയൽ |
| 12. വയലിൽ തോമസ് | വെള്ളരിക്കുണ്ട് |
| 13. മാഞ്ഞൂരാൻ പോൾ | തോമാപുരം |

| | | |
|---|---|---|
| 14. | പുത്തൻവീട്ടിൽ ആൽബിൻ എം.എസ്.എഫ്.എസ് | പുളിങ്ങോം |
| 15. | മോളത്ത് റൊണാൾഡ് ജോർജ് ഐ.എസ്.സി.എച്ച് | തിരുമേനി |
| 16. | കാരക്കാട്ട് ക്രിസ്റ്റോ ആന്റണി ഐ.എസ്.സി.എച്ച് | പേരാവൂർ II |
| 17. | ചിറയത്ത് അജു കപ്പൂച്ചിൻ | പടുപ്പ് |
| 18. | ചാലിശ്ശേരി ജോസഫ് കപ്പൂച്ചിൻ | എണ്ണപ്പാറ |

## 2. ബഹുമാനപ്പെട്ട വൈദികരുടെ സ്ഥലംമാറ്റം

തലശ്ശേരി അതിരൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം ലോക്ഡൗൺ നിയന്ത്രണങ്ങൾമൂലം നീണ്ടുപോവുകയാണല്ലോ. ഇപ്പോഴത്തെ സാഹചര്യത്തിൽ ജൂൺമാസം 11, 12 തീയതികളിലായി സ്ഥലമാറ്റമുള്ള വൈദികർ പുതിയ സ്ഥലങ്ങളിലെത്തി ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് താല്പര്യപ്പെടുന്നു. വികാരിമാറ്റ റിപ്പോർട്ട് കൂരിയായിലേയ്ക്ക് അയയ്ക്കാൻ മറക്കരുത്. ജൂൺമാസത്തെ അലവൻസ് എല്ലാവരും പുതിയ സ്ഥലത്തുനിന്നും എടുക്കണം.

## 3. നന്ദി... സ്വാഗതം

കല്ലുമുതിരക്കുന്ന് ഇടവകയിൽ മൂന്നുവർഷം വികാരിയായി സേവനമനുഷ്ഠിച്ചശേഷം മാതൃസന്ന്യാസസമൂഹത്തിലേയ്ക്ക് തിരികെ പോകുന്ന ഫാ. ജോസഫ് പന്തംമാക്കൽ സിഎംഐ, കോട്ടൂർ ഇടവകയിൽ മൂന്നുവർഷത്തെ സേവനത്തിനുശേഷം തിരികെപോകുന്ന ഫാ. ജേക്കബ് ചാരംതൊട്ടിയിൽ സിഎസ്ടി, നെല്ലിക്കുന്ന് ഇടവകയിലെ മൂന്നുവർഷത്തെ സേവനത്തിനുശേഷം തിരികെപോകുന്ന ഫാ. അഗസ്റ്റ്യൻ പാലത്താനത്ത് സിഎസ്ടി, എടത്തൊട്ടി ഇടവകയിൽ മൂന്നുവർഷം വികാരിയായിരുന്ന ഫാ. സെബാസ്റ്റ്യൻ താണിപ്പള്ളി വിസി, നാട്ടക്കല്ല് ഇടവകയിൽ ഏഴുവർഷക്കാലം വികാരിയായി സേവനമനുഷ്ഠിക്കുകയും മനോഹരമായ ഇടവക ദൈവാലയം പണികഴിപ്പിക്കുയും ചെയ്ത ഫാ. അലോഷ്യസ് പോളയ്ക്കൽ ഒഎഫ്എം കണ്വഞ്ചൽ എന്നീ ബഹു. വൈദികർക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുകയും പുതിയ പ്രവർത്തനമേഖലയിൽ ദൈവാനുഗ്രഹവും വിജയാശംസകളും നേരുകയും ചെയ്യുന്നു.

അസിസ്റ്റന്റ് വികാരിമാരായി സേവനം ചെയ്തശേഷം തിരികെ പോകുന്ന ഭദ്രാവതി രൂപതാംഗം ഫാ. സെബാസ്റ്റിൻ ചകിണിമാന്തറ (പനത്തടി), ഫാ. ആൽബിൻ ഞെഴുകൻ ഐഎസ് സിഎച്ച് (പാലാവയൽ), ഫാ. കെൽവിൻ ഓലിക്കൽ എംഎസ്എഫ്എസ് (മണിക്കടവ്), ഫാ. ജോസഫ് കവിയിൽ ഒഎഫ്എം (ക്യാപ്) ഫാ. മാത്യു ഞാറക്കുളം ഒഎഫ്എം (ക്യാപ്), ഫാ. തോമസ് വലിയപറമ്പിൽ ഒഎഫ്

എം (ക്യാപ്), എന്നിവരെയും നന്ദിയോടെ സ്മരിക്കുകയും ഭാവുക ങ്ങൾ ആശംസിക്കുയും ചെയ്യുന്നു.

ഈ വർഷം തലശ്ശേരി അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന തിനായി എത്തിച്ചേരുന്ന ഫാ. ജോമി ജോസഫ് പിഎസ്ഡിപി, ഫാ. സെബാസ്റ്റ്യൻ അരീച്ചിറ ഒസിഡി, ഫാ. റൊണാൾഡ് മോളത്ത് ഐഎസ്സിഎച്ച്, ഫാ. അജു ചിറയത്ത് ഒഎഫ്എം(ക്യാപ്), ഫാ. ജോസഫ് ചാലിശ്ശേരി ഒഎഫ്എം (ക്യാപ്) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

## 4. പിപിഎഫ് അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിൽനിന്നും മരണം മൂലം വേർപിരിഞ്ഞുപോയ സഹോദര വൈദികർ ഫാ. ജോസ് കരി ക്കാട്ടുകണ്ണിയേൽ, ഫാ. സിറിയക് വാഴയിൽ എന്നിവർക്കുവേണ്ടി എല്ലാ പിപിഎഫ് അംഗങ്ങളും ഓരോ വിശുദ്ധ കുർബാന വീതം അർപ്പിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു.

## 5. പഞ്ചാബ് മിഷൻ

ഫരീദാബാദ് രൂപതയുടെ കീഴിലുള്ള പഞ്ചാബിലെ ഏതാനും ജില്ല കൾ മിഷൻപ്രവർത്തനത്തിനായി തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകൾ സംയുക്തമായി ഏറ്റെടുക്കുകയാണ്. മൂന്നു രൂപതക ളിൽനിന്നും ഈരണ്ടു വൈദികർ വീതം മിഷൻപ്രവർത്തനത്തിനു സന്നദ്ധരായി മെയ് 31-ന് ചണ്ഡീഗഡിന് യാത്രയായി. ബഹു. ജോസ് വെട്ടിക്കൽ അച്ചനാണ് പഞ്ചാബ് മിഷന്റെ കോർഡിനേറ്ററായി പ്രവർത്തിക്കുന്നത്. നമ്മുടെ അതിരൂപതയിൽനിന്നും പ്രഥമ മിഷനറി മാരായി പഞ്ചാബിലേയ്ക്ക് പുറപ്പെട്ടിരിക്കുന്നത് ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളിയും ഫാ. സ്റ്റിനോ മുക്കുഴിയും ആണ്. ധീരമായ തീരുമാന മെടുത്ത രണ്ടുപേരെയും അഭിനന്ദിക്കുകയും പുതിയ പ്രവർത്തനമേ ഖലയിൽ എല്ലാ വിജയാശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു.

## 6. വൈദികസമിതി തിരഞ്ഞെടുപ്പ്

2021-2024 വർഷത്തേയ്ക്കുള്ള പുതിയ വൈദിക സമിതി (പ്രസ്ബി റ്ററൽ കൗൺസിൽ) രൂപീകരണത്തിനുള്ള അഭിവന്ദ്യ പിതാവിന്റെ വിഞ്ജാപനം ഈ ലക്കം ഗിരിദീപത്തിൽ കൊടുത്തിട്ടുണ്ട്. ഓരോ ഫൊറോനയിൽ നിന്നുമുള്ള അംഗങ്ങളെ പൊതുസ്ഥലമാറ്റത്തിനു ശേഷം ഉടനെ തന്നെ ജൂൺമാസത്തിലെ മാസധ്യാന കൂട്ടായ്മ

ചേർന്നോ യുക്തമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ തിരഞ്ഞെടുക്കണം. പുതിയ ഫൊറോനാ പ്രതിനിധിയുടെ പേര് ജൂൺ 30-ന് മുമ്പ് ചാൻസലർ അച്ചനെ അറിയിക്കുമല്ലോ. ഫൊറോന വികാരിമാർ പ്രെസ്ബിറ്ററൽ കൗൺസിലിൽ ഔദ്യോഗികാംഗങ്ങളല്ലാത്തതിനാൽ അവരെ തിരഞ്ഞെടുക്കുന്നതിനും തടസ്സമില്ല. വിജ്ഞാപനത്തിൽനിന്നും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുമല്ലോ.

### 7. പത്രോസിന്റെ കാശ്

എല്ലാവർഷവും ജൂൺമാസത്തിൽ വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ചാണ് പത്രോസിന്റെ കാശ് സമാഹരിക്കുന്നത്. ഈ സംഭാവനയിലൂടെ സാർവത്രികസഭയുടെ പ്രവർത്തനങ്ങളിൽ ഓരോ വിശ്വാസിയും പങ്കുകാരാവുകയാണ്. ജൂൺ 29-നാണ് വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ. ഞായറാഴ്ച വി. കുർബാന അർപ്പണം സാധാരണഗതിയിലേയ്ക്ക് തിരികെ എത്തിയാൽ ജൂൺ 27-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച ഈ ഉദ്ദേശ്യത്തിനായി സമാഹരിക്കുമല്ലോ.

### 8. സീറോ - മലബാർ സഭാദിനം-ജൂലൈ 3

നമ്മുടെ പിതാവായ മാർ തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിനമായ ജൂലൈ 3 സീറോ-മലബാർ സഭാദിനമായി നാം ആചരിക്കുന്നു. അന്നത്തെ സ്തോത്രക്കാഴ്ച സീറോ-മലബാർ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ കൂരിയായുടെ പ്രവർത്തന ഫണ്ടിലേയ്ക്ക് നല്കുന്നതിനുവേണ്ടിയാണ് പതിവായി സമാഹരിച്ച് നല്കുന്നത്. സാഹചര്യം അനുകൂലമാണെങ്കിൽ സ്തോത്രക്കാഴ്ച സമാഹരിച്ച് അതിരൂപതാ കേന്ദ്രത്തിൽ ഏല്പിക്കുമല്ലോ.

### 9. ജൂണിയർ വൈദികരുടെ കോഴ്സ്

2010-2011 വർഷം തിരുപ്പട്ടം സ്വീകരിച്ചവർ മുതൽ 2020-21 ബാച്ചു വരെയുള്ള വൈദികർക്കായുള്ള തുടർ പരിശീലന പരിപാടി 2021 ജൂൺ 14-16 തീയതികളിൽ നടത്തും എന്ന് അറിയിച്ചിരുന്നത് ജൂൺ 29, 30 തീയതികളിലേയ്ക്ക് മാറ്റിവയ്ക്കുന്നു. സാഹചര്യങ്ങൾ അനുകൂലമാവുകയാണെങ്കിൽ 29-ന് രാവിലെ 10 മണിക്ക് ആരംഭിച്ച് 30ന് ഉച്ച കഴിഞ്ഞ് 4 മണിക്ക് അവസാനിക്കുന്ന വിധത്തിൽ തലശ്ശേരി സന്ദേശഭവനിൽ വച്ചായിരിക്കും കോഴ്സ് നടത്തുന്നത്.

**10. ആദരാഞ്ജലികൾ**

**ശ്രീ. ജോസഫ് വടക്കേമുളഞ്ഞനാൽ (88):** ബഹുമാനപ്പെട്ട തോമസ് വടക്കേമുളഞ്ഞനാൽ അച്ചന്റെ വത്സലപിതാവ് ശ്രീ. ജോസഫ് (88) 26.04.2021-ന് നിര്യാതനായി മൃതസംസ്ക്കാരം 27.04.2021-ന് പേരാവൂർ സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. ബഹു. ജിനു അച്ചനെയും സന്തപ്തകുടുംബാംഗങ്ങളെയും അനുശോചനം അറിയിക്കുകയും പരേതന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

**സി. ജെസ്റ്റിൻ സി.എം.സി (78):** കർമ്മലീത്താ സന്ന്യാസിനിസമൂഹത്തിന്റെ തലശ്ശേരി പ്രൊവിൻസിലെ അംഗം സി. ജെസ്റ്റിൻ കുരികിലംകാട്ട് 2021 മെയ് 9-ന് നിര്യാതയായി. 1965 -ൽ സന്ന്യാസ വ്രതം സ്വീകരിച്ച സി. ജെസ്റ്റീൻ തിരുവാമ്പാടി, നെല്ലിക്കാംപൊയിൽ, പേരട്ട, നിർമ്മലഗിരി, പുഷ്പഗിരി, വെളിമാനം, കച്ചേരിക്കടവ്, ഉളിക്കൽ എന്നീ മഠങ്ങളിൽ അംഗമായും സ്കൂൾ അദ്ധ്യാപികയായും സേവനമനുഷ്ഠിച്ചു. അസിറ്റന്റ് പ്രൊവിൻഷ്യൽ സുപ്പീരിയർ, പ്രൊവിൻഷ്യൽ കൗൺസിലർ എന്നീ നിലകളിൽ ശുശ്രൂഷ ചെയ്തു. 2021 മെയ് 9-ന് നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയത്തിൽ ഫൊറോന വികാരി ഫാ. ജോസഫ് കാവനാടിയുടെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷ നടന്നു. അഭിവന്ദ്യപിതാക്കന്മാർ അനുശോചനം അറിയിച്ചു. സി. ജസ്റ്റിൻ ചെയ്ത എല്ലാ ശുശ്രൂഷകളെയും നന്ദിയോടെ അനുസ്മരിക്കുകയും ദൈവം നിത്യസമ്മാനം നല്കി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



**അഡ്വ. ജോർജ് മേച്ചേരി :** തലശ്ശേരി അതിരൂപതാ ലീഗൽ കൺസൽട്ടന്റും പാസ്റ്ററൽ കൗൺസിൽ അംഗവുമായ അഡ്വ. ജോർജ് മേച്ചരി 2021 മെയ് 20-ന് നിര്യാതനായി. ഹൈക്കോടതി അഭിഭാഷകനായിരുന്ന അദ്ദേഹം അതിരൂപതയ്ക്കു വേണ്ടിയും വിവിധ ഇടവകകൾക്കു വേണ്ടിയും ഹൈക്കോടതിയിൽ നിരവധി കേസുകൾ നടത്തിയിട്ടുണ്ട്. വടക്കേക്കളം കുടിയിറക്കിനെതിരെയുള്ള വിധിയുൾപ്പെടെ കുടിയേറ്റ കർഷകർക്കനുകൂലമായ വിധികൾ ഹൈക്കോടതിയിൽനിന്നും നേടാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.



അദ്ദേഹത്തിന്റെ ആകസ്മിക നിര്യാണത്തിൽ ദുഃഖാർത്തരായിക്കുന്ന കുടുംബാംഗങ്ങളെ അനുശോചനമറിയിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിന് നിത്യാശ്വാസം നല്കണമെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. മൃതസംസ്ക്കാരം കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു.

## 11. സ്നേഹസ്മൃതി

| | | | |
|---|---|---|---|
| 1. | റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ | - | 01-06-1963 |
| 2. | റവ. ഫാ. റാഫേൽ തറയിൽ | - | 03-06-2007 |
| 3. | റവ. ഫാ. സിറിയക് ചെമ്മാഴം | - | 04-06-1985 |
| 4. | റവ. ഫാ. മാത്യൂ വില്ലന്താനം | - | 05-06-2015 |
| 5. | റവ. ഫാ. തോമസ് കാട്ടൂർ | - | 08-06-1977 |
| 6. | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - | 09-06-1986 |
| 7. | റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. | - | 10-06-1982 |
| 8. | റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ | - | 10-06-1994 |
| 9. | റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര | - | 11-06-2005 |
| 10. | റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ | - | 15-06-2015 |
| 11. | റവ. ഫാ. പോൾ മൂശാരിയേട്ട് | - | 19-06-2006 |
| 12. | റവ. മോൺ. ജേക്കബ് വാരികാട്ട് | - | 21-06-2001 |
| 13. | റവ. ഫാ. ജോസഫ് അടിപുഴ | - | 21-06-2008 |
| 14. | റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. | - | 24-06-1974 |
| 15. | റവ. മോൺ. വർക്കി കുഴികുളത്തിൽ | - | 24-06-2009 |
| 16. | റവ. ഫാ. അബ്രാഹം ആനശ്ശേരിൽ | - | 24-06-2019 |
| 17. | റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമാളിയേക്കൽ സി.എം.ഐ. | - | 25-06-1970 |
| 18. | റവ. ഫാ. മരിയാനൂസ് കുഴുപ്പിൽ സി.എം.ഐ. | - | 24-06-2003 |
| 19. | റവ. ഫാ. ജോൺ വിയാനി സി.എം.ഐ. | - | 26-06-1986 |
| 20. | റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. | - | 28-06-2004 |
| 21. | റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. | - | 30-06-2007 |

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

## വൈദികരുടെ അഖണ്ഡ ആരാധന

### JUNE

| | | | |
|---|---|---|---|
| 1-Jun | Thonippara Abraham | 2-Jun | Puthuppallil Sebastian |
| 3-Jun | Noorammackal Joseph | 4-Jun | Kalarickal Kuriakose |
| 5-Jun | Anithanam Joseph | 7-Jun | Enacheril Joseph |
| 8-Jun | Vettuvayalil Mathew | 9-Jun | Vazhakatt John |
| 10-Jun | Edamulayil Mathew | 11-Jun | Pathiyottil Joseph |
| 12-Jun | Plavunilkumparambil Kuriakose | 14-Jun | Chathanattu Joseph |
| 15-Jun | Vadakemuriyil Thomas | 16-Jun | Ezhuparayil Joseph |
| 17-Jun | Areekkattu Pious | 18-Jun | Mattappallil Lukose |
| 19-Jun | Elamthuruthipadavil Mathew | 21-Jun | Vettiyanickal Varghese |
| 22-Jun | Puliyurumbil Johnson | 23-Jun | Elavumkunnel George (Sr) |
| 24-Jun | Kalappurackal Varghese | 25-Jun | Thykunnumpuram Joseph |
| 26-Jun | Mukkuzhy Mathew (Sr.) | 28-Jun | Punchatharappel George |
| 29-Jun | Pampackal Thomas | 30-Jun | Adppur Francis O.Carm |

### JULY

| | | | |
|---|---|---|---|
| 1-Jul | Vellaringattu George | 2-Jul | Varanath Joseph |
| 5-Jul | Nallukunnel Antony OFM Conv | 6-Jul | Kalappurackal Joseph |
| 7-Jul | Anacharil Joseph | 8-Jul | Thayyil Joseph |
| 9-Jul | Kunnel Jose OSB | 10-Jul | Rathappallil Joseph CMI |
| 12-Jul | Menappattupadickal Thomas | 13-Jul | Kanjirathinkal Joseph |
| 14-Jul | Manjakunnel Michael | 15-Jul | Anakkallil Joseph |
| 16-Jul | Karakkattu Christo ICSH | 17-Jul | Chakkamkunnel Augustine |
| 19-Jul | Cherussery Joseph | 20-Jul | Elanjiparambil James |
| 21-Jul | Koyipuram Joseph | 22-Jul | Kudilil Mathew |
| 23-Jul | Mannur John | 24-Jul | Mukkuzhy Mathew |
| 26-Jul | Mundaplackal Joseph | 27-Jul | Palakeel Joseph |
| 28-Jul | Kaniyamparmabil Thomas OFM | 29-Jul | Mattathil Joseph |
| 30-Jul | Kakkattil Jose | 31-Jul | Konickal Mathew |

# ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ

## അനുസ്മരണം



തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിലൊരാളായ ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ (83) 2021 മെയ്മാസം 6-ാം തീയതി നിര്യാതനായി. കോവിഡ്-19 രോഗബാധിതനായി കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ ചികിൽസയിൽ കഴിയവേ രാവിലെ 11.40 ന് പെട്ടെന്നുണ്ടായ ഹൃദയാഘാതം മൂലമാണ് മരണം സംഭവിച്ചത്.

ഫാ. ജോസ് കരിക്കാട്ടുകണ്ണിയേൽ 1938 സെപ്റ്റംബർ 26-ാം തിയ്യതി പാലാ, മരങ്ങാട്ടുപള്ളിയിൽ കരിക്കാട്ടുകണ്ണിയേൽ അബ്രാഹം, ഏലിക്കുട്ടി ദമ്പതികളുടെ മകനായി ജനിച്ചു. അബ്രാഹം, തെയ്യാമ്മ, ജോണി, അച്ചാമ്മ, മേരി, സി. സൗമ്യ ഡി. എം, ആന്റണി എന്നിവരാണ് സഹോദരങ്ങൾ. മരങ്ങാട്ടുപള്ളി സെന്റ് തോമസ് സ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം മുതൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസം വരെ നേടി. 1956- ൽ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര- ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1964-ൽ ബോംബെയിൽ വച്ച് നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ ഇടയിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

ചെമ്പേരി, നെല്ലിക്കുറ്റി, മാനന്തവാടി എന്നീ ഇടവകളിൽ സഹവികാരിയായി ശുശ്രൂഷ ചെയ്തു. ആലാറ്റിൽ, പേരിയ, മേരിപുരം,

ബൽത്തംഗടി രൂപതയിലെ തോട്ടത്താടി, മണ്ഡപം, ബളാൽ, അറബി, പാലത്തിൻകടവ്, കാഞ്ഞിരടുക്കം, ജോസ്മൗണ്ട്, ചെറുപാറ, മാങ്ങോട്, ആര്യപ്പറമ്പ്, പൊൻമല, കമ്പല്ലൂർ, കോഴിച്ചാൽ, പേരട്ട, തേർമല, ചെട്ടി യാംപറമ്പ്, അരവഞ്ചാൽ എന്നീ ഇടവകകളിൽ വികാരിയായി സേവ നമനുഷ്ഠിച്ചു. 2015 മുതൽ കരുവഞ്ചാൽ ശാന്തിഭവൻ വൈദികമന്ദിര ത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

തീക്ഷ്ണമതിയായ അജപാലകനായിരുന്നു ജോസ് കരിക്കാട്ടുക ണ്ണിയേലച്ചൻ. കുടിയേറ്റ കർഷക സമൂഹത്തിന്റെ ആത്മീയവും ഭൗതീ കവുമായ പ്രശ്നങ്ങളെ തന്റെ പ്രാർത്ഥനകൊണ്ടും ദൈവിക കൃപ കൾകൊണ്ടും പരിഹരിക്കാൻ അദ്ദേഹം പരിശ്രമിച്ചിരുന്നു. പൈശാ ചിക ശക്തികൾക്കെതിരെയുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥനാപൂർവ്വ മായ പോരാട്ടങ്ങൾ അനേകർക്ക് ആശ്വാസം നല്കിയിട്ടുണ്ട്. ആദ്യകാല ഇടവകകളിലെല്ലാം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിരവധി റോഡു കളും പാലങ്ങളും നിർമ്മിക്കുകയുണ്ടായി. മാനന്തവാടിയിലും ബൽത്തംഗടിയിലും തലശ്ശേരിയിലും ഇന്ന് സ്വതന്ത്ര ഇടവകകളായ പല പള്ളികൾക്കും ആരംഭം കുറിക്കാൻ അച്ചന് സാധിച്ചു. കോൺവെന്റു കൾ, സ്കൂളുകൾ, വിവിധ സർക്കാർ സ്ഥാപനങ്ങൾ എന്നിവ സ്ഥാപി ക്കുന്നതിന് അച്ചൻ നേതൃത്വം കൊടുത്തു.

ബഹുമാനപ്പെട്ട ജോസ് കരിക്കാട്ടുകണ്ണിയേലച്ചൻ കോവിഡ് ബാധിച്ച് മെയ് 2-ാം തീയതിയാണ് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ പ്രവേശിച്ചത്. കോവിഡുമായി ബന്ധപ്പെട്ട ഗൗരവത രമായ കുഴപ്പങ്ങളൊന്നും ഇല്ലാതെ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ മെച്ചപ്പെട്ട് വരുന്ന സമയത്താണ് പെട്ടെന്ന് ഹൃദയാഘാതമുണ്ടാവുകയും മരണം സംഭവിക്കുകയും ചെയ്തത്. മൃതസംസ്ക്കാരം 2021 മെയ് 6 വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ബഹു. ജോസച്ചന്റെ ഇടവകയായ ചെമ്പേരി ലൂർദ് മാതാ ഫൊറോന പള്ളി സെമിത്തേരിയിൽ അഭി വന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്തി. ദീർഘകാലം മലബാ റിലെ വിശ്വാസീ സമൂഹത്തിനുവേണ്ടി അത്യാദ്ധ്വാനം ചെയ്ത ധീര നായ അജപാലകന് പ്രാർത്ഥനാപൂർവ്വം വിട.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**

ചാൻസലർ

# ഫാ. സിറിയക് വാഴയിൽ

## അനുസ്മരണം



തലശ്ശേരി അതിരൂപതയിലെ മുതിർന്ന വൈദികരിലൊരാളായ ഫാ. സിറിയക് വാഴയിൽ (80) 14-05-2021 ന് നിര്യാതനായി. കോവിഡ്-19 രോഗബാധിതനായി കണ്ണൂർ ജിം കെയർ ആശുപത്രിയിൽ ചികിൽസയിൽ കഴിയവേയാണ് മരണം സംഭവിച്ചത്.

ഫാ. സിറിയക് വാഴയിൽ 1941 സെപ്റ്റംബർ 20-ാം തീയതി പാലാ, തിടനാട് വാഴയിൽ തോമസ്, മേരി ദമ്പതികളുടെ മകനായി ജനിച്ചു. തോമസ്, ജോസഫ്, സെബാസ്റ്റ്യൻ, മറിയം, മേരി, അച്ചാമ്മ, എന്നിവരാണ് സഹോദരങ്ങൾ. തിടനാട് ഗവൺമെന്റ് സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസവും അരുവിത്തുറ സെന്റ് ജോർജ്ജ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും നേടി. പാലാ സെന്റ് തോമസ് കോളജിൽ നിന്ന് പിഡിസി പാസ്സായ ശേഷം 1957- ൽ പാലാ ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് തലശ്ശേരി രൂപതയ്ക്കുവേണ്ടി വൈദികപഠനം ആരംഭിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്ത്വശാസ്ത്ര- ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1967-ൽ ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും പൗരോഹിത്യം സ്വീകരിച്ചു.

പുല്ലൂരാംപാറ ഇടവകയിൽ സഹവികാരിയായി പൗരോഹിത്യശുശ്രൂഷയ്ക്ക് ആരംഭം കുറിച്ചു. മാനന്തവാടി രൂപതയിലുള്ള

മംഗളം ഇടവകയിലും കാഞ്ഞിരടുക്കം, താബോർ, വിമലശ്ശേരി, മലാപറമ്പ്, പേരട്ട, തേർമല, കൊട്ടോടി എന്നീ ഇടവകകളിലും വികാരിയായി സേവനമനുഷ്ഠിച്ചു. അനാരോഗ്യത്തെത്തുടർന്ന് 1993 മുതൽ കരുവഞ്ചാൽ ശാന്തിഭവൻ വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

ശാന്തനായ അജപാലകനായിരുന്നു സിറിയക് വാഴയിലച്ചൻ. കുടിയേറ്റ കർഷക സമൂഹത്തിന്റെ ആദ്യകാല പ്രതിസന്ധികളിൽ അദ്ദേഹത്തിന്റെ നേതൃത്വം അവർക്ക് ആശ്വാസം പകർന്ന് നല്കിയിട്ടുണ്ട്. ആദ്യകാല ഇടവകകളിലെല്ലാം അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിരവധി റോഡുകളും പാലങ്ങളും സ്ഥാപനങ്ങളും നിർമ്മിക്കുകയുണ്ടായി. തന്റെ നീണ്ട വിശ്രമജീവിതകാലത്തെ അദ്ദേഹം പ്രയോജനപ്രദമാക്കി മാറ്റിയത് കൊച്ച് സാഹിത്യപ്രവർത്തനങ്ങൾ വഴിയാണ്. കുട്ടികൾക്കുവേണ്ടിയുള്ള ധാരാളം കഥകളും കവിതകളും അദ്ദേഹം രചിച്ചിട്ടുണ്ട്. ഏതാനും ബാലസാഹിത്യകൃതികളും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുട്ടികളുടെ സ്വഭാവരൂപവത്ക്കരണത്തിനുതകുന്ന ചെറുകഥകൾ രചിക്കുന്നതിൽ അദ്ദേഹത്തിന് അസാമാന്യപാടവമുണ്ടായിരുന്നു. സോഫിയ ബുക്സ് പ്രസിദ്ധീകരിച്ച 'ജോർദ്ദാൻ നദി കരയുന്നു' എന്ന ചെറുകഥാ സമാഹാരം ഇതിന് ഉദാഹരണമാണ്.

ബഹുമാനപ്പെട്ട സിറിയക് വാഴയിലച്ചൻ കഴിഞ്ഞ ഏതാനും നാളുകളായി ശയ്യാവലംബിയായിരുന്നു. വിവിധരോഗങ്ങൾ അദ്ദേഹത്തെ അലട്ടിയിരുന്നു. അതിനിടയിലാണ് കോവിഡ് വൈറസ് പിടികൂടിയത്. വിദഗ്ദ ചികിത്സയ്ക്കായി കണ്ണൂർ ജിം കെയർ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരണം സംഭവിക്കുകയാണ് ചെയ്തത്.

മൃതസംസ്ക്കാരം 2021 മെയ് 14 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഫൊറോനാപള്ളി സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ കാർമ്മികത്വത്തിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടത്തി. അഭിവന്ദ്യ പിതാവും സഹായികളായ വൈദികരും പിപിഇ വസ്ത്രങ്ങളണിഞ്ഞ് നടത്തിയ മൃതസംസ്ക്കാര ശുശ്രൂഷയുടെ ഓൺലൈൻ സംപ്രേഷണത്തിൽ അനേകമാളുകൾ പങ്കാളികളായി. തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിലെ സൗമ്യനായ ജ്യേഷ്ഠ സഹോദരന് പ്രാർത്ഥനാപൂർവ്വം വിട.

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

തലശ്ശേരി അതിരൂപതാ 18-ാമത് പാസ്റ്ററൽ കൗൺസിലിന്റെ രണ്ടാമത് യോഗം 2021 മെയ്മാസം 19-ാം തീയതി ബുധനാഴ്ച രാവിലെ 10 മണിമുതൽ 12 മണിവരെ സൂം ഓൺലൈൻ മീറ്റിംഗ് വഴി നടത്തി. ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. ടോം ഓലിക്കരോട്ട് നയിച്ച പ്രാർത്ഥനാശുശ്രൂഷയോടെ യോഗം ആരംഭിച്ചു. മോൺ. അലക്സ് താരാമംഗലം സ്വാഗതം ആശംസിച്ചു. മുൻ യോഗ റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.

തുടർന്ന് നടന്ന ഉദ്ഘാടനപ്രസംഗത്തിൽ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് അടിയന്തിരപാസ്റ്ററൽ കൗൺസിൽ യോഗം ചേരുന്നതിന്റെ ആവശ്യകത എന്താണെന്ന് വിശദീകരിച്ചു. കോവിഡ് മഹാമാരി അതിവേഗം വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കേണ്ട ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കാനാണ് അജപാലന സമിതിയോഗം ചേർന്നിരിക്കുന്നത്. പരസ്നേഹപൂരിതരായി പ്രവർത്തിക്കേണ്ട സമയമാണിത്. അതിനുള്ള ഒരു കർമ്മപരിപാടിക്ക് രൂപംകൊടുക്കുകയാണ് ഈ യോഗത്തിന്റെ ലക്ഷ്യം. ഇതിനകം വിഭാവനം ചെയ്തിരിക്കുന്ന ചില പദ്ധതികൾ അഭിവന്ദ്യപിതാവ് അവതരിപ്പിച്ചു. അതിരൂപതാതലത്തിൽ ഏതാനും കാര്യങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ട്. 1) സന്ദേശഭവൻ കേന്ദ്രമാക്കി ഒരു ഹെൽപ്പ് ഡെസ്ക്ക് ആരംഭിക്കുന്നു. 2) കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ കോവിഡ് കെയർ സെന്റർ തയ്യാറായി വരുന്നു. 3) 10,000 ത്തോളം ഭക്ഷണകിറ്റുകൾ വിതരണം ചെയ്യാനുള്ള പദ്ധതി കമ്മില്ലസ് വൈദികരുടെ സഹായത്തോടെ നടപ്പിലാക്കുന്നതാണ്. ഇതോടൊപ്പം ഇടവകാതലത്തിലും ഹെൽപ്പ്ഡെസ്ക്കുകൾ ആരംഭിക്കണം. ഇടവകകളിലെ കോവിഡ് രോഗികളെ കണ്ടെത്തി അവർക്ക് മരുന്നും ഭക്ഷണവും എത്തിച്ചുകൊടുക്കാൻ സംവിധാനം ഏർപ്പെടുത്തണം. രോഗികളെ ആശുപത്രിയിൽ എത്തിക്കാൻ സഹായിക്കണം. കുടുംബത്തിൽ എല്ലാവരും കോവിഡ് ബാധിതരായിരിക്കുന്ന വീടുകളിലെ വളർത്തുമൃഗങ്ങളുടെ സംരക്ഷണത്തിന് സഹായിക്കണം. സമരിറ്റൻ സേനയെ സജീവമാക്കണം. വാക്സിനേഷൻ രജിസ്ട്രേഷനുള്ള സഹായങ്ങൾ ചെയ്യണം. കൂടുതൽ ആശയങ്ങൾ പങ്കുവയ്ക്കാൻ അംഗങ്ങളെ ക്ഷണിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു.

ഭക്ഷണകിറ്റ് വിതരണത്തെക്കുറിച്ച് ഫാ. മാത്യു ചക്യാരത്തും ഹെൽപ്പ് ലൈനെക്കുറിച്ച് ഫാ. ജേക്കബ് വെണ്ണായപ്പിള്ളിയും കരുവഞ്ചാൽ ആശുപത്രിയിൽ തയ്യാറാക്കിയിരിക്കുന്ന കൊറോണ കെയർ സെന്ററിനെക്കുറിച്ച് ഫാ. സ്കറിയ നിരപ്പേലും ഫാ. തോമസ് വടക്കേമുറിയും സംസാരിച്ചു.

തുടർന്നു നടന്ന പൊതു ചർച്ചയിൽ പ്രാദേശികമായി നടന്നുവരുന്ന കോവിഡ് ദുരിതാശ്വാസപ്രവർത്തനങ്ങളെക്കുറിച്ച് അംഗങ്ങൾ പങ്കുവച്ചു. തലശ്ശേരി ജോസ്ഗിരി ആശുപത്രി, തൊക്കിലങ്ങാടി ക്രിസ്തുരാജ ആശു

പത്രി, തളിപ്പറമ്പ് ലൂർദ്ദ് ആശുപത്രി എന്നിവയിലെ കോവിഡ് ചികിത്സാ സൗകര്യങ്ങളെക്കുറിച്ച് സി. ഡോ. ദീപ, സി. ഡോ. റീന, ഡോ. ബെനവൻ കാനാട്ട് എന്നിവർ വിശദീകരിച്ചു. അതിരൂപത വിഭാവനം ചെയ്ത ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് പൂർണ്ണപിന്തുണ അംഗങ്ങൾ പ്രഖ്യാപിച്ചു. ഡോക്ടർമാരുടെ ഒരു സമിതി രൂപീകരിച്ച് ഉപദേശങ്ങൾ തേടണമെന്ന നിർദ്ദേശമുണ്ടായി. ചികിത്സാ ചിലവുകൾ താങ്ങാൻ സാധിക്കാതെ വരുന്ന പാവപ്പെട്ടവരെ സഹായിക്കാൻ പണം കണ്ടെത്തണമെന്നും ഫണ്ട് സമാഹരണത്തിന് ഒരു കമ്മിറ്റിയെ രൂപീകരിക്കണമെന്നും അഭിപ്രായമുണ്ടായി. ഹോമിയോ മെഡിസിൻ വിതരണം ചെയ്യുന്നത് നന്നായിരിക്കുമെന്ന് യോഗാംഗങ്ങൾ നിർദ്ദേശിച്ചു. സിഎംസി സിസ്റ്റേഴ്സ് സഹായിക്കാമെന്ന് വാഗ്ദാനം ചെയ്തു.

തലശ്ശേരി അതിരൂപത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ആരംഭിക്കാൻ പോകുന്ന ഏയ്ഞ്ചൽ ഡയാലിസിസ് സഹായപദ്ധതിയെക്കുറിച്ച് മാർ ജോസഫ് പാംപ്ലാനി സംസാരിച്ചു. ഇത് ഒരു ട്രസ്റ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കരുവഞ്ചാൽ ആശുപത്രിയുടെ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിൽ ഇരുപത് ഡയാലിസിസ് മിഷനുകൾ ഉള്ള സെന്റർ ആരംഭിക്കും. ഡയാലിസിസ് സഹായഫണ്ടിലേയ്ക്ക് മാസംതോറും നിശ്ചിത തുക തരാൻ സാധിക്കുന്നവരുടെ ഒരു നെറ്റ് വർക്ക് ഫൊറോനാ തലത്തിൽ രൂപീകരിച്ച് അവരുടെ സഹായത്തോടെ ആയിരിക്കും ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നത്. ഡയാലിസിസ് മെഷീനുകൾ വാങ്ങുവാൻ സുമനസ്സുകളുടെ സഹായം ലഭിക്കുന്നുണ്ടെന്നും അഭിവന്ദ്യപിതാവ് പറഞ്ഞു.

ആരാധനാലയങ്ങൾക്ക് കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് ലഭിക്കാനുള്ള ശ്രമം നടത്തണമെന്ന് യോഗം ആവശ്യപ്പെട്ടു. മിൽമ പാൽസംഭരണം ഭാഗികമായി നിർത്തിയ സാഹചര്യത്തിൽ ക്ഷീരകർഷകരുടെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു.

ദീപിക തീവ്ര പ്രചാരണയജ്ഞത്തിന്റെ ഫലമായി വരിക്കാരിൽ വലിയ വർദ്ധനവുണ്ടായെന്നും പരസ്യവരുമാനം വർദ്ധിപ്പിക്കാൻ എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും ദീപിക കണ്ണൂർ യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സെബാസ്റ്റ്യൻ ഇടയാടിയിൽ പറഞ്ഞു.

അഭിവന്ദ്യ ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് സമാപന സന്ദേശം നല്കി. നിയമസഭയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾക്ക് അനുമോദനം അർപ്പിച്ചു. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്ക് പന്ത്രണ്ടുമണിയോടെ യോഗം അവസാനിച്ചു.

**ജോർജ് തയ്യിൽ**
സെക്രട്ടറി

**ഫാ. തോമസ് തെങ്ങുംപള്ളി**
ജനറൽ സെക്രട്ടറി

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

അതിരൂപതയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾക്ക് ബഹു. വൈദികരും സിസ്റ്റേഴ്സും പ്രധാനാധ്യാപകരും വിശ്വാസപരിശീലകരും മാതാപിതാക്കളും നൽകുന്ന നിസ്വാർത്ഥമായ സേവനങ്ങൾക്ക് നന്ദി പറയുന്നു. പുതിയ പ്രവർത്തനവർഷം കൂടുതൽ ഫലപ്രദമാക്കുവാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. വിശ്വാസപരിശീലനകേന്ദ്രവും ബഹു. വൈദികരും സിസ്റ്റേഴ്സും വിശ്വാസപരിശീലകരും മാതാപിതാക്കളും കുട്ടികളും ഒരുമനസ്സോടെ പരിശ്രമിച്ചുകൊണ്ട് തിരുസഭയുടെ ഏറ്റവും പ്രധാനപ്പെട്ട ഈ ദൗത്യം വിജയകരമാക്കാം.

## 1. നന്ദി...സ്വാഗതം

നാലു വർഷക്കാലം വിശ്വാസപരിശീലനകേന്ദ്രത്തിൽ ശുശ്രൂഷ ചെയ്ത ബഹു. സി. ടെർസിറ്റ എൻഎസ് തടിക്കടവ് കോൺവെന്റിലേക്ക് സ്ഥലം മാറുകയാണ്. സിസ്റ്ററിന്റെ സേവനം വിശ്വാസപരിശീലനകേന്ദ്ര ഓഫീസിലും ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലും വലിയ സഹായമായിരുന്നു. എല്ലാ കാര്യങ്ങളും കൃത്യതയോടെ ചെയ്യുവാൻ സമയത്തു തന്നെ മറുപടി നല്കുവാൻ സിസ്റ്റർ ആത്മാർത്ഥമായി പരിശ്രമിച്ചു. ഓഫീസിൽ വരുന്ന എല്ലാവരെയും വളരെ ഹൃദ്യമായി സിസ്റ്റർ സ്വീകരിച്ചിരുന്നു. തികഞ്ഞ അർപ്പണബോധത്തോടുകൂടി, ചിട്ടയായ പ്രവർത്തനങ്ങളിലൂടെ വിശ്വാസപരിശീലനപ്രവർത്തനങ്ങളിൽ സഹായിക്കുവാൻ സിസ്റ്ററിന് സാധിച്ചു. അതിരൂപതാ വിശ്വാസപരിശീലനകുടുംബാംഗങ്ങളുടെ ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. തടിക്കടവ് ഇടവകയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുവാൻ സിസ്റ്ററിന്റെ സാന്നിദ്ധ്യം സഹായകമാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വിശ്വാസപരിശീലനകേന്ദ്രത്തിലേയ്ക്ക് പുതുതായി വരുന്ന റോസിലിയ സിസ്റ്ററിന് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

## 2. വിശ്വാസപരിശീലന പ്രവർത്തനവർഷ ആരംഭം

2021-2022 വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ മെയ് 30 ഞായറാഴ്ച ആരംഭിച്ചു. സീറോ മലബാർ സഭയുടെ മേജർ ആർച്ചുബി

ഷപ്പ് കാർഡിനൽ ജോർജ് ആലഞ്ചേരി പുതിയ പ്രവർത്തനവർഷം ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. അതിരൂപതാതല ഉദ്ഘാടനം മാർ ജോർജ് ഞറളക്കാട്ട് പിതാവ് നിർവഹിച്ചു.

### 3. വിശ്വാസപരിശീലനം ഭവനങ്ങളിൽ

കോവിഡ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റഗുലർ സൺഡേ സ്കൂൾ ക്ലാസ്സുകൾ സാധ്യമല്ലല്ലോ. എങ്കിലും കുട്ടികളുടെ വിശ്വാസവളർച്ചയ്ക്കും ജീവിതത്തിനും അനിവാര്യമായ വിശ്വാസപരിശീലനം തുടർന്നുപോകേണ്ടതുണ്ട്. കുടുംബമാണല്ലോ "പ്രഥമ വിശ്വാസപരിശീലന കളരി." റഗുലർ സൺഡേ സ്കൂൾ ക്ലാസ്സുകൾ തുടങ്ങുന്നതുവരെ കുടുംബങ്ങൾ കേന്ദ്രീകരിച്ച് ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ആരംഭിക്കുകയാണ്.

### 4. രക്ഷയുടെ പാതയിൽ: വിശ്വാസപരിശീലനക്ലാസ്സുകൾ

2021-2022 പ്രവർത്തനവർഷത്തെ വിശ്വാസപരിശീലനക്ലാസ്സുകൾ **"രക്ഷയുടെ പാതയിൽ"** എന്ന പേരിൽ സീറോ മലബാർ മതബോധനകമ്മീഷന്റെ നേതൃത്വത്തിൽ കേരളത്തിലെ പതിമൂന്ന് രൂപതകൾ ചേർന്നാണ് തയ്യാറാക്കുന്നത്. ക്ലാസ്സുകൾ ജൂൺ 7 തിങ്കളാഴ്ച മുതൽ ആരംഭിക്കും. ബൈബിൾ നേഴ്സറി മുതൽ 12-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളാണ് തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ സംപ്രേഷണം ചെയ്യുന്നത്. ശാലോം, ഗുഡ് നെസ്സ്, ഷെക്കെയ്ന എന്നീ മൂന്നു ചാനലുകൾ വഴി ക്ലാസ്സുകൾ സംപ്രേഷണം ചെയ്യും. ചാനലുകൾവഴിയുള്ള ക്ലാസ്സുകളുടെ സംപ്രേഷണസമയം വാട്ട്സ്ആപ്പ് ഗ്രൂപ്പ് വഴി അറിയിക്കുന്നതാണ്.

#### പ്രത്യേക നിർദ്ദേശങ്ങൾ

a. ജൂൺ 6-ന് മുമ്പായി പ്രൊമോഷൻ ലിസ്റ്റ് തയ്യാറാക്കി കുട്ടികളെ അറിയിക്കുക. ഓൺലൈനായി റിസൽട്ട് പ്രസിദ്ധിക്കരിക്കുക.

b. ക്ലാസ്സ് ഫിക്സേഷൻ ജൂൺ 6-ന് മുമ്പ് നടത്തുക. പഠനക്ലാസ്സുകൾ, അറിയിപ്പുകൾ മുതലായവ ഗ്രൂപ്പിലേയ്ക്ക് അയച്ചുകൊടുക്കുക.

c. വിശ്വാസപരിശീലകർക്ക് വാട്സ് ആപ്പ് ഗ്രൂപ്പുവഴി പഠനക്ലാസ്സുകളുടെ വീഡിയോയും മറ്റ് അറിയിപ്പുകളും നൽകുന്നതാണ്.

d. ജൂൺ 6-ന് മുമ്പായി ഒന്നാം ക്ലാസ്സിലേക്കുള്ള അഡ്മിഷൻ നടത്തുക. (ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക).

e. വിശ്വാസപരിശീലകരും കുട്ടികളും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ യൂട്യൂബ് ചാനൽ (Ctechesis Thalassery) സബ്സ്ക്രൈബ് ചെയ്യുക

f. മാസത്തിൽ ഒരു ഞായറാഴ്ച ഗൂഗിൾ മീറ്റ് വഴിയോ, സൂം കോൺഫറൻസ് വഴിയോ അധ്യാപകർ കുട്ടികൾക്ക് ക്ലാസ്സുകൾ നല്കുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്യുക.

g. ഓരോ ആഴ്ചയിലെയും ക്ലാസ്സുകളിൽ കുട്ടികളുടെ പങ്കാളിത്തം, ക്ലാസ്സ് നോട്ടുകൾ തയ്യാറാക്കുന്നത് മുതലായവ ശ്രദ്ധിച്ച് അധ്യാപകർ പ്രത്യേകം നോട്ട് തയ്യാറാക്കുക. കുട്ടികളുടെ സഹകരണം ഹാൻഡ് ബുക്കിൽ രേഖപ്പെടുത്തുക.

## 5. സ്റ്റാഫ് മീറ്റിംഗ്

സൺഡേ സ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഓൺലൈനായി സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ നടത്തി പുതിയ അദ്ധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം. ക്ലാസ്സുകളെല്ലാം ഓൺലൈനായി നൽകുന്നതിനാൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരു വിശ്വാസപരിശീലകനെ/വിശ്വാസപരിശീലകയെ ഓൺലൈൻ ക്ലാസ്സുകളുടെ ഉത്തരവാദിത്വം ഏൽപ്പിക്കണം.

## 6. ഫൊറോന കമ്മിറ്റി

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഓൺലൈനായി ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 7. പാഠപുസ്തക വിതരണം

കുട്ടികളുടെ പ്രൊമോഷൻ ലിസ്റ്റും ക്ലാസ്സ് ഫിക്സേഷനും പെട്ടെന്ന് തന്നെ പൂർത്തിയാക്കിയതിനുശേഷം കുട്ടികളെ ഫോൺ വിളിച്ചോ, വാട്സ് ആപ്പ് ഗ്രൂപ്പു വഴിയോ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. കോവിഡിന്റെ നിയന്ത്രണങ്ങൾ മാറിക്കഴിയുമ്പോൾ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതാണ്.

NB: 1. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഓരോ ഇടവകയ്ക്കും പ്രത്യേകമായി പാഠപുസ്തകങ്ങൾ ഓഫീസിൽ നിന്ന് നൽകുന്നതല്ല. ഫൊറോന പ്രസിഡന്റും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

2. നാലാം ക്ലാസ്സിലെ കുട്ടികളെ പ്രഥമദിവ്യകാരുണ്യസ്വീകരണത്തിന് സഹായിക്കുന്ന "ജീവന്റെ അപ്പം" എന്ന പുസ്തകവും അന്നേദിവസം വിതരണം ചെയ്യുന്നതാണ്.

3. ഉപപാഠപുസ്തകങ്ങൾ പിന്നീട് ഫൊറോനകേന്ദ്രത്തിൽ എത്തിച്ചു തരുന്നതായിരിക്കും.

## 8. പാഠപുസ്തകങ്ങളുടെ വില

| പാഠപുസ്തകം | | ഉപപാഠപുസ്തകം | |
|---|---|---|---|
| ക്ലാസ്സ് I - IV | : 30 രൂപ | ക്ലാസ്സ് I -V | : 25 രൂപ |
| ക്ലാസ്സ് V - XII | : 35 രൂപ | ക്ലാസ്സ് VI, VII, IX | : 17 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 45 രൂപ | ക്ലാസ്സ് VIII, X, XII | : 25 രൂപ |
| ജീവന്റെ അപ്പം | : 45 രൂപ | | |

## 9. ASPCT – പഠനപുസ്തകം

വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ഈ വർഷം പഠിക്കുവാൻ തയ്യാറാക്കിയിരിക്കുന്നത് ബഹു. മൈക്കിൾ കാരിമറ്റം അച്ചൻ രചിച്ച **" ആരാണ് നിങ്ങളുടെ ദൈവം"** എന്ന പുസ്തകമാണ്. 160 രൂപയാണ് പുസ്തകത്തിന്റെ വില. വിശ്വാസപരിശീലകർക്ക് 100 രൂപയ്ക്ക് പുസ്തകം ലഭ്യമാണ്. എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും ഈ പുസ്തകം പഠിക്കേണ്ടതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 10. "സ്നേഹവീട്" ഭവന പദ്ധതി

സ്നേഹവീട് ഭവനപദ്ധതിയിലേയ്ക്ക് എല്ലാ സൺഡേസ്കൂളുകളും സഹകരിക്കാമെന്ന് അറിയിച്ചിരുന്നല്ലോ. ജൂൺമാസത്തിൽ തന്നെ സമാഹരിക്കുന്ന തുക വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യണം.

**a. അപേക്ഷകൾ:** സ്നേഹവീട് ഭവനപദ്ധതിയിലേക്ക് പരിഗണിക്കേണ്ട അധ്യാപകകുടുംബം ഉണ്ടെങ്കിൽ അവർ അപേക്ഷ എഴുതി ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ബഹു. വികാരിയച്ചന്റെ ശുപാർശ കത്തോടുകൂടി ജൂൺ 30-നുള്ളിൽ ഓഫീസിൽ കിട്ടത്തക്കവിധം കത്ത് അയയ്ക്കണം.

**b. സംഭാവന നൽകിയ സൺഡേ സ്കൂളുകൾ:** താഴെകൊടുത്തിരിക്കുന്ന സൺഡേ സ്കൂളുകൾ സ്നേഹവീട് ഭവനപദ്ധതിയിലേക്ക് സംഭാവന നൽകിയിട്ടുണ്ട്. സഹകരിച്ച എല്ലാവർക്കും നന്ദി.

| | | | | | |
|---|---|---|---|---|---|
| ചായോത്ത് | - 10000.00 | പാലത്തുംകടവ് | - 5000.00 | കാഞ്ഞങ്ങാട് | - 21500.00 |
| കൊന്നക്കാട് | - 5000.00 | വിളക്കന്നൂർ | - 14000.00 | വെമ്പുവ | - 10000.00 |
| ബളാൽ | - 4200.00 | പടുപ്പ് | - 13500.00 | മാനടുക്കം | - 5000.00 |
| കോളയാട് | - 10000.00 | പരിയാരം | - 10500.00 | മാടത്തിൽ | - 10000.00 |
| കൊട്ടൂർവയൽ | - 3000.00 | എണ്ണപ്പാറ | - 11000.00 | ഏറ്റുപാറ | - 3300.00 |

| | | | | | |
|---|---|---|---|---|---|
| പച്ചാണി | - 5000.00 | നെല്ലിയടുക്കം | - 5000.00 | ചാവറഗിരി | - 8700.00 |
| മാങ്ങോട് | - 10000.00 | മാട്ടറ | - 5000.00 | | |

## 11. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2020-2021 പ്രവർത്തനവർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട തുകകൾ കുറച്ച് സൺഡേസ്കൂളുകൾക്കൂടി നല്കേണ്ടതായിട്ടുണ്ട്. അവർ എത്രയുംപെട്ടെന്നുതന്നെ തുകകൾ അടച്ച് സഹകരിക്കുമല്ലോ. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 12. ഡിപ്ലോമ: സേ പരീക്ഷ

2021 ഫെബ്രുവരി 7-ന് നടത്തിയ ഡിപ്ലോമ പരീക്ഷയിൽ പരാജിതരായ കുട്ടികൾക്കും പരീക്ഷയിൽ പങ്കെടുക്കാൻ പറ്റാതെപോയ കുട്ടികൾക്കും വേണ്ടി മെയ് 29, 30 തീയതികളിൽ വാചികപരീക്ഷ നടത്തി. 136 കുട്ടികൾ പരീക്ഷയിൽ പങ്കെടുത്തു. പരീക്ഷ നടത്തുവാൻ സഹകരിച്ച എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

## 13. *സ്പെരാൻസ* ധ്യാനം

2021-2022 പ്രവർത്തനവർഷത്തിന് ഒരുക്കമായി മെയ് 20 മുതൽ 23 വരെയുള്ള തീയതികളിൽ കുട്ടികൾക്ക് *സ്പെരാൻസ* (പ്രത്യാശ) എന്ന പേരിൽ ധ്യാനം നടത്തി. കുട്ടികളെ ക്ലാസ്സടിസ്ഥാനത്തിൽ നാല് ഗ്രൂപ്പുകളായി തിരിച്ചുള്ള ധ്യാനത്തിന് വളരെ നല്ല സഹകരണം ലഭിച്ചു. ധ്യാനത്തിന് നേതൃത്വം നല്കിയ ബഹു. ടോം ഓലിക്കരോട്ട് അച്ചനും നെല്ലിക്കുറ്റി സീയോൻ ധ്യാനകേന്ദ്രത്തിലെ സിസ്റ്റേഴ്സിനും ക്രിസ്റ്റീൻ ടീം അംഗങ്ങൾക്കും നന്ദി.

## 14. സാന്ത്വനം കൗൺസിലിംഗ്

പുതിയ പ്രവർത്തനവർഷത്തിന് ഒരുക്കമായി മെയ് 20 മുതൽ 31 വരെയുള്ള തീയതികളിൽ സൺഡേസ്കൂളിൽ പഠിക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കുമായി സാന്ത്വനം എന്ന പേരിൽ ഓൺ കൗൺസിലിംഗ് സൗകര്യം ക്രമപ്പെടുത്തി. വളരെയധികം കുട്ടികളും മാതാപിതാക്കളും ഈ സൗകര്യം പ്രയോജനപ്പെടുത്തി. കൗൺസിലിംഗിനായ് 25 അംഗ ടീമിനെ ക്രമപ്പെടുത്തിയിരുന്നു. കൗൺസിലിംഗിന് സഹായിച്ച സെബാൻ ചെരിപുറത്തച്ചനും, മാത്യു അരീപ്ലാക്കലച്ചനും, എസ്എച്ച്, എംഎസ്എംഐ, എസ്എബിഎസ്, സിഎംസി എന്നീ സന്ന്യാസസമൂഹങ്ങളിലെ ബഹു. സിസ്റ്റേഴ്സിനും വിശ്വാസപരിശീലനകേന്ദ്രത്തിന്റെ നന്ദി.

## 15. Counseling for Differently Abled (Deaf)

Differently Abled (Deaf) ആയിട്ടുള്ളവർക്ക് മെയ് 23 മുതൽ 31 വരെയുള്ള തീയതികളിൽ കൗൺസിലിംഗ് സൗകര്യം ക്രമീകരിച്ചു. കൗൺസിലിംഗിന് സഹായിച്ച ബഹു. ജോർജ് കളരിമുറിയിൽ അച്ചന് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 16. അവാർഡ് ജേതാവിന് നന്ദി

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത ഭാരവാഹിയായിരിക്കെ മരണമടഞ്ഞ ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കലിന്റെ സ്മരണാർത്ഥം മികച്ച പ്രേഷിതപ്രവർത്തനം കാഴ്ചവയ്ക്കുന്ന ചെറുപുഷ്പ മിഷൻലീഗ് മേഖലാ പ്രസിഡന്റുമാർക്ക് നല്കുന്ന പ്രേഷിത അവാർഡിന് വരക്കാട് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ഷിജോ സ്രായിൽ സാർ അർഹനായി. പ്രിയപ്പെട്ട ഷിജോ സാറിന് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ!!!

## 17. പ്രധാനാധ്യാപകരുടെ മീറ്റിംഗ് – നന്ദി

മെയ് 11, 19 തീയതികളിൽ പ്രധാനാധ്യാപകരുടെ മീറ്റിംഗ് സൂം പ്ലാറ്റ്ഫോംവഴി ഓൺലൈനായി നടത്തി. മീറ്റിംഗിൽ പുതിയ പ്രവർത്തന വർഷത്തെക്കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്തു. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

## 18. ആമുഖ സെമിനാർ

എല്ലാവർഷവും തുടക്കകാരായ വിശ്വാസപരിശീലകർക്കുവേണ്ടി അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം ആമുഖസെമിനാർ സംഘടിപ്പിച്ചിരുന്നു. ഈവർഷം ആമുഖ സെമിനാർ സംഘടിപ്പിക്കുന്നത് സീറോ മലബാർ മതബോധന കമ്മീഷനാണ്. പങ്കെടുക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റും കമ്മീഷൻ നല്കുന്നതാണ്. ജൂൺ 1 മുതൽ ജൂലൈ 6 വരെയുള്ള തീയതികളിൽ 18 വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകളാണ് നല്കുന്നത്. തുടക്കകാർക്കും താല്പര്യമുള്ള വിശ്വാസപരിശീലകർക്കും ഈ കോഴ്സിൽ പങ്കുചേരാവുന്നതാണ്.

## 19. മതാധ്യാപനം സഭയിലെ അല്മായ ശുശ്രൂഷ

മതാധ്യാപകരുടെ ശുശ്രൂഷയെ സഭയിലെ അല്മായരുടെ ഔദ്യോഗികമായ ദൗത്യമായി ഉയർത്തിക്കൊണ്ട് ഫ്രാൻസീസ് മാർപാപ്പ അപ്പസ്തോലിക സന്ദേശം പുറപ്പെടുവിച്ചു. "അന്റിക്കും മിനിസ്തേരിയും" എന്ന പേരിൽ മെയ് 10-ന് ഒപ്പുവച്ച സന്ദേശം എട്ട് ഭാഷകളിൽ പ്രസിദ്ധീകരിച്ചു.

മതാധ്യാപനത്തെ പുതിയൊരു അല്മായ ശുശ്രൂഷയായി സ്ഥാപിക്കുന്നതുവഴി ഓരോ ക്രൈസ്തവന്റെയും പ്രേഷിതദൗത്യം മാർപാപ്പ അടിവര

യിട്ടു ഉറപ്പിക്കുന്നു. മതാധ്യാപകരുടെ തിരഞ്ഞെടുപ്പും പരിശീലനവും സംബന്ധിച്ച കാര്യങ്ങൾ അതതുരാജ്യങ്ങളിലെ മെത്രാൻസമിതികളാണ് നിശ്ചയിക്കേണ്ടതെന്ന് മാർപാപ്പ കൂട്ടിച്ചേർത്തു.

## 20. *അന്റിക്കും മിനിസ്തേരിയും* വെബിനാർ

ഫ്രാൻസീസ് മാർപാപ്പയുടെ അപ്പസ്തോലിക ലേഖനം *"അന്റിക്കും മിനിസ്തേരിയും"* ആസ്പദമാക്കിയുള്ള വെബിനാർ തലശ്ശേരി ആൽഫാ ഇൻസ്റ്റിസ്റ്റ്യൂട്ടും സീറോ മലബാർ വിശ്വാസപരിശീന കമ്മീഷനും സംയുക്തമായി നടത്തി. വെബിനാറിൽ നമ്മുടെ അറുനൂറോളം വിശ്വാസപരിശീലകർ പങ്കെടുത്തു.

## 21. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

## സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 75% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3.സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ജൂൺ 15-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 22. ജൂബിലി

മതാധ്യാപനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ജൂൺ 15-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 23. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ച്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് വിശ്വാസപരിശീലന കേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടികളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ജൂൺ 15-ന് മുൻപായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 24. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്ക്

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേ സ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ജൂൺ 15-ന് മുൻപായി ഓഫീസിൽ എത്തിക്കുമല്ലോ.

## 25. Catechisis Thalassery - മൊബൈൽ ആപ്പ്

വിശ്വാസപരിശീലനകേന്ദ്രം Catechisis Thalassery എന്ന പേരിൽ മൊബൈൽ ആപ്പ് ആരംഭിച്ചിരിക്കുന്നു. വിശ്വാസപരിശീലനക്ലാസ്സുകൾ എല്ലാവരിലേയ്ക്കും എളുപ്പത്തിൽ എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ഈ ആപ്ലിക്കേഷൻ ആരംഭിച്ചിരിക്കുന്നത്. വിശ്വാസപരിശീലകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്കും പ്ലേസ്റ്റോറിൽ നിന്നും ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്യാവുന്നതാണ്.

വിശ്വാസപരിശീലനക്ലാസ്സുകൾ, ഉപപാഠക്ലാസ്സുകൾ, ബൈബിൾ നേഴ്സറി ക്ലാസ്സുകൾ പ്രഥമദിവ്യകാരുണ്യ സ്വീകരണ ക്ലാസ്സുകൾ, മാതാപിതാക്കൾക്കും വിശ്വാസപരിശീലകർക്കും കുട്ടികൾക്കുമുള്ള ഓറിയന്റേഷൻ ക്ലാസ്സുകൾ എന്നിവയെല്ലാം ഈ ആപ്ലിക്കേഷൻവഴി കാണാൻ സാധിക്കും. കൂടാതെ, അതിരൂപതയുടെ വെബ്സൈറ്റ്, വിശ്വാസപരിശീലനകേന്ദ്രത്തിന്റെ വെബ്സൈറ്റ്, യൂട്യൂബ് ചാനൽ എന്നിവയിലേയ്ക്കെല്ലാം ഈ ആപ്ലിക്കേഷനിലൂടെ നേരിട്ടുപ്രവേശിക്കാൻ സാധിക്കും.

## 26. ആദരാഞ്ജലികൾ

വായാട്ടുപറമ്പ് സൺഡേസ്കൂൾ വിശ്വാസപരിശീലകൻ ശ്രീ. ജോർജ് അർത്തനാക്കുന്നേൽ സാർ നിര്യാതനായി. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗം, എ.കെ.സി.സി. ഫൊറോന പ്രസിഡന്റ്, ഇടവക കൈക്കാരൻ തുടങ്ങി നിരവധി മേഖലകളിൽ സഭാ സമൂഹത്തെ ശുശ്രൂഷിച്ച വ്യക്തിയായിരുന്നു ജോർജ് സാർ. നല്ല മനുഷ്യൻ, മനുഷ്യസ്നേഹി, വിശ്വാസി, സഭാ-സമുദായ സ്നേഹി.... എല്ലാമായിരുന്നു ജോർജ് സാർ. സാറിന്റെ വേർപാടിൽ ദുഃഖിതരായിരിക്കുന്ന കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ പ്രാർത്ഥനയും അനുശോചനവും അറിയിക്കുന്നു.

സ്നേഹത്തോടെ,

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ

# ബൈബിൾ അപ്പൊസ്തോലേറ്റ് & ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

ഇടവകകൾക്കുള്ള സബ്സിഡി ബൈബിളുകൾ വിതരണത്തിനു തയ്യാറായി ഓഫീസിൽ എത്തിയിട്ടുണ്ട്. 135 രൂപാ നിരക്കിൽ ഒരു ഇടവകയ്ക്ക് 10 സബ്സിഡി ബൈബിളുകളാണ് ലഭിയ്ക്കുന്നത്.

## തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ

2021 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 1 മുതൽ ആരംഭിച്ചു. ബഹു വികാരിയച്ചന്മാർ ഇടവകയിൽ ദൈവശാസ്ത്രം പഠിക്കാൻ ആഗ്രഹിക്കുന്നവരെ ഈ വിവരം അറിയിച്ച് അഡ്മിഷൻ എടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

## തിയോളജി കോഴ്സുകൾ

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

## പ്രത്യേകതകൾ

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാവിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- കോവിഡ് വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമൂഹ്യ അകലം പാലിക്കുക എന്നത് അത്യാവശ്യമായതിനാൽ ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിൽ ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത് Zoom or Google Meet Platforms ലാണ്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. **Website: www.alphathalassery.org.** കൂടുതൽ വിവരങ്ങൾക്ക്: Email - alphits@gmail.com, Ph: 9745363277, 8086312826.

## ബഹു. വൈദികർക്കായുള്ള എം.റ്റി.എച്ച് പ്രോഗ്രാം ആരംഭിക്കുന്നു

ബഹു. വൈദികർക്കായുള്ള ദൈവശാസ്ത്ര ബിരുദാനന്തരബിരുദ കോഴ്സ് (MTh) ആരംഭിക്കുന്നു. നിലവിലുള്ള അജപാലന പ്രവർത്തനങ്ങളെ ബാധിക്കാത്തവിധം ഓൺലൈൻ വഴി കോഴ്സിൽ പങ്കെടുക്കാവുന്നതാണ്. താൽപര്യമുള്ളവർ ആൽഫാ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ബിബ്ലിക്കൽ തിയോളജി, മോറൽ തിയോളജി എന്നീ ഡിസിപ്ലിനുകളിലാണ് കോഴ്സ് ഓഫർ ചെയ്യുന്നത്. 2021 ജൂൺ മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നു.

## തീസിസ് സമർപ്പണം മെയ് 30 വരെ

അവസാന വർഷ ബിരുദ, ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾ തീസിസ് മെയ് മാസം 30 ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. മെയ് 30 ന് ശേഷം ലഭിക്കുന്ന തീസിസുകൾ ഈ വർഷത്തെ ബിരുദദാന ചടങ്ങിലേക്ക് പരിഗണിക്കുന്നതല്ല.

## എവൻഗേലിയ

പ്രശസ്ത ബൈബിൾ പണ്ഡിതനും ധ്യാനഗുരുവുമായ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ നടത്തുന്ന വചനപഠന ധ്യാനം 'എവൻഗേലിയ' 2021 ജൂൺ മുതൽ ആരംഭിക്കുന്നു. വി. ഗ്രന്ഥത്തെ ആഴമായി പഠിക്കാൻ ആഗ്രഹിക്കുന്ന വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, അത്മായ ധ്യാനശുശ്രൂഷകർ എന്നിവർക്ക് ഉപകരിക്കുംവിധമാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. 4 ദിവസം ദൈർഘ്യമുള്ള ധ്യാനത്തിൽ വി. ഗ്രന്ഥത്തിലെ ഓരോ പുസ്തകത്തെയും സവിശേഷമായും സമഗ്രമായും പഠനവിധേയമാക്കുന്നു. ഓരോ മാസത്തിലെയും അവസാന ആഴ്ചയായിരിക്കും ധ്യാനം നടത്തപ്പെടുന്നത്. 4 ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിന്റെ ഫീസ് 800 രൂപയായിരിക്കും. തലശ്ശേരി സന്ദേശവനിൽവച്ചായിരിക്കും ധ്യാനം നടത്തപ്പെടുന്നത്. ഒരു ബാച്ചിൽ പരമാവധി 50 പേർക്കാണ് പ്രവേശനം ലഭിക്കുക. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 9745363277, 8086312826 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഹോമിലി റൈറ്റിംഗ് കോമ്പറ്റീഷൻ

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ വൈദികർക്കായി സുവി

ശേഷ പ്രസംഗ രചനാ മത്സരം നടത്തുന്നു. വി. യോഹന്നാന്റെ സുവിശേഷം 2:13-22 (ദേവാലയ ശുദ്ധീകരണം) ഭാഗത്തെ അടിസ്ഥാനമാക്കിയായിരിക്കും പ്രസംഗരചനാ മത്സരം നടത്തുന്നത്. A4 സൈസ് പേപ്പറിൽ 3 പേജിൽ (Printed) കവിയാത്ത രീതിയിലായിരിക്കണം പ്രസംഗം തയ്യാറാക്കേണ്ടത്. വചനഭാഗത്തിന്റെ വ്യാഖ്യാനം, വിശകലനം, സമകാലിക സംഭവങ്ങളുമായുള്ള ബന്ധിപ്പിക്കൽ, ഭാഷാ ശൈലി എന്നിവയായിരിക്കും മത്സരത്തിൽ പ്രത്യേകമായി പരിഗണിക്കുന്നത്. മലയാള ഭാഷയിലാണ് രചനകൾ അയയ്ക്കേണ്ടത്. പ്രായഭേദമന്യേ എല്ലാ വൈദികർക്കും പ്രസംഗ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

**രചനകൾ 2021 ജൂൺ 20 ന് മുമ്പായി** തലശ്ശേരി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിക്കേണ്ടതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ - 9745363277, 8086312826 എന്ന നമ്പറുകളിൽ മെസ്സേജ് അയച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഒന്നാം സമ്മാനം - 10000 രൂപ + ബൈബിൾ ശബ്ദകോശം
രണ്ടാം സമ്മാനം - 5000 രൂപ + ബൈബിൾ ശബ്ദകോശം

ആദ്യ 5 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്. 2021 ദുക്റാന തിരുനാളിൽ റിസൾട്ടു പ്രസിദ്ധീകരിക്കുന്നതാണ്.

## ലോഗോസ് ക്വിസ് പഠനസഹായി

2021 ഓഗസ്റ്റിൽ നടത്തുന്ന ലോഗോസ് ക്വിസ്മത്സരത്തിനുള്ള പഠനസഹായി ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ ലഭ്യമാണ്. ക്വിസിന് വരുന്ന വി. ഗ്രന്ഥഭാഗങ്ങളിൽ നിന്നുള്ള മൂവായിരത്തോളം ചോദ്യങ്ങളും മാതൃകാ ചോദ്യങ്ങളുമായി പ്രസാധനം ചെയ്യുന്ന പഠനസഹായി പരീക്ഷാർത്ഥികൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. വിശദവിവരങ്ങൾക്കും ഓർഡർ നൽകുന്നതിനുമായി ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓഫീസുമായി ബന്ധപ്പെടുക (ഫോൺ: 8086312826).

## ജർമ്മൻ ഭാഷാ പഠന ക്ലാസ്സ് (A1) ജൂൺ മാസത്തിൽ ആരംഭിക്കും

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറിൻ ലാംഗ്വേജസിന്റെ ആഭിമുഖ്യൽ നടത്തപ്പെടുന്ന ജർമ്മൻ ഭാഷാപഠന ക്ലാസ്സിന്റെ അടുത്ത ബാച്ച് (A1) ജൂൺ 1 മുതൽ ആരംഭിക്കുന്നു. ഒരു ബാച്ചിൽ പരമാവധി 25 പേർക്കു മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് നേരത്തെ സീറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ് (നമ്പർ: 9400062899).

## ആന്റിക്കും മിനിസ്തേരിയും – വെബിനാർ

വിശ്വാസപരിശീലന ശുശ്രൂഷയുടെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ടും, മതബോധനത്തെ സഭയിലെ ഒരു ശുശ്രൂഷയാക്കി സ്ഥാപിച്ചുകൊണ്ടും ഫ്രാൻസിസ് പാപ്പാ പുറത്തിറക്കിയ അപ്പസ്തോലിക ലേഖനം 'ആന്റിക്കും മിനിസ്തേരിയും' വിശകലനം ചെയ്തുകൊണ്ട് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സീറോ മലബാർ വിശ്വാസപരിശീലന കമ്മീഷന്റെയും ആഭിമുഖ്യത്തിൽ മെയ് 23 ഞായറാഴ്ച വെബിനാർ സംഘടിപ്പിച്ചു. ആയിരത്തോളം പേർ പങ്കെടുക്കുന്ന വെബിനാറിൽ മതബോധന ശുശ്രൂഷയുടെ ചരിത്രത്തെ വിശകലനം ചെയ്ത് ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ടും അപ്പസ്തോലിക ലേഖനത്തെ വിശദീകരിച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനിയും വിശ്വാസപരിശീലനത്തിന്റെ ആധുനികരീതി ശാസ്ത്രങ്ങളെക്കുറിച്ച്, റവ. ഡോ. ടോം ഓലിക്കരോട്ടും ക്ലാസ്സുകൾ നയിച്ചു. റവ. ഡോ. ഫിലിപ്പ് കവിയിൽ സ്വാഗതവും റവ. ഡോ. ജേക്കബ് വെണ്ണായപ്പള്ളിൽ നന്ദിയും പ്രകാശിപ്പിച്ചു.

സ്നേഹപൂർവ്വം,

**ഫാ. ഫിലിപ്പ് കവിയിൽ**
ഡയറക്ടർ,
ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

**ഫാ. ടോം ഓലിക്കരോട്ട്**
എക്സിക്യൂട്ടീവ് ഡയറക്ടർ,
ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

# ചെറുപുഷ്പ മിഷൻലീഗ് 

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഈ മധ്യവേനലവധിക്കാലം കൊറോണ എന്ന മഹാമാരിയെ പ്രാർത്ഥനകൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും, സ്വയം ശ്രദ്ധിച്ചും നാം അതിജീവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനുവേണ്ടിയും തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം. പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിക്കുവാൻ ഒരുങ്ങുമ്പോൾ **"ജൂബിലി നിറവിൽ മുന്നേറാം പ്രേഷിതരായ്"** എന്ന 2021-2022 വർഷത്തെ ആപ്തവാക്യത്തെ ഹൃദത്തോട് ചേർത്ത് പ്രേഷിതപ്രഭാവത്തിന്റെ പുത്തൻ പ്രതീക്ഷകളെ മനസ്സിലാക്കി പ്രവർത്തിക്കുന്ന പ്രേഷിതരാകാം....അതോടൊപ്പം നിരന്തരം നമ്മുടെ കൂടെ വസിക്കുന്ന കരുണാർദ്ര സ്നേഹത്തിന്റെ തണൽമരമായ ഈശോയുടെ തിരുഹൃദയത്തെ നാം വണങ്ങുന്ന ഈ മാസം ലോകംമുഴുവനും ഉള്ള എല്ലാ കുടുംബങ്ങളെയും, മിഷനറിമാരെയും അവിടുത്തെ കരുണയിലും സ്നേഹാഗ്നിയിലും അഭിഷേകം ചെയ്ത് മഹത്വപൂർണ്ണമാക്കണമേ എന്ന് പ്രാർത്ഥിക്കാം. ഈ പുതുവർഷത്തിൽ സ്നേഹത്തോടെ, ത്യാഗത്തോടെ നമുക്ക് സേവന നിരതരാകാം...സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

| | | |
|---|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : | ഈശോയുടെ തിരുഹൃദയതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : | വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : | നവാഗതരായ വിദ്യാർത്ഥികൾക്കു വേണ്ടി |
| സുകൃതംജപം | : | ഈശോയുടെ തിരുഹൃദയമേ എന്നെ അനുഗ്രഹിക്കണമേ |

## 1. ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 03 വ്യാഴം | : | പരി.കുർബാനയുടെ തിരുനാൾ |
| 05 ശനി | : | ലോക പരിസ്ഥിതിദിനാചരണം |
| 06 ഞായർ | : | അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും |
| 08 ചൊവ്വ | : | വി. മറിയംത്രേസ്യായുടെ തിരുനാൾ |
| 11 വെള്ളി | : | തിരുഹൃദയതിരുനാൾ |
| 12 ശനി | : | മാതാവിന്റെ വിമലഹൃദയതിരുനാൾ |
| 13 ഞായർ | : | ശാഖാതല പ്രവർത്തന വർഷം ആരംഭിക്കുന്നു, പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ |
| 16 ബുധൻ | : | പിതൃദിനം |
| 23 ബുധൻ | : | മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം |

29 തിങ്കൾ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, പ്രവർത്തനവർഷ ഉദ്ഘാടനം, പ്രവർത്തന മാർഗ്ഗരേഖ, ബഡ്ജറ്റ് അവതരിപ്പിക്കുക. ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ജൂൺ 10 നുള്ളിൽ അതിരൂപതയിൽ എത്തിക്കുക.

## 3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

2020 - 21 പ്രവർത്തന വർഷം അവസാനിക്കുന്നതിനാലും പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റം ഉള്ളതിനാലും മിഷൻലീഗിന്റെയും, തിരുബാലസഖ്യത്തിന്റെയും ഇതുവരെയുള്ള എല്ലാ റിക്കാർഡുകളും എഴുതി പൂർത്തിയാക്കി വയ്ക്കണമെന്നും കുടിശ്ശികകൾ അടയ്ക്കാനുള്ളത് അടച്ച് തീർക്കണമെന്നും ഓർമ്മിപ്പിക്കുന്നു. അതോടൊപ്പം ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5ന് അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ. വാർഷിക റിപ്പോർട്ട് ഫോം, 2020 -2021 വർഷത്തെ ശാഖാ പ്രതിമാസ റിപ്പോർട്ട് ഫോം, മേഖലാ പ്രതിമാസ റിപ്പോർട്ട് ഫോം അതിരൂപത സി എം എൽ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## 4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്

2020-21 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10 ന് മുമ്പായി അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 5. മേഖലാ ഇലക്ഷൻ

ചെറുപുഷ്പ മിഷൻലീഗിന്റെ 2021 - 2023 വർഷത്തേക്കുള്ള ശാഖാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഇപ്പോൾ നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ പുതിയ ഭരണസമിതി ചാർജ്ജ് എടുക്കുന്നതുവരെ ഇപ്പോൾ നിലവിൽ ഉള്ള ഭരണസമിതി തന്നെയാണ് മേഖലയുടെ ഉത്തരവാദിത്വം നിർവഹിക്കേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

### 6. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉത്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് 2021 - 2022 പ്രവർത്തന വർഷ ഉത്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 6 ഞായറാഴ്ച അഭിവന്ദ്യ പിതാക്കൻമാർ നിർവഹിക്കുന്നതായിരുക്കും ഉത്ഘാടനകർമ്മങ്ങളും മാർഗ്ഗരേഖാ പ്രകാശനവും ഇതര പരിപാടികളും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

### 7. ശാഖാതല പ്രവർത്തനവർഷ ഉത്ഘാടനം

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉത്ഘാടനം സൺഡേ സ്കൂൾ ആരംഭിക്കുന്ന ദിവസമോ, അല്ലെങ്കിൽ തുടർന്നുവരുന്ന അടുത്ത ഞായറാഴ്ചയോ നടത്തുക.

### 8. സമർപ്പണ ഫണ്ട്

പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണ ഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

### 9. ഉപരിപഠന സ്കോളർഷിപ്പ്

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 10-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ.

### 10. അംഗത്വസ്വീകരണം

സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോ തൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജുലൈ 30 നുള്ളിൽ കഴിഞ്ഞവർഷത്തെതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

### 11. ഹൃദയം നിറഞ്ഞ നന്ദി

വ്യത്യസ്ഥങ്ങളായ ആശയങ്ങളും പ്രവർത്തന ശൈലിയുംകൊണ്ട് വിവിധ ഫൊറോനകളിൽ മിഷൻലീഗ് മേഖലാ ഡയറക്ടർ വൈസ് ഡയറക്ടർ എന്നീ നിലകളിൽ തങ്ങളെ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ കൃത്യനിഷ്ഠതയോടും, ആത്മാർത്ഥതയോടും, തീക്ഷ്ണതയോടും, സേവന സന്നദ്ധതയോടുംകൂടി പൂർത്തിയാക്കി പുതിയ ഇടവകകളിലേക്ക് സ്ഥലംമാറിപ്പോകുന്ന ഫാ. തോമസ് ചക്കിട്ടമുറിയിൽ, ഫാ. മാത്യു കാരിക്കൽ, ഫാ. പോൾ കണ്ടത്തിൽ, ഫാ. മാത്യു ഓലിക്കൽ, ഫാ. മാത്യു വെട്ടുവയലിൽ, സി. ലിസി

ജോസ് SCV, സി. ദീപ്തി എംഎസ്എംഐ എന്നിവർക്ക് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും...

## 12. ഗുരുമൊഴി

10.05.21, 12.05.21, 17.05.21, 21.05.21 എന്നീ തിയതികളിൽ ആലക്കോട്, കുന്നോത്ത്, എടൂർ, കാഞ്ഞങ്ങാട് എന്നീ മേഖലകളിലെ കുട്ടികളുമായി ഗുരുമൊഴി എന്ന പേരിൽ അഭിവന്ദ്യ പാംപ്ലാനി പിതാവുമായി അഭിമുഖം നടന്നു. അഭിമുഖത്തിൽ പങ്കെടുത്ത എല്ലാ മേഖലകളിലെയും കൊച്ചുകൂട്ടുകാർക്കും, അവരെ അതിനായി ഒരുക്കിയ ഡയറക്ടേഴ്സ് അച്ചൻമാർക്കും വൈസ് ഡയറക്ടേഴ്സിനും മതാധ്യാപകർക്കും മേഖലാ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. അതോടൊപ്പം കുട്ടികളുടെ സംശയങ്ങൾക്ക് വ്യക്തമായി ഉത്തരം നൽകിയ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 13. അതിരൂപതാ കൗൺസിൽ

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ 61-ാം കൗൺസിൽ 08.05.2021 ശനിയാഴ്ച Zoom ലൂടെ നടന്നു. കൗൺസിൽ സമ്മേളനം തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ. സുനിൽ കല്ലിടുക്കിൽ അധ്യക്ഷത വഹിച്ചു. 2019-2020 വർഷത്തെ പ്രവർത്തനറിപ്പോർട്ടും കണക്കും അതിരൂപതാ സെക്രട്ടറി ശ്രീ. ജെയ്സൺ പുളിച്ചുമാക്കൽ സമ്മേളനത്തിൽ അവതരിപ്പിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിനു മാങ്കൂട്ടം മുഖ്യപ്രഭാഷണം നടത്തി. കുന്നോത്ത് മേഖലാ ഡയറക്ടർ ഫാ. മാത്യു നരിക്കുഴി, ജിയന്ന മണ്ണനാൽ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. വായാട്ടുപറമ്പ് ശാഖയിലെ ടാനിയ മേലുക്കുന്നേൽ സംഗീതം ആലപിച്ചു. കൗൺസിൽ സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ. സുനിൽ ചെന്നിക്കര നന്ദിയും പറഞ്ഞു. കൗൺസിലിൽ പങ്കെടുത്ത എല്ലാ ശാഖാ - മേഖലാ ഡയറക്ടർ അച്ചൻമാർക്കും വൈസ് ഡയറക്ടേഴ്സിനും ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 14. അതിരൂപതാ വാർഷികം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപതാ 61-ാം വാർഷികം 22.05.2021 ശനിയാഴ്ച Zoom ലൂടെ നടന്നു. വാർഷിക സമ്മേളനം തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ശ്രീ സുനിൽ കല്ലിടുക്കിൽ അധ്യക്ഷത വഹിച്ചു. 2019 -2020 വർഷത്തെ സംക്ഷിപ്ത പ്രവർത്തനറിപ്പോർട്ട് അതിരൂപതാ സെക്രട്ടറി ശ്രീ ജെയ്സൺ പുളിച്ചുമാക്കൽ സമ്മേളനത്തിൽ അവതരിപ്പിച്ചു. സംസ്ഥാന ഡയറക്ടർ ഫാ. ജോബി പുച്ചുകണ്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. ശ്രീ ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ജേതാവ്

ശ്രീ. ഷിജോ സ്രായിലിനെ തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോർജ്ജ് ഞറളക്കാട്ട് ആദരിച്ചു. അതിരൂപതാ മുൻ ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ, മലബാർ റീജണൽ ഓർഗനൈസർ ശ്രീ. ബേബി പ്ലാശ്ശേരി, കുന്നോത്ത് മേഖലാ പ്രസിഡന്റ് സജി കുളങ്ങരമുറിയിൽ, അതിരൂപതാ ജൂണിയർ പ്രസിഡന്റ് അമൽ സജി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ആലക്കോട് ശാഖയിലെ വർഗീസ് മാന്താനത്ത് സംഗീതം ആലപിച്ചു. വിമലശ്ശേരി ശാഖയിലെ കുട്ടികളുടെ രംഗപൂജയോടെ ആരംഭിച്ച വാർഷിക സമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സ്വാഗതവും അതിരൂപതാ ജനറൽ ഓർഗനൈസർ ശ്രീ സുനിൽ ചെന്നിക്കര നന്ദിയും പറഞ്ഞു. വാർഷികത്തിൽ പങ്കെടുത്ത എല്ലാ ശാഖാ - മേഖലാ ഡയറക്ടർ അച്ചൻമാർക്കും വൈസ് ഡയറക്ടേഴ്സിനും ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## 15. ശാഖാ സന്ദർശനങ്ങൾ

കീഴ്പ്പള്ളി, പടിമരുത്, കൊട്ടോടി, കനീലടുക്കം, കരിവേടകം, പടുപ്പ്, മാനടുക്കം, അടോട്ടുകയ, പെരുമ്പുന്ന, മേൽമുരിങ്ങോടി, കോളയാട്, പടന്നക്കാട്, പെരിയ, പൊയ്നാച്ചി, നിർമ്മലഗിരി, മഞ്ഞളാംപുറം, കോട്ടൂർ വയൽ, കോട്ടൂർ, ശ്രീകണ്ഠാപുരം, ചേപ്പറമ്പ്, കരയത്തുംചാൽ, വെണ്ണക്കല്ല്, വിളക്കന്നൂർ, പേരാവൂർ, കാഞ്ഞങ്ങാട്, ബദിയഡുക്ക, ഹൊസങ്കടി, കാലിച്ചാനടുക്കം, പൂളക്കുറ്റി, തടിക്കടവ്, കരുണാപുരം, കാർത്തികപുരം എന്നീ ശാഖകൾ അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

## 16. Prayer Chain (ആത്മീയ സംഗമം)

ലോകം മുഴുവൻ മഹാമാരിയുടെ പിടിയിൽ ആയിരിക്കുമ്പോൾ പ്രാർത്ഥനയാകുന്ന ആയുധം ഉപയോഗിച്ച് ഒരുമയോടെ മഹാമാരിക്കെതിരെ പോരാടുന്നതിന്റെ ഭാഗമായി മെയ് 16 മുതൽ 31 വരെ, അതിരൂപതയുടെ ആഭിമുഖ്യത്തിൽ 16 ഫൊറോനകളെയും ഒരുമിപ്പിച്ച് 210 ശാഖകളിലെ കുട്ടികൾ എല്ലാ ദിവസവും രാവിലെ 8 മണി മുതൽ രാത്രി 9 മണിവരെ ഓരോ ശാഖകൾക്കും ലഭിച്ച സമയം കൃത്യമായി പാലിച്ചുകൊണ്ട് ജപമാലയും കരുണക്കൊന്തയും ദൈവവചനവായനയും നടത്തി ലോകം മുഴുവനും വേണ്ടി പ്രാർത്ഥിച്ചു. കുട്ടികൾക്ക് വേണ്ട നിർദ്ദേശം നൽകിയ എല്ലാ ശാഖാ - മേഖലാ ഡയറക്ടേഴ്സ് അച്ചൻമാർക്കും, വൈസ് ഡയറക്ടേഴ്സ് സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും അതിരൂപതാ കുടുംബത്തിന്റെ നന്ദി.

## 17. സെമിനാർ

ചരൾ ശാഖയിലെ കുട്ടികൾക്ക് നടത്തപ്പെട്ട സെമിനാറിൽ ഡയറക്ടർ ആശംസകളറിയിച്ച് സംസാരിച്ചു.

## 18. സ്പെരാൻസ (പ്രത്യാശ)

1-മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് മെയ് 20-ാം തീയതി മുതൽ 23-ാം തീയതിവരെ വിശ്വാസപരിശീലനകേന്ദ്രവും ചെറുപുഷ്പമിഷൻലീഗും സംയുക്തമായി സ്പെരാൻസ എന്ന പേരിൽ പ്രവർത്തനവർഷ ഒരുക്കധ്യാനം നടത്തി. ധ്യാനത്തിന് നേതൃത്വം നൽകിയവർക്കും പങ്കെടുത്ത എല്ലാ കൊച്ചുകൂട്ടുകാർക്കും അവർക്കുവേണ്ട പ്രോത്സാഹനം നല്കിയ മാതാപിതാക്കൾക്കും മതാധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി...

## 19. ആദരാഞ്ജലികൾ

ഈ ഭൂമിയിൽ തങ്ങളെ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട ജോസ് കരിക്കാട്ടുകണ്ണിയേൽ അച്ചന്റെയും ബഹുമാനപ്പെട്ട സിറിയക് വാഴയിൽ അച്ചന്റെയും ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഈ മധ്യവേനലവധിക്കാലം കൊറോണ എന്ന മഹാമാരിയെ പ്രാർത്ഥനകൊണ്ടും, പ്രവർത്തനങ്ങൾകൊണ്ടും, സ്വയം ശ്രദ്ധിച്ചും നാം അതിജീവിച്ചുകൊണ്ടിരിക്കുകയാണല്ലോ. ലോകം മുഴുവനുവേണ്ടിയും തീക്ഷ്ണതയോടെ നമുക്ക് പ്രാർത്ഥിക്കാം. പ്രിയ മക്കളെ, പുതിയ അധ്യയന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ, സുകൃതജപങ്ങളും തിരുവചനങ്ങളും പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിത കഥകളുമൊക്കെ പഠിച്ച് വിശുദ്ധരായ കുഞ്ഞുങ്ങളായി വളരാൻ നമുക്ക് പരിശ്രമിക്കാം. ഉണ്ണീശോയുടെ അനുഗ്രഹം എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ഈശോയുടെ തിരുഹൃദയതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം | : നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി |
| സുകൃതംജപം | : ഈശോയുടെ തിരുഹൃദയമേ എന്നെ അനുഗ്രഹിക്കണമേ |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | |
|---|---|
| 03 വ്യാഴം | : പരി.കുർബാനയുടെ തിരുനാൾ |
| 05 ശനി | : ലോക പരിസ്ഥിതിദിനാചരണം |
| 06 ഞായർ | : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും |
| 08 ചൊവ്വ | : വി. മറിയംത്രേസ്യായുടെ തിരുനാൾ |
| 11 വെള്ളി | : തിരുഹൃദയതിരുനാൾ |
| 12 ശനി | : മാതാവിന്റെ വിമലഹൃദയതിരുനാൾ |
| 13 ഞായർ | : ശാഖാതല പ്രവർത്തന വർഷം ആരംഭിക്കുന്നു, പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ |
| 16 ബുധൻ | : പിതൃദിനം |
| 23 ബുധൻ | : മാർ ജോർജ്ജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം |
| 29 തിങ്കൾ | : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ |

**2. ഈശോയെപ്പോലെ വളരാം..... വലുതാകാം....Vol. 2**

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം ...

വലുതാകാം എന്ന വർക്ക് ബുക്കിന്റെ രണ്ടാം ഭാഗം തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ സാഹചര്യങ്ങൾ മനസ്സിലാക്കി വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. വർക്കുബുക്കിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും

## 3. തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും

തിരുബാലസഖ്യം 2021-2022 പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖാ പ്രകാശനവും ജൂൺ 6 ഞായറാഴ്ച അഭിവന്ദ്യ പിതാക്കൻമാർ ഉദ്ഘാടനം ചെയ്യുന്നതായിരിക്കും. ഉദ്ഘാടനകർമ്മങ്ങളും മാർഗ്ഗരേഖാ പ്രകാശനവും ഇതര പരിപാടികളും ഓൺലൈനായി സംപ്രേഷണം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 4. ഫാ. ജോർജ്ജ് നരിപ്പാറ പൗരോഹിത്യ സുവർണ്ണ ജൂബിലി എൻഡോവ്മെന്റ് ജേതാക്കൾ

തിരുബാലസഖ്യം അതിരൂപതാ കലോത്സവത്തിൽ പ്രസംഗമത്സരത്തിൽ ഒന്നാംസ്ഥാനം പൗരോഹിത്യ സുവർണ്ണജൂബിലി എൻഡോവ്മെന്റ് പയ്യന്നൂർ ശാഖയിലെ ഏബൽ സെബാസ്റ്റ്യൻ തോട്ടുങ്കൽ, മേരിപുരം ശാഖയിലെ റോസ്മേരി പയ്യനാട്ട് എന്നിവർ അർഹരായി.

## 5. അതിരൂപതാ കലോത്സവ വിജയികൾ

ഏപ്രിൽ മാസത്തിൽ ഓൺലൈനായി നടത്തിയ അതിരൂപതാ കലോത്സവത്തിൽ നെല്ലിക്കാംപോയിൽ, ചെമ്പന്തൊട്ടി,തോമാപുരം എന്നീ മേഖലകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. 16 ഫൊറോനകളിൽ നിന്നും കലാപ്രതിഭകൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും കുട്ടികളെ പഠിപ്പിച്ചൊരുക്കിയ ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി....

സ്നേഹത്തോടെ,

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

പ്രിയപ്പെട്ട വികാരിയച്ചാ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ

കോവിഡ് പ്രതിസന്ധികളുടെ രണ്ടാം തരംഗത്തിലാണല്ലോ നമ്മൾ. കരുതലോടെ ആരോഗ്യസംരക്ഷണത്തിൽ ശ്രദ്ധിക്കാം. സാമൂഹ്യ ഉത്തരവാദിത്വമുള്ള യുവജനങ്ങളായി ദുരിതമനുഭവിക്കുന്നവരെ സഹായിക്കാം. കോവിഡ് മൃതസംസ്കാരങ്ങൾ ക്രൈസ്തവോചിതമായി നടത്താൻ പരിശ്രമിക്കാം.

യുവജനങ്ങളുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ നൻമകൾക്ക് ഉതകുന്ന കാര്യങ്ങൾ ക്രമപ്പെടുത്താം. പന്തക്കുസ്താ തിരുനാളിന്റെ അഭിഷേകത്തിൽ നമ്മുടെ ജീവിതത്തെ വിശുദ്ധീകരിക്കാം.

## BUD (Bold UR Dreams)

കൊറോണ വ്യപനത്തിന്റെ പശ്ചാത്തലത്തിൽ യുവജനങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ബഡ് 2021 ഓൺലൈനായി നടത്താൻ തീരുമനിച്ചു. പതിനാറ് ഫൊറോനകളിലായി ബഡ് നടത്തപ്പെടും

## ആമ്മേൻ അമ്മയോടൊപ്പം ഇത്തിരിനേരം

പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിതമായ മെയ്യ് മാസത്തിൽ അതിരൂപതയിലെ യുവജനങ്ങൾ മാർ ജോർജ് ഞറളക്കാട്ട് പിതാവിനൊടൊപ്പം ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കൊറോണ സാഹചര്യങ്ങളെ പരി.അമ്മയ്ക്ക് സമർപ്പിച്ച് നേരിടാൻ പിതാവ് സന്ദേശത്തിൽ ആഹ്വാനം ചെയ്തു. ഓൺലൈൻ വഴി നടത്തിയ പ്രാർത്ഥനയിൽ മുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു.

## രക്തം ദാനം ചെയ്തു

കോവിഡ് മഹാമാരിയുടെ ദുരന്തഫലങ്ങളിൽ കഴിയുന്നവർക്ക് രക്തക്ഷാമം മുൻകൂട്ടി കണ്ട് കോവിഡ് വാക്സിനേഷൻ സ്വീകരിക്കുന്നതിന് മുൻപ് രക്തം ദാനം ചെയ്യാൻ അതിരൂപത ആഹ്വാനം ചെയ്തു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ യുവജനങ്ങൾ രക്തം ദാനം ചെയ്തു. ഏവർക്കും അഭിനന്ദനങ്ങൾ.

## നിവേദനം നല്കി

പുതിയ മന്ത്രി സഭയിൽ ന്യൂനപക്ഷങ്ങൾക്ക് അർഹമായ പരിഗണന ലഭിക്കാൻ ന്യൂനപക്ഷ വകുപ്പ് ഒരു ക്രിസ്ത്യൻ പ്രതിനിധിയെയോ അല്ലങ്കിൽ മുഖ്യമന്തിതന്നെ കൈകാര്യം ചെയ്യണം എന്ന നിർദ്ദേശവുമായി കെസിവൈഎം തലശ്ശേരി അതിരുപത നിവേദനം നല്കി.

## ഈശോയെ അറിയാൻ

R J സ്റ്റെഫീനയുടെയും, R J ഷെൻഫിയുടെയും നേതൃത്വത്തിൽ യുവ

ജനങ്ങളുടെ കൂട്ടായ്മ കെസിവൈഎം ചെമ്പന്തൊട്ടി ഫൊറോനയിൽ നടത്തി. അതിരൂപത ഭാരവാഹികളും പങ്കെടുത്തു. യുവജനങ്ങൾക്ക് അഭിനന്ദനങ്ങൾ.

## നേഴ്സസ്സ് ദിനം ആചരണം

തലശ്ശേരി അതിരൂപത കെസിവൈഎം. എസ്എംവൈഎം ന്റെ നേതൃത്വത്തിൽ നേഴ്സസ്സ് ദിനം ആചരിച്ചു. കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ വച്ച് നടന്ന ചടങ്ങ് ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. ഇരിക്കൂർ എംഎൽഎ സണ്ണി ജോസഫ്, മാർ ജോസഫ് പാംപ്ലാനി, ഫാ. ഫിലിപ്പ് കവിയിൽ, ഫാ. തോമസ്സ് വടക്കേമുറി എന്നിവർ ആശംസകളറിയിച്ചു. രൂപതാ ഡയറക്ടർ ഫാ ജിൻസ്, രൂപതാ പ്രസിഡന്റ് വിപിൻ ജോസഫ്, ജനറൽ സെക്രട്ടറി അമൽ കൊന്നക്കൽ, സെക്രട്ടറി സനീഷ് പാറയിൽ, വായാട്ടുപറമ്പ് ഫൊറോന പ്രസിഡന്റ് തുടങ്ങിയവർ നേതൃത്വം നൽകി.

## നേഴ്സുമാരെ ആദരിച്ചു

ആലക്കോട് ഫൊറോനയുടെ നേതൃത്വത്തിൽ നടത്തിയ 'ആദരവ്' രൂപത ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ ആശംസകളറിയിച്ചു. ഫാ. ജോൺ ചെമ്പനാനി, ആനിമേറ്റർ സി. കരോളിൻ, രൂപതാ സെക്രട്ടറി സനീഷ്, ഫൊറോന പ്രസിഡന്റ് അരുൺ തുടങ്ങിയവർ സംസാരിച്ചു.

**വായാട്ടുപറമ്പ്, തളിപ്പറമ്പ്** ഫൊറോനകളുടെ നേതൃത്വത്തിൽ ഒടുവള്ളിത്തട്ട് കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററിൽ സേവനമനുഷ്ടിക്കുന്ന നേഴ്സുമാർക്ക് മധുരം നല്കി ആദരിച്ചു. അതിരൂപതാ ജനറൽ സെക്രട്ടറി അമൽ, വായാട്ടുപറമ്പ് പ്രസിഡന്റ് ജറാൾഡ് തുടങ്ങിയവർ പങ്കെടുത്തു.

## കോവിഡ് പ്രതിരോധന പ്രവർത്തനങ്ങൾ - കോവിഡ് മൃതസം സ്കാര ശുശ്രൂഷകൾ

കോവിഡ് 19 രോഗം മൂലം മരണമടയുന്ന പ്രിയപ്പെട്ടവർക്ക് ക്രൈസ്തവ വിശ്വാസ ചടങ്ങുകൾക്ക് കുറവുവരുത്താതെ ആദരപൂർവ്വമായ സംസ്കാരത്തിന് സഹായമായി കെസിവൈഎം. അതിരൂപതയിലെ വിവിധ ഇടവകയിൽ രൂപതാ ഡയറക്ടർ ഫാ. ജിൻസ്, രൂപതാ പ്രസിഡന്റ് വിപിൻ, ഫൊറോന ഡയറക്ടർമാർ, ഫൊറോന പ്രസിഡന്റ്മാർ മറ്റ് യുവജനങ്ങൾ നേതൃത്വം കൊടുത്തു. ഏവർക്കും അഭിനന്ദനങ്ങൾ.

## കോവിഡ് ടാസ്ക്ക് ഫോഴ്സ് (Help line)

കോവിഡ് മൃതസംസ്കാരത്തിനാവശ്യമായ സഹായങ്ങൾക്ക് വിളിക്കാം. Mob. 9400062918, 9645680296

## കോവിഡ് വോളണ്ടിയേഴ്സ്

വിവിധ പഞ്ചായത്തുകളോട് ചേർന്ന് ഈ കാലഘട്ടങ്ങളിൽ വോളണ്ടിയേഴ്സായി സേവനം ചെയ്യുന്ന എല്ലാ യുവജനങ്ങൾക്കും അഭിനന്ദനങ്ങൾ.

## സിൻഡിക്കേറ്റ് മീറ്റിംങ്ങ്

മെയ് മാസത്തെ സിൻഡിക്കേറ്റ് മീറ്റിംങ്ങ് ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിൽ നടന്നു. പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. കോവിഡ് പ്രവർത്തനങ്ങളെ യോഗം വിലയിരുത്തി.

## പ്രതിഷേധം രേഖപ്പെടുത്തി

ഫോട്ടോഷൂട്ടിന്റെ മറവിൽ ദേവാലയത്തിന്റെ ശ്രേഷ്ഠതക്ക് ചേരാത്ത വിധത്തിലുള്ള പ്രവർത്തനങ്ങളെ കെസിവൈഎം തലശ്ശേരി ശക്തമായി പ്രതിഷേധിച്ചു. ദേവാലയത്തിന്റെ പവിത്രതയെ മനസ്സിലാക്കി എല്ലാവരും പെരുമാറണമെന്ന് ആഹ്വാനം ചെയ്തു.

## കെസിവൈഎം അപലപിച്ചു

ലോക്ഡൗണിന്റെ സാഹചര്യത്തിൽ ജനപങ്കാളിത്തമില്ലാതെ ബലിയർപ്പിച്ച വൈദികനെ സ്റ്റേഷനിലേക്ക് വിളിച്ച കോട്ടയത്തെ പോലീസ് നടപടി അപലപനീയമാണെന്ന് കെസിവൈഎം തലശ്ശേരി അതിരൂപത. ക്രൈസ്തവ വിരോധത്തിൽ കോവിഡ് പ്രോട്ടോകോൾ നിയമങ്ങൾ ദുരുപയോഗിക്കാൻ അനുവദിക്കില്ലന്ന് പ്രസിഡന്റ് വിപിൻ മാറുകാട്ടുകുന്നേൽ വാർത്താകുറിപ്പിൽ അറിയിച്ചു. വിവിധയിടങ്ങളിൽ നിന്ന് ലഭിച്ച പ്രതിഷേധങ്ങൾക്കൊടുവിൽ ഈ വിഷയത്തിൽ ന്യൂനപക്ഷ കമ്മീഷൻ കേസ്സെടുത്തു.

## കോവിഡ് സെന്റർ സന്നദ്ധ സേവനം

കോവിഡ് 19 പശ്ചാത്തലത്തിൽ റ്റിഎസ്എസ് ന്റെ നേതൃത്വത്തിൽ കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ആരംഭിക്കുന്ന കോവിസ് ട്രീറ്റ്മെന്റ് സെന്ററിന്റെ നവീകരണ പ്രവർത്തനങ്ങളിൽ കെസിവൈഎം യുവജന പ്രവർത്തകർ സജീവമായി പങ്കെടുത്തു. അഭിവന്ദ്യ പാംപ്ലാനി പിതാവിനൊപ്പം ഫാ. തോമസ്സ് വാളിപ്ലാക്കൽ, രൂപതാ സെക്രട്ടറി സനീഷ് പാറയിൽ എന്നിവരും ആലക്കോട്, വായാട്ടുപറമ്പ് ഫൊറോനകളിലെ യുവജനങ്ങളും പങ്കെടുത്തു.

## അഭിനന്ദനങ്ങൾ

കെസിവൈഎം സംസ്ഥാന സമിതിയുടെ മീഡിയ കമ്മീഷൻ അംഗമായി തെരഞ്ഞെടുക്കപ്പെട്ട രൂപത ട്രഷറർ ജിൻസ് മാമ്പുഴക്ക് അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## സൗമ്യക്ക് ആദരാജ്ഞലികൾ

പാലസ്തീൻ തീവ്രവാദികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സൗമ്യക്ക് ആദരാജ്ഞലികൾ അർപ്പിച്ചു. മൃതദേഹം ഏറ്റുവാങ്ങാൻ പോലും തയ്യാറാകാത്ത സർക്കാർ നടപടിയെ കെസിവൈഎം ശക്തമായി അപലപിച്ചു.

സ്നേഹപൂർവ്വം,

**ഫാ. തോമസ് വാളിപ്ലാക്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

## I)1. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

886 എം.പി.സി ഓൺലൈൻ കോഴ്സ് ഏപ്രിൽ 29-30 തീയ്യതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 242 ഓളം പേർ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അഭിവന്ദ്യപിതാക്കന്മാർ അവർക്കായി സന്ദേശം നൽകി സംസാരിച്ചു. അവസാനദിവസം മാതാപിതാക്കൾക്കായുള്ള ക്ലാസും നടന്നു.

| 2. Online MPC Live Classes | |
|---|---|
| **MPC 2021** | |
| June | 18 - 19 (Friday, Saturday) |
| July | 16 - 17 (Friday, Saturday) |
| August | 27 - 28 (Friday, Saturday) |

2021 ആഗസ്റ്റ് മാസം വരെ എം.പി.സി ഓൺലൈനിൽ നടത്തുന്നതാണ്. ഓൺലൈൻ ക്ലാസുകൾ എല്ലാം ലൈവായി നടക്കുന്നതാണ്. രണ്ട് ദിവസത്തെ ക്ലാസുകൾ മുഴുവൻ സമയവും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

1. **Time Schedule :**

   **എം.പി.സി ഓൺലൈൻ ഒന്നാം ദിവസം : 08.00 am - 07.30 pm**

   **രണ്ടാം ദിവസം : 08.00 am - 06.00 pm**

2. ഓൺലൈൻ എം.പി.സി രജിസ്ട്രേഷൻ നടത്തുന്നതിനായി www.familytly.com എന്ന വെബ്സൈറ്റ് തുറന്ന് Date തിരഞ്ഞെടുത്ത് അപേക്ഷാഫോം പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക.
3. വികാരിയച്ചന്മാരുടെ കത്ത്, രജിസ്ട്രേഷൻ ഫീസ് റസിപ്റ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ അപേക്ഷാഫോമിനോടൊപ്പം അപ്ലോഡ് ചെയ്യേണ്ടതാണ്.
4. രജിസ്ട്രേഷൻ ഫീസ് Rs/600 അടക്കാനുള്ള Bank Details

A/c No : 0078053000073775,
Name : Director, Family Apostolate,
IFSC Code : SIBL0000078,
South Indian Bank, Thalassery Branch

5. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയവർ കാൻസലേഷൻ നടത്തുവാനോ, കോഴ്സ് ഡേറ്റിൽ മാറ്റം വരുത്തുവാനോ ആഗ്രഹിക്കുവെങ്കിൽ കോഴ്സ് ആരംഭിക്കുന്നതിനു മൂന്ന് ദിവസം മുമ്പെങ്കിലും ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്. Ph: 0490 2966974, 9400206974

6. സർട്ടിഫിക്കറ്റുകൾ ഓൺലൈൻ ആയി അയച്ചുകൊടുക്കുന്നതാണ്. ആവശ്യമുള്ളവർക്ക് ഓഫീസിൽ നേരിട്ട് വന്ന് സർട്ടിഫിക്കറ്റ് വാങ്ങാവുന്നതാണ്.

7. ഇടവകാ ഗ്രൂപ്പുകളിൽ ഓൺലൈൻ എം.പി.സി രജിസ്ട്രേഷന്റെ വെബ്സൈറ്റും ഡേറ്റുകളും പ്രസിദ്ധീകരിക്കാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

8. **ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുന്നതിന് രണ്ട് ദിവസം മുമ്പ് രജിസ്ട്രേഷൻ ക്ലോസ് ആകുന്നതാണ്.**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ :- www.anugrahamarry.com

സീറോമലബാർ സഭയുടെ എല്ലാ രൂപതകളുടെയും മാര്യേജ് ബ്യൂറോകളുടെ ലിങ്ക് ലഭിക്കുന്നു. പണമടച്ച് രജിസ്റ്റർ ചെയ്യുന്നവരുടെ പേരും, ഫോട്ടോയും ദീപിക പത്രത്തിൽ സൗജന്യമായി പരസ്യം നൽകുന്നു.

## III. മാതൃവേദി

**1. തൂവാനീസ നിയോഗം** – ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് മദ്യത്തിനും മറ്റ് ദുശ്ശീലങ്ങൾക്കും അടിമപ്പെടുന്നവർക്ക് അതിൽ നിന്നും മോചനം നേടുന്നതിനുവേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** – ഈ മാസത്തെ യൂണിറ്റുതല പ്രവർത്തനം – ഉന്നതവിജയികളെ അനുമോദിക്കുക

### 4.അതിരൂപതാ ജനറൽബോഡിയോഗം – പ്രവർത്തന വർഷോദ്ഘാടനം

മാതൃവേദിയുടെ പുതിയ പ്രവർത്തന വർഷ ഉദ്ഘാടനവും ജനറൽബോഡി യോഗവും ജൂൺ 12 ശനിയാഴ്ച 10.30 മുതൽ 12.30 വരെ ഓൺലൈനായി നടത്തപ്പെടുന്നു. മേഖലാ ഡയറക്ടർമാർ, അതിരൂപത, മേഖലാ ആനിമേറ്റർമാർ, ഭാരവാഹികൾ, യൂണിറ്റ് പ്രസിഡണ്ടുമാർ എന്നിവർ ഈ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

### 5. സെന്റ് ജോസഫ് ഇയർ – പ്രസംഗ മത്സരം

സെന്റ് ജോസഫ് ഇയർ പ്രമാണിച്ച് അതിരൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്കായി ജൂനിയർ- സീനിയർ തലത്തിൽ സംഘടിപ്പിച്ച പ്രസംഗ മത്സരത്തിൽ വിജയികളായവരുടെ ലിസ്റ്റ് താഴെകൊടുക്കുന്നു. പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ. മേഖലാതലത്തിൽ പ്രസംഗങ്ങൾ സെലക്റ്റ് ചെയ്ത മേഖലാ കമ്മിറ്റിക്ക് പ്രത്യേകം നന്ദി.

**ജൂനിയർ വിഭാഗം**

**ഒന്നാം സ്ഥാനം** - സൗമ്യ അവിട്ടപ്പള്ളിൽ (പൂളക്കുറ്റി)

**രണ്ടാം സ്ഥാനം** - നീതു കോമുള്ളിൽ (കനകക്കുന്ന്)

**മൂന്നാം സ്ഥാനം** - ബിന്ദു പെരുക്കോണിൽ (തോമാപുരം), ഐവി വേരനാനിക്കൽ (വായാട്ടുപറമ്പ്)

**പ്രോത്സാഹന സമ്മാനങ്ങൾ**

1) മിനി മംഗലത്തിൽ (കൂന്നോത്ത്), 2) ഷിന്റ കൂനങ്കിയിൽ (വിളമന), 3) റാണി ചോങ്കരയിൽ (പൈസക്കരി)

**സീനിയർ വിഭാഗം**

**ഒന്നാം സ്ഥാനം** - വത്സമ്മ നിരപ്പേൽ (മണ്ഡപം),

**രണ്ടാം സ്ഥാനം** - മോളി പൈനാടത്ത് (അറബി)

**മൂന്നാം സ്ഥാനം** - ജോൽസമ്മ വരകിൽ (പാത്തൻപാറ)

**പ്രോത്സാഹന സമ്മാനങ്ങൾ**

1) ലിസ്സി പുത്തൻകാല (കാഞ്ഞിരടുക്കം), 2) ഏലിയാമ്മ കൈപ്പള്ളിൽ (അട്ടക്കണ്ടം), ജീന കുളത്തിങ്കൽ (കുന്നോത്ത്), 4) ലില്ലി മാത്യു ചിറപുറത്ത് (ആലക്കോട്)

**6. നന്ദി ...**

മേഖലാ ഡയറക്ടർമാരായി കഴിഞ്ഞവർഷങ്ങളിൽ സ്തുത്യർഹമായി സേവനം ചെയ്ത് ഫാമിലി അപ്പൊസ്റ്റൊലേറ്റിന് കൈത്താങ്ങി നിലകൊ ബഹു അച്ചന്മാർക്ക് അതിരൂപതാ കേന്ദ്രത്തിന്റെ അകമഴിഞ്ഞ നന്ദിയും പുതിയ പ്രവർത്തന മേഖലകളിൽ ആശംസകളുമറിയിക്കുന്നു.

**വിവിധ മേഖലകളിൽ ഡയറക്ടർമാരായി ശുശ്രൂഷ ചെയ്തവർ :**

| | |
|---|---|
| എടൂർ | : ഫാ. കുറ്റിക്കാട്ടുകുന്നേൽ ജേക്കബ് |
| പൈസക്കരി | : ഫാ.കുഴിയാനിമറ്റം അജി |
| വെള്ളരിക്കുണ്ട് | : ഫാ.വെട്ടിയാനിക്കൽ ഷിബിൻ |
| തോമാപുരം | : ഫാ. മഞ്ഞളാംകുന്നേൽ ജോമിറ്റ് |

മാതൃവേദി ആനിമേറ്റർമാരായി കഴിഞ്ഞ വർഷങ്ങളിൽ ശുശ്രൂഷ നിർവ്വഹിച്ച് സ്ഥലം മാറിപ്പോകുന്ന മേഖലാ, യൂണിറ്റ് ആനിമേറ്റർമാരായിരുന്ന ബഹു. സിസ്റ്റേഴ്സിന് അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ സ്നേഹപൂർണ്ണമായ നന്ദിയും പ്രാർത്ഥനാശംസകളും അർപ്പിക്കുന്നു.

**7. മാതൃവേദി പ്രവർത്തന പദ്ധതി - ജൂൺ 2021**

| | | |
|---|---|---|
| ജൂൺ 3 | - | പ.കുർബ്ബാനയുടെ തിരുനാൾ |
| 5 | - | ആനിമേറ്റേഴ്സ് സംഗമം 10 am |
| 8 | - | വി.മറിയം ത്രേസ്യ (മാതൃവേദി സഹമദ്ധ്യസ്ഥ) |

11 - ഈശോയുടെ തിരുഹൃദയതിരുനാൾ

12 - മാതാവിന്റെ വിമല ഹൃദയം
ജനറൽബോഡി യോഗം, പ്രവർത്തനവർഷ ഉദ്ഘാടനം
10.30 am

26 - വെബിനാർ 11-12.30

## 8. അറിയിപ്പുകൾ

• ജൂൺ 5 ശനിയാഴ്ച എല്ലാ ആനിമേറ്റർമാരുടെയും സംഗമം ഓൺലൈനായി (Zoom Meeting) ഉണ്ടായിരിക്കുന്നതാണ്. മേഖലാ യൂണിറ്റ് ആനിമേറ്റർമാർ പങ്കെടുക്കുക. സമയം രാവിലെ 10 മുതൽ 12 വരെ.

• മേഖലാ - യൂണിറ്റ് ആനിമേറ്റർമാരും ഡയറക്ടർമാരും മാറിപ്പോയ സ്ഥലങ്ങളിൽ പുതുതായി നിയമിക്കപ്പെടുന്നവരുടെ പേരു വിവരങ്ങൾ അതിരൂപതാ ഓഫീസിൽ അറിയിക്കുക.

• മേഖല, യൂണിറ്റ് റിപ്പോർട്ടുകൾ നൽകേണ്ട തീയ്യതി ജൂൺ 30 വരെ നീട്ടിയിരിക്കുന്നു. മേഖലാതലത്തിൽ റിപ്പോർട്ടുകൾ ശേഖരിച്ച് പരിശോധിക്കുക. ആദ്യത്തെ 3 സ്ഥാനങ്ങൾ ലഭിച്ച യൂണിറ്റ് ഏതെന്ന് മേഖലാ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. മേഖലാതലത്തിൽ ശേഖരിക്കുന്ന റിപ്പോർട്ടുകൾ റീജിയണുകളിൽ എത്തിക്കുക.

• ജൂൺ 26 ശനിയാഴ്ച മാതൃവേദി അംഗങ്ങൾക്കുവേണ്ടി നടത്തുന്ന വെബിനാറിൽ മേഖലാഭാരവാഹികളും ഓരോ യൂണിറ്റിൽനിന്നും പരമാവധി ആളുകളെയും പങ്കെടുപ്പിക്കുക. പങ്കെടുക്കുന്നവരുടെ എണ്ണം മുൻകൂട്ടി അറിയിക്കുക.

**ഓരോ റീജിയണിലും എത്തിക്കേണ്ട മേഖലകൾ**

| | | |
|---|---|---|
| ആലക്കോട് | : | ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ |
| ചെമ്പേരി | : | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി, തളിപ്പറമ്പ് |
| ഇരിട്ടി | : | കുന്നോത്ത്, എടൂർ, നെല്ലിക്കാംപൊയിൽ, പേരാവൂർ |

## IV. അമല പ്രോലൈഫ്

### 1) ജീവോത്സവം വിദ്യാഭ്യാസ സഹായനിധി

- വലിയ കുടുംബങ്ങളിലെ കുട്ടികളുടെ പഠന സഹായ പദ്ധതി
- നാലും അതിലധികവും കുട്ടികളുള്ള കുടുംബങ്ങളിലെ ഒരു കുട്ടിക്ക് പഠനസഹായമായി നിശ്ചിത തുക നൽകുന്നു.
- പ്ലസ് ടു പഠനം കഴിഞ്ഞ് ഡിഗ്രി അല്ലെങ്കിൽ പ്രൊഫഷണൽ കോഴ്സ് പഠനത്തിനാണ് സഹായം നൽകുന്നത്.
- അർഹതയുള്ളവരെന്ന് വികാരിയച്ചന്മാർ സാക്ഷ്യപ്പെടുത്തിയ കത്ത് ആവശ്യമാണ്.

- നിശ്ചിത അപേക്ഷാഫോറം പൂരിപ്പിച്ച് ഫാമിലി അപ്പൊസ്റ്റോലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.
- അപേക്ഷാഫോറം വികാരിയച്ചന്മാർക്ക് വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ നൽകുന്നതാണ്.
- അതിരൂപത നടത്തിയ ജീവോത്സവം സംഗമത്തിൽ പങ്കെടുത്ത കുടുംബത്തിനാണ് മുൻഗണന നൽകുന്നത്.
- ഈ വർഷത്തെ അപേക്ഷകൾ നൽകേണ്ട അവസാന തീയ്യതി 2021 ജൂലൈ 15.
- തലശ്ശേരി അതിരൂപതാംഗങ്ങൾക്കാണ് അപേക്ഷിക്കാൻ സാധിക്കുന്നത്.

**പ്രോലൈഫ് മറ്റ് സഹായ പദ്ധതികൾ**

- തലശ്ശേരി അതിരൂപതയുടെയോ രൂപതയിലെ സന്യാസ ഭവനങ്ങളോ നടത്തുന്ന ആശുപത്രികളിൽ വലിയ കുടുംബത്തിലെ കുഞ്ഞുങ്ങളുടെ പ്രസവത്തോടനുബന്ധിച്ചുള്ള ചിലവുകൾക്ക് ഇളവുകൾ നൽകുന്നതാണ്.നാലാമത് മുതലുള്ള കുട്ടികൾക്ക്.
- ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ ട്യൂഷൻ ഫീ ഇളവു ചെയ്യുന്നതാണ്.
- വികാരിയച്ചന്മാരുടെ എഴുത്ത് കാണിക്കേണ്ടതാണ്.

**2) നന്ദി ...**

തലശ്ശേരി അതിരൂപതാ അമല പ്രോലൈഫിന് 2 വർഷക്കാലം ആനിമേറ്ററായിരുന്ന് സ്തുത്യർഹമായ സേവനം നൽകിയ സി.സ്റ്റെല്ല എം.എസ്.ഐ ക്ക് ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ നന്ദിയും അഭിനന്ദനവും അറിയിക്കുന്നു. ഡൽഹിയിലേക്ക് പുതിയ ശുശ്രൂഷകൾക്കായി സ്ഥലം മാറി പോകുന്ന സിസ്റ്ററിന് പ്രാർത്ഥനാ നിർഭരമായ ആശംസകൾ നേരുന്നു.

**3) സ്വാഗതം ....**

അമലപ്രോലൈഫിന്റെ പുതിയ ആനിമേറ്ററായി കടന്നു വരുന്ന സി.ജസ്റ്റീന ഷാജി എം.എസ്.എം.ഐക്ക് അതിരൂപതാ ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ ഹൃദ്യമായ സ്വാഗതം. നെല്ലിക്കുറ്റി സിയോൻ ധ്യാനകേന്ദ്രത്തിൽ മാധ്യമ ശുശ്രൂഷകൾക്കൊപ്പം പ്രോലൈഫ് പ്രവർത്തനങ്ങളെ സഹായിക്കാൻ തയ്യാറായ സിസ്റ്ററിന് അഭിനന്ദനങ്ങൾ.

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ്
# വിദ്യാഭ്യാസ ഏജൻസി

കൊറോണ വൈറസ്സിന്റെ രണ്ടാംതരംഗ വ്യാപനത്തിൽ നാം ഭീതിയിലാണ്ടിരിക്കുകയാണ്. ദുരിതത്തിന്റെകാലം കടന്നു പോകാൻ നമുക്കു കാത്തിരിക്കാം. ദൈവകരുണയ്ക്കായി പ്രാർത്ഥിയ്ക്കാം.

ഒരുവർഷത്തെ ഓൺലൈൻ പഠനവും അവധിക്കാലവും കഴിഞ്ഞ് വീണ്ടും ഒരു അധ്യയനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുകയാണ്. പുത്തൻ പ്രതീക്ഷകളുമായി പുതിയ അധ്യായന വർഷത്തേയ്ക്ക് പ്രവേശിക്കാനുള്ള തയ്യാറെടുപ്പുകൾ നമുക്കു നടത്താം. അദ്ധ്യാപകരെയും, സഹപാഠികളെയും നേരിൽകണ്ട് പുത്തൻ അറിവുകളും വിശേഷങ്ങളും പങ്കുവച്ച് പഠിച്ച് വളരാനുള്ള അവസരം ലഭിക്കാൻ നമുക്ക് പ്രതീക്ഷയോടെ കാത്തരിക്കാം. അതിനുള്ള അവസരം ദൈവം ഒരുക്കിത്തരട്ടെയെന്ന് പ്രത്യാശിക്കാം.

## ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

പുതിയ അദ്ധ്യയനവർഷം ആരംഭിക്കുന്നതിനുമുമ്പുതന്നെ എല്ലാ സ്കൂൾകെട്ടിടങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് വാങ്ങിക്കുന്നതിന് ഹെഡ്മാസ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## അഡ്മിഷൻ

കോവിഡ് വ്യാപനത്തെ തുടർന്ന് ലോക്ഡൗൺ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഓൺലൈൻവഴിയും, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും കുട്ടികളുടെ അഡ്മിഷൻ നടത്തണം. മിക്കസ്കൂളുകളും ഓൺലൈൻ വഴി അഡ്മിഷൻ നടത്തുന്നുണ്ട്.

* സംസ്കൃതം/ ഉറുദു/ മലയാളം/ അറബി എന്നീവിഷയങ്ങൾക്ക് ആവശ്യമായ വിധത്തിൽ വിദ്യാർത്ഥികളുടെ എണ്ണം ക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.
* മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ കുട്ടികളുടെ എണ്ണം വർധിപ്പിക്കുന്നതിൽ പ്രത്യേക താത്പര്യം എടുക്കണമന്ന് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്.
* കോർപറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ ജോലിചെയ്യുന്ന അധ്യാപക അനധ്യാപകർ തങ്ങളുടെ മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർത്ത് പഠിപ്പിക്കേണ്ടതാണെന്ന് മുൻപ് അറിയിച്ച കാര്യം ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു.

* 2021 ജൂൺ 1 മുതൽ ഓൺലൈൻ ക്ലാസ്സിനുവേണ്ട ക്രമീകരണങ്ങൾ ഓരോസ്കൂളിലും നടത്തുവാൻ ഹെഡ്മാസ്റ്റർമാർ പ്രത്യേകം ഉത്സാഹിക്കണം.

## മെയിന്റനൻസ് ഗ്രാന്റ്

എല്ലാവർഷവും ഓഗസ്റ്റ് 30-ാം തീയതിക്കുമുമ്പായി മെയിന്റനൻസ് ഗ്രാന്റിനുള്ള അപേക്ഷ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞവർഷം സമർപ്പിച്ച അപേക്ഷകൾ വിദ്യാഭ്യാസ ഓഫീസുകളിൽനിന്നും തിരിച്ചയച്ചിട്ടുണ്ട്. എന്നാൽ അപേക്ഷ പുനസമർപ്പിക്കുവാൻ വിദ്യാഭ്യാസവകുപ്പിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് 2020-21 അധ്യയനവർഷത്തെ അപേക്ഷ സമർപ്പിക്കാത്തവർ എത്രയും പെട്ടെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസുകളിൽ സമർപ്പിക്കേണ്ടതാണ്.

## നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (Nmms)

എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കായി നടത്തിയ സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നതവിജയം നേടിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. ഭാവിയിലും ഇതുപോലുള്ള സ്കോളർഷിപ്പ് പരീക്ഷകളിൽ ഉന്നതവിജയം നേടാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

**1. ചന്ദനക്കാംപാറ ഹൈസ്കൂൾ**

ദേവിക എം. ആർ

**2. ചെമ്പന്തൊട്ടി ഹൈസ്കൂൾ**

ജോസ് ജോൺസൺ
അലോഷ്യസ് സണ്ണി
ക്രിസ് തെരേസ് കെ.
എൽസ സിറിയക്
രാഹുൽ വി. ആർ
ഫാത്തിമ കെ.
റമീസ് പി. എ
രസിക എ.

**3. ചെമ്പേരി ഹൈസ്കൂൾ**

ഡോണ മരിയ സിബി
ഐശ്വര്യ ഇ. എസ്

**4. ചെറുപുഴ ഹൈസ്കൂൾ**

ദേവിക വിനോദ്
ഗായത്രി മാധവ്
മിൽന മനോജ്
അനുശ്രീ വി. ബി
സാരംഗ് റ്റി. വി
സരയൂ സന്തോഷ്
റോഷൻ റെജി
സനൂഷ പി. യു

**5. എടൂർ ഹൈസ്കൂൾ**

ഹരിനന്ദ ഷാജി

**6. കിളിയന്തറ ഹൈസ്കൂൾ**

ചന്ദന എസ്.

**7. കുന്നോത്ത് ഹൈസ്കൂൾ**

ഫാത്തിമ മുസ്ളിഹ

**8. മണിക്കടവ് ഹൈസ്കൂൾ**

മരിയ ജോർജ്
അഭിനവ് വിനോദ്

സൗരവ് വി.
ഡൊമിനിക് ബോബി
സാൻജോസ് ജോസഫ്
എഡ്വിൻ ജോസഫ്
അശ്വന്ത് ശശി

**9. പാലാവയൽ ഹൈസ്കൂൾ**
ജോയൽ വിനോദ്
റ്റിനു അൽഫോൻസ്

**10. പുലിക്കുരുമ്പ ഹൈസ്കൂൾ**
അഗസ്റ്റിൻ ജോസഫ്

**11. പൈസക്കരി ഹൈസ്കൂൾ**
ആൽബിൻ തോമസ് സിബിച്ചൻ

**12. തോമാപുരം ഹൈസ്കൂൾ**
കെവിൻ സോജൻ
മാത്യു വർഗ്ഗീസ്
ആൽഫിൻ വിനോദ്
ആഗ്നസ് കുര്യാക്കോസ്
അൽഫോൻസ കുര്യാക്കോസ്
ആൻമരിയ പി. ജോർജ്
നിവേദ്യ പ്രദീപ്
നന്ദന ഷാജി

**13. വായാട്ടുപറമ്പ ഹൈസ്കൂൾ**
അബിന പ്രസാദ്
ആനന്ദ് രാജേന്ദ്രൻ
ദേവിക കെ.
അഭിനവ് മോഹനൻ

**14. വെള്ളരിക്കുണ്ട് ഹൈസ്കൂൾ**
ജോർജിൻ തോമസ്
ക്രിസ്റ്റീന ജ്യോതിഷ്
അന്ന ജോസഫ്

**സ്നേഹപൂർവ്വം,**

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# വിമൽജ്യോതി വാർത്തകൾ

**B.Tech, M.Tech, MBA Admission 2021-22**

ചെമ്പേരി വിമൽ ജ്യോതിയിൽ അടുത്ത വർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. NRI ക്വാട്ടയിൽ ഇപ്പോൾത്തന്നെ സീറ്റുകൾ ലഭ്യമാണ്. നിങ്ങൾക്ക് ഇഷ്ടമുള്ള ബ്രാഞ്ചിൽ മുൻകൂട്ടി സീറ്റുകൾ ബുക്ക് ചെയ്യുവാൻ സൗകര്യമുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക : 8281750777, 9400062919, 9400062918, 0460 2212240, 2213399

**എൻജിനീയറിംഗ് – മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്**

കേരള എൻജിനീയറിംഗ് – മെഡിക്കൽ പ്രവേശനപരീക്ഷകൾ (**KEAM - NEET - JEE**) 2021 ജൂലൈ മാസത്തിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം **KEAM / NEET** പരീക്ഷകൾ എഴുതാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള എൻട്രൻസ് ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ **മെയ് 9 മുതൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും** സംയുക്തമായി ആരംഭിച്ചു. കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈനിലാണ് പരിശീലനം. ഇനിയും ചേരാനാഗ്രഹിക്കുന്നവർ സാൻജോസ് അക്കാഡമി ഓഫീസിൽ ബന്ധപ്പെടുക. ഇതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ ഫീ : 2000/- രൂപ. ക്ലാസ്സുകൾക്കൊപ്പം സ്റ്റഡി മെറ്റീരിയലുകളും നൽകുന്നതാണ്.

കേരള എൻജിനീയറിംഗ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന KEAM പരീക്ഷ എഴുതി യോഗ്യത നേടുന്നവർക്കാണ് കേരളത്തിലെ എൻജിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുക. പ്ലസ്ടു – ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് മാർക്കും, KEAMന് ലഭിക്കുന്ന സ്കോറും ചേർത്ത് തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് അനുസരിച്ചാണ് പ്രവേശനം നൽകുന്നത്. പ്ലസ്ടു പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്നതോടൊപ്പം എൻട്രൻസ് പരീക്ഷയിൽ ഉയർന്ന സ്കോർ നേടുന്നത് വിമൽ ജ്യോതിയിൽ ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ അഡ്മിഷൻ ലഭിക്കുന്നതിന് സഹായകമാണ്.

എൻട്രൻസ് പരിശീലന മേഖലയിൽ നിരവധി വർഷത്തെ പരിചയസമ്പത്തുള്ള പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്ലാസ്സുകൾ നയിക്കുന്നത്. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹമുള്ള കുട്ടികളെ വിവരം അറിയിക്കണമെന്ന് പ്രത്യേകം താൽപ്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് : 8281750777, 9400062918, 9400062919, 9447683082

**പ്ലേസ്മെന്റ് വാർത്തകൾ**

- പ്രമുഖ ഐ.ടി. കമ്പനിയായ WIPRO നടത്തിയ ക്യാമ്പസ് റിക്രൂ

ട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 3 അവസാനവർഷ വിദ്യാർത്ഥികൾക്ക് പ്രതിമാസം 30,000/- ഓളം ശമ്പളത്തിൽ ജോലി ലഭിച്ചു.

- കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന MITSOGO INCORPORATION മെയ് ആദ്യവാരത്തിൽ വിമൽ ജ്യോതിയിൽ ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 10 വിദ്യാർത്ഥികൾ ഫൈനൽ ഇന്റർവ്യൂവിന് യോഗ്യത നേടി. ഈ മാസം അവസാനത്തോടെ അന്തിമഫലം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
- ഐ.ടി. കമ്പനിയായ INNOVATURE ഏപ്രിൽ മാസം 15-ാം തീയതി സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 5 അവസാനവർഷ വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.
- പ്രശസ്ത ഐ.ടി. കമ്പനിയായ ZOHO INCORPORATION നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിൽ 3 അവസാനവർഷ കമ്പ്യൂട്ടർ സയൻസ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 40,000/- ഓളം രൂപ ശമ്പളത്തിൽ ജോലി ലഭിച്ചു.
- ഓട്ടോമൊബൈൽ സെക്ടറിലെ പ്രമുഖ കമ്പനിയായ TOYOTA KIRLOSKAR MOTORS ഉം വിമൽ ജ്യോതി പ്ലേസ്മെന്റ് സെല്ലും സംയുക്തമായി ഹൈബ്രിഡ് ഇലക്ട്രിക്കൽ വെഹിക്കിൾ ടെക്നോളജിയെ സംബന്ധിച്ച ഒരു വെബിനാർ മൂന്നും, നാലും വർഷ ബി.ടെക് വിദ്യാർത്ഥികൾക്കുവേണ്ടി മെയ് 17-ാം തീയതി സംഘടിപ്പിച്ചു.

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ : 8281750777, 8281730777

E-mail: sanjoseacademytly@gmail.com, sanjoactly@gmail.com


സാൻജോസ് അക്കാഡമിയിൽ നിന്നും സ്നേഹാശംസകൾ. ജൂൺ, ജൂലൈ മാസങ്ങൾ ഇന്ത്യയിലെ വിവിധ കലാലയങ്ങളിലെ വിവിധ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ നടക്കുന്ന സമയമാണല്ലോ. ഇത്തരം പരീക്ഷകൾക്കുവേണ്ടി നമ്മുടെ കുട്ടികളെ നമുക്കൊരുക്കാം. സാൻജോസ് അക്കാഡമിയിൽ വിവിധ പരിശീലനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ കുട്ടികളെ ഇത്തരം പരീക്ഷകളെപ്പറ്റി ബഹുമാനപ്പെട്ട വികാരിയച്ചന്മാർ അറിയിക്കുമല്ലോ. 2021 ജൂൺ - ജൂലൈ മാസങ്ങളിലെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## 1. German Language Coaching

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിൽ സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ ജർമ്മൻ ഭാഷാ പരിശീലനം ആരംഭിച്ചിരിക്കുന്നു. A2 കോഴ്സിന്റെ പുതിയ ബാച്ച് ജൂൺ 15ന് ആരംഭിക്കുന്നു. 20 കുട്ടികൾക്കാണ് അവസരം ഉണ്ടാവുക. ജർമ്മനി. ഓസ്ട്രിയ തുടങ്ങിയ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുന്നവർക്ക് ഈ കോഴ്സ് പ്രയോജനപ്രദമാണ്. എല്ലാ തിങ്കളാഴ്ച്ചകളിലും A1 ന്റെ പുതിയ ബാച്ചുകൾ ആരംഭിക്കത്തക്ക വിധത്തിലാണ് ക്ലാസ്സുകൾ ക്രമപ്പെടുത്തിയിരിക്കുന്നത്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ സാൻജോസ് അക്കാദമി ഓഫീസുമായി ബന്ധപ്പെടുക.

## 2. IELTS / OET

വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് കേന്ദ്രീകരിച്ച് വളരെ വിശാലമായ തോതിലുള്ള IELTS / OET പരിശീലന പരിപാടികൾ നടന്നുകൊണ്ടിരിക്കുന്നു. നമ്മുടെ അതിരൂപതക്ക് അകത്തുനിന്നും പുറത്തുനിന്നുമുള്ള നിരവധി വിദ്യാർത്ഥികൾ പഠിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ പ്രഗത്ഭ IELTS പരിശീലകരുടെ ഒരു ടീം അക്കാഡമിയോടൊപ്പമുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങളോടെ പഠിക്കുവാനുള്ള സൗകര്യമാണ് വിമൽ ജ്യോതിയിലുള്ളത്. IELTS / OET പരീക്ഷകൾ പാസ്സാകുന്നവർക്ക് ജോലി സംബന്ധമായ സഹായ സഹകരണങ്ങൾ അക്കാഡമി ചെയ്തുകൊടുക്കുന്നതാണ്. ഓൺലൈനായി പഠിക്കാനാഗ്രഹിക്കുന്നവർക്കും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതാണ്. ഉപരിപഠനത്തിനായി പോകുന്നവർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 8281 750 777, 8281 730 777. നമ്മുടെ ദൈവാല

യങ്ങളിൽ ഇതിനെ സംബന്ധിച്ചുള്ള ഒരു അറിയിപ്പ് നൽകിയാൽ ഉപകാര മായിരുന്നു.

### 3. K-TET Coaching

2021 ജൂൺ മാസത്തിൽ നടക്കാനിരിക്കുന്ന K-TET പരീക്ഷയ്ക്ക് ഒരുക്ക മായുള്ള പരിശീലനങ്ങൾ ഓൺലൈനായി ആരംഭിച്ചു. കാറ്റഗറി I & II നുവേ ണ്ടിയുള്ള പരിശീലനമാണ് നടത്തപ്പെടുന്നത്.

### 4. സാൻജോസ് ഓൺലൈൻ എൻട്രൻസ് കോച്ചിംഗ്

തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ കേന്ദ്രീകരിച്ച് പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്ക് വേണ്ടിയുള്ള എൻട്രൻസ് പരിശീലനങ്ങൾ നട ന്നുകൊണ്ടിരിക്കുന്നു.

### 5. പ്ലസ് വൺ / പ്ലസ് ടു എൻട്രൻസ് - ട്യൂഷൻ

2021-22 വർഷത്തിൽ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള എൻട്രൻസ് ട്യൂഷൻ പരിശീലനങ്ങൾ ജൂലൈ മാസം മുതൽ ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### 6. Communicative English & Grammar Class for Students

ഇംഗ്ലീഷ് ഭാഷാനൈപുണ്യം ഉജ്ജ്വലിപ്പിക്കുവാനായി സ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ഓൺലൈൻ ഇംഗ്ലീഷ് പരിശീലനം ജൂൺ 1 മുതൽ പുതിയ ബാച്ച് ആരംഭിക്കുന്നു. 25 വിദ്യാർത്ഥികൾക്ക് അടുത്ത ബാച്ചിൽ പരിശീലനം നൽകാൻ സാധിക്കും. ആവശ്യമുള്ളവർ നേരത്തെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ബഹു. സോണി വടശ്ശേരി അച്ചനാണ് ക്ലാസ്സു കൾക്ക് നേതൃത്വം നൽകുന്നത്. കോഴ്സ് ഫീസ് 3000/- രൂപ. 2 മാസം നീണ്ടുനില്ക്കുന്ന പരിശീലനമാണ് നൽകുന്നത്.

### 7. എൻജിനീയറിംഗ് - മെഡിക്കൽ എൻട്രൻസ് ഓൺലൈൻ ക്രാഷ് കോഴ്സ്

കേരള എൻജിനീയറിംഗ് - മെഡിക്കൽ പ്രവേശനപരീക്ഷകൾ **(KEAM - NEET - JEE)** 2021 ജൂലൈ മാസത്തിൽ നടക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വർഷം **KEAM / NEET** പരീക്ഷകൾ എഴുതാൻ ആഗ്രഹിക്കുന്ന കുട്ടികൾക്കുവേ ണ്ടിയുള്ള എൻട്രൻസ് ക്രാഷ് കോച്ചിംഗ് ക്യാമ്പുകൾ **മെയ് 9 മുതൽ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജും സാൻജോസ് അക്കാഡമിയും** സംയു ക്തമായി ആരംഭിച്ചു. കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ഓൺലൈനിലാണ് പരിശീലനം. ഇനിയും ചേരാനാഗ്രഹിക്കുന്നവർ സാൻജോസ് അക്കാഡമി ഓഫീസിൽ ബന്ധപ്പെടുക. രജിസ്ട്രേഷൻ ഫീ: 2000/- രൂപ. ക്ലാസ്സുകൾക്കൊപ്പം സ്റ്റഡി മെറ്റീരിയലുകളും നൽകുന്നതാണ്.

കേരള എൻജിനീയറിംഗ് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന KEAM പരീക്ഷ എഴുതി യോഗ്യത നേടുന്നവർക്കാണ് കേരളത്തിലെ എൻജി

നീയറിംഗ് കോളേജുകളിൽ അഡ്മിഷൻ ലഭിക്കുക. പ്ലസ്ടു - ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് മാർക്കും, KEAMന് ലഭിക്കുന്ന സ്കോറും ചേർത്ത് തയ്യാറാക്കുന്ന റാങ്ക്ലിസ്റ്റ് അനുസരിച്ചാണ് പ്രവേശനം നൽകുന്നത്. പ്ലസ്ടു പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്നതോടൊപ്പം എൻട്രൻസ് പരീക്ഷയിൽ ഉയർന്ന സ്കോർ നേടുന്നത് വിമൽ ജ്യോതിയിൽ ഇഷ്ടപ്പെട്ട ബ്രാഞ്ചിൽ അഡ്മിഷൻ ലഭിക്കുന്നതിന് സഹായകമാണ്.

എൻട്രൻസ് പരിശീലന മേഖലയിൽ നിരവധി വർഷത്തെ പരിചയസമ്പത്തുള്ള പ്രഗത്ഭരായ അദ്ധ്യാപകരാണ് ക്ലാസ്സുകൾ നയിക്കുന്നത്. കോഴ്സിൽ പങ്കെടുക്കുവാൻ ആഗ്രഹമുള്ള കുട്ടികളെ വിവരം അറിയിക്കണമെന്ന് പ്രത്യേകം താൽപ്പര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് : 8281750777, 9400062918, 9400062919, 9447683082

**8.** ഗവൺമെന്റ് മേഖലയിലെ വിവിധ ജോലികൾക്കുള്ള PSC / UPSC പരീക്ഷകൾക്കുവേണ്ടിയുള്ള പരിശീലനങ്ങൾ സാൻജോസ് അക്കാഡമിയിൽ ഓൺലൈനായി ആരംഭിക്കുകയാണ്. ഇതിനാവശ്യമായ മൊബൈൽ ആപ്ലിക്കേഷൻ ഡെവലപ്പ് ചെയ്ത് കഴിഞ്ഞിരിക്കുന്നു. 2500 രൂപ ഫീസിൽ 2 വർഷത്തേയ്ക്ക് വിദ്യാർത്ഥികൾക്ക് പരിശീലനം നടത്താവുന്നതാണ്. കുറഞ്ഞ ചിലവിൽ നമ്മുടെ രൂപതയിലുള്ള യുവജനങ്ങൾക്ക് പരിശീലനം ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കെ.സി.വൈ.എം അതിരൂപതയുടെ നേതൃത്വത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 1999 രൂപ ഫീസ് അടച്ചാൽ മതിയാകും. വിശദാംശങ്ങൾക്ക് കെ.സി.വൈ.എം ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 9400062918

സ്നേഹാശംസകളോടെ,

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# നിർമ്മലഗിരി വാർത്തകൾ

## ലോക്ഡൗൺ കാലത്തും ഡൗൺ ആകാതെ നിർമലഗിരി കോളേജ്

കോവിഡ് എന്ന മഹാവ്യാധി പെയ്തിറങ്ങി അടച്ചിടേണ്ടിവന്നപ്പോഴും വളരെ സജീവമായിരുന്നു നിർമലഗിരി കോളേജ്. അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളുമെല്ലാം ഒൺലൈനിൽകഴിഞ്ഞമാസം മിക്കവാറും ദിവസങ്ങളിൽ വിവിധ പഠന- ഇതര പരിപാടികളുമായി സജീവമായി. അതിൽ ഏറ്റവും എടുത്തു പറയേണ്ടത് ഓൺലൈൻ കലോത്സവമാണ്.

വിദ്യാർത്ഥികളിലെ സമ്മർദം കുറയ്ക്കുക എന്ന ലക്ഷ്യവുമായാണ് കണ്ണൂർ സർവകലാശാലയ്ക്ക് കീഴിൽ ആദ്യമായി ഒരു കോളജ് ഓൺലൈൻ കലോത്സവം എന്ന പരീക്ഷണവുമയായി രംഗത്തിറങ്ങിയത്. ഇത് വളരെയേറെ വിജയമായിരുന്നു എന്ന് തെളിയിക്കുന്നതായിരുന്നു വിദ്യാർത്ഥികളുടെ കൂട്ടത്തോടെയുള്ള പങ്കെടുക്കൽ.

മെയ് 17 - മുതൽ നടത്തിയ ഓൺലൈൻ കലോത്സവത്തിന്റെ പേരും ലോഗോയും മെയ് 11 ന് കോളേജ് പ്രിൻസിപ്പൽ ഡോ.കെ.വി. ഔസേപ്പച്ചൻ പ്രകാശനം ചെയ്തു. കലോത്സവ വെബ്സൈറ്റ് ഉദ്ഘാടനം കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി നിർവഹിച്ചു. വെബ്സൈറ്റ് തയ്യാറാക്കിയ ഇക്കണോമിക്സ് അസി. പ്രഫ. മനു കെ എം കലോത്സവത്തിന് ആരവം 2021 എന്ന പേരും ലോഗോയും തയ്യാറാക്കിയ രണ്ടാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥി ആശാ ഫ്രാൻസീസ്, പ്രമോ വീഡിയോ തയ്യാറാക്കിയ ഒന്നാം വർഷ ഇക്കണോമിക്സ് വിദ്യാർത്ഥി മിലൻഷാ കെ.എം. എന്നിവരെ പ്രിൻസിപ്പലും ബർസാറും അനുമോദിച്ചു. ഫൈനാർട്ട്സ് കോ ഓഡിനേറ്റർ ഡോ. ജെയ്സൻ ജോസഫ് സ്വാഗതം പറഞ്ഞു.

12-ാം തീയതി നിർമ്മലഗിരി കോളേജ് എൻ.സി.സി 9 കെ. ഗേൾസ് ബറ്റാലിയൻ വെബിനാർ സംഘടിപ്പിച്ചു. 'സെക്കന്റ് വേവ് ഓഫ് കോവിഡ് അറിയാനും അനുകരിക്കാനുമുള്ള മാർഗങ്ങൾ' എന്ന വിഷയത്തിൽ കണ്ണൂർ ഗവ. നഴ്സിംഗ് സ്കൂൾ റിട്ട. നഴ്സിംഗ് ട്യൂട്ടർ കമലാക്ഷി കെ. ക്ലാസെടുത്തു. ലഫ്. കേണൽ ഡോ. സുജാ മറിയാമ്മ ജോഷ്വാ അധ്യക്ഷയായിരുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ.കെ.വി. ഔസേപ്പച്ചൻ ഉദ്ഘാടനം ചെയ്തു. എൻ.സി.സി കേഡറ്റ് മാളവിക എ.പി. സ്വാഗതവും ലാൻസ് കോർപറൽ ശ്രുതി എൻ നന്ദിയും പറഞ്ഞു.

16-ന് നിർമ്മലഗിരി കോളേജ് എൻഎസ്എസ് യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ 'സ്ട്രസ് മാനേജ്മെന്റ്-ലൈഫ് മാനേജ്മെന്റ്' എന്ന വിഷയത്തിൽ ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ഔസേപ്പച്ചൻ അധ്യക്ഷനായിരുന്നു. കോഴിക്കോട് ജോൺപോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസലിംഗ് ആൻഡ് സൈക്കോളജിയിലെ അധ്യാപകൻ

ആൽബിൻ സഖറിയാസ് വിഷയാവതരണം നടത്തി. ലോക്ക്ഡൗൺ കാലത്ത് കുട്ടികൾ അനുഭവിക്കുന്ന മാനസീക പിരിമുറുക്കങ്ങളെക്കുറിച്ചും അവയെ തരണം ചെയ്യേണ്ട മാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു മോഡറേറ്ററായി. വോളന്റിയേഴ്സായ രാരിഷ, നന്ദന പ്രേമരാജ്, സെസി തോമസ് എന്നിവർ സംസാരിച്ചു.

17-ന് നിർമലഗിരി ഓൺലൈൻ കലോത്സവത്തിന്റെ ഉദ്ഘാടനം തലശ്ശേരി അതിരൂപതാ സഹായ മെത്രാനും നിർമലഗിരി കോളജ് മാനേജരുമായ മാർ ജോസഫ് പാംപ്ലാനി നിർവഹിച്ചു. സമാനതകളില്ലാത്ത സങ്കടങ്ങളിൽ മനുഷ്യൻ പ്രത്യാശയുള്ളവനായിരിക്കണമെന്നും അതിജീവനത്തിന്റെ കരുത്തുപകരുന്നവയാണ് ഇത്തരം കലോത്സവങ്ങൾ എന്നും മാർ ജോസഫ് പാംപ്ലാനി പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ ഡോ.കെ.വി. ഔസേപ്പച്ചൻ അധ്യക്ഷത വഹിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റി ഡിഎസ്എസ് ഡോ. പ്രിയാ വർഗിസ് മുഖ്യ പ്രഭാഷണം നടത്തി. കോളജ് ബർസാർ ഫാ. ഷാജി തെക്കേമുറി ഐക്യുഎസി കോർഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ, വിദ്യാർഥി പ്രതിനിധി സ്റ്റെറിൻ ക്ലീറ്റസ് എന്നിവർ ആശംസകൾ അറിയിച്ച് സംസാരിച്ചു. ഫൈനാർട്സ് കോ ഓഡിനേറ്റർ ഡോ. ജയ്സൻ ജോസഫ് സ്വാഗതവും ഫൈൻ ആർട്സ് ഓൺസ്റ്റേജ് കൺവീനർ ഡോ. ദീപാ മോൾ മാത്യു നന്ദിയും പറഞ്ഞു.

21-ന് ഓൺലൈൻ കലോത്സവത്തിന്റെ സമാപന സമ്മേളനം നടന്നു. കോളേജ് പ്രിൻസിപ്പാൾ ഡോ. ഔസേപ്പച്ചൻ കെ.വി. അധ്യക്ഷനായിരുന്ന ചടങ്ങിൽ കോളേജ് ബർസാർ ഫാ. ഷാജി തെക്കേമുറി അനുഗ്രഹപ്രഭാഷണം നടത്തി. കോളേജ് വൈസ് പ്രിൻസിപ്പൽ റവ. ഡോ. ജോബി ജേക്കബ് മുഖ്യപ്രഭാഷണം നടത്തി. സീനിയർ അധ്യാപിക ഡോ. ടെസി ജോർജ്, അഡ്മിനിസ്ട്രേറ്റിവ് സ്റ്റാഫ് പ്രതിനിധി മോളി ജോസഫ് , വിദ്യാർത്ഥി പ്രതിനിധി അഭിഷേക് രാജീവ് എന്നിവർ സംസാരിച്ചു.

ഫൈനാർട്ട്സ് കോ ഓർഡിനേറ്റർ ഡോ. ജെയ്സൻ ജോസഫ് കലോത്സവം വിലയിരുത്തി സംസാരിച്ചു. തുടർന്ന് കലാപ്രതിഭകളായ സിദ്ധാർത്ഥ് കെ.സി, നന്ദകുമാർ ഡി.എസ്. കലാതിലകമായ അഞ്ജു സതീഷ് എന്നിവർ സംസാരിച്ചു. ഫൈനാർട്ട്സ് ജോയിന്റ് കോ ഓഡിനേറ്റർ അസി. പ്രഫ. സിസ്റ്റർ സുജ മോൾ ജോസഫ് സ്വാഗതവും ഓഫ് സ്റ്റേജ് കൺവീനർ അസി. പ്രഫ. ജോൺസൺ ജോർജ് നന്ദിയും പറഞ്ഞു. തുടർന്ന് സമ്മാനാർഹമായ കലാപരിപാടികൾ നിർമലഗിരി യൂട്യൂബ് ചാനലിൽ അപ് ലോഡ് ചെയ്തു. ആകെ 53 ഇനങ്ങളിലാണ് മത്സരം നടന്നത്.

അന്നുതന്നെ ആന്റി ടെററിസത്തോടനുബന്ധിച്ച് എൻ.സി.സി. 9 കെ. ഗേൾസ് ബറ്റാലിയൻ ഇൻവസ്റ്റിംഗ് ഇൻ യൂത്ത് ടു കൗണ്ടർ - ടെററിസം എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. എൻ.സി.സി. കോഴിക്കോട് അഡ്മിനിസ്ടേറ്റിവ് ഓഫീസർ മേജർ. ഭാവനാ തൃപതി വിഷയാവതരണം നടത്തി. ലഫ്. കേണൽ ഡോ. സുജാ മറിയാമ്മ ജോഷാ അധ്യക്ഷയായിരുന്നു.

കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. വെബിനാർ ഉദ്ഘാടനം ചെയ്തു. നിർമ്മലഗിരി കോളേജ് എ എൻ ഒ ലഫ് . കേണൽ ഡോ. ടി.കെ. സെബാസ്റ്റ്യൻ ആശംസയർപ്പിച്ച് സംസാരിച്ചു. കേഡറ്റ് തീർത്ഥ സ്വാഗതവും കേഡറ്റ് വീണാ വലാങ്കി നന്ദിയും പറഞ്ഞു.

22-ന് നിർമ്മലഗിരി കോളേജിൽ കരിയർ ഗൈഡൻസ്&പ്ലെയ്സ്മെന്റ് സെല്ലിന്റേയും മെന്ററിംഗ് കമ്മിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ 'സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ലൈഫ് സ്കിൽസ്' എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി. പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഐ ക്യു എസി കോ ഓഡിനേറ്റർ ഡോ. സാബു സെബാസ്റ്റ്യൻ ആശംസകളറിയിച്ച് സംസാരിച്ചു. കരിയർ ഗൈഡൻസ് & പ്ലെയ്സ്മെന്റ് സെൽ കൺവീനർ അസി. പ്രഫ. ദീപു ജോസഫ് സ്വാഗതവും മെന്ററിംഗ് കമ്മിറ്റി മെമ്പർ അസി. പ്രഫ. ദീപ്തി ലിസ്ബത്ത് കെ നന്ദിയും പറഞ്ഞു. ഉദ്ഘാടന സമ്മേളനത്തിനുശേഷം തിരുവനന്തപുരം ഇൻസൈറ്റ് ജോബ് ഗുരു മാനേജിംഗ് ഡയറക്ടർ രഞ്ജിത്ത് രവി കേശവ് കരിയർ പ്ലാനിംഗ് & ജോബ് സെറ്റിംഗ് എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

അന്നുതന്നെ നിർമ്മലഗിരി കോളേജ് എൻ.എസ്.എസ് യൂണിറ്റുകൾ 'ലോക് ഡൗൺ കാലത്തെ കൃഷി' എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. കൂത്തുപറമ്പ് അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടർ അജിമോൾ ഇ.കെ ക്ലാസ് നയിച്ചു. അടുക്കളത്തോട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഓരോ കാലാവസ്ഥയിലും കൃഷി ചെയ്യേണ്ട വിളകളെക്കുറച്ചും മണ്ണുള്ളവർക്കും ഇല്ലാത്തവർക്കും പറ്റുന്ന കൃഷിയെക്കുറിച്ചും ജൈവ വളം, ജൈവകീടനാശിനി എന്നിവ ഉണ്ടാക്കുന്ന വിധം, മണ്ണൊരുക്കുന്ന രീതി, മഴമറ കൃഷി, മൈക്രോ ഗ്രീൻ എന്നി വിഷങ്ങളെക്കുറിച്ച് വളരെ വിശദമായി അജിമോൾ ഇ.കെ സംസാരിച്ചു.പ്രോഗ്രാം ഓഫീസർ ഡോ. ദീപാ മോൾ മാത്യു വെബിനാർ മോഡറേറ്റ് ചെയ്തു. ഡോ. ടെസി ജോർജ് ഡോ.സുജാ മറിയാമ്മ ജോഷ്വാ, വിസ്മയ വിജയൻ, വൈഷ്ണ എൻ സന്തോഷ് എന്നിവർ സംസാരിച്ചു. വോളന്റിയേഴ്സായ മരിയാ ജോറി സ്വാഗതവും അഞ്ജലി പി. സജീവൻ നന്ദിയും പറഞ്ഞു.

24ന് നിർമ്മലഗിരി കോളേജ് എൻ.എസ്.എസ് യൂണിറ്റ് മാങ്ങാട്ടിടം പഞ്ചായത്തിന് പി.പി.ഇ കിറ്റും മാസ്കും നൽകി. കോളേജ് പ്രിൻസിപ്പൽ ഡോ .ഔസേപ്പച്ചൻ കെ.വിയും എൻ.എസ് എസ്. പ്രോഗ്രാം ഓഫീസർ ഡോ. ദീപാമോൾ മാത്യുവും വോളന്റിയേഴ്സും ചേർന്നാണ് പഞ്ചായത്ത് പ്രസിഡന്റ് പി.സി. ഗംഗാധരന് 25 പി.പി.ഇ കിറ്റും മാസ്കുകളും കൈമാറിയത്.

**പി ആർ ഒ**
നിർമ്മലഗിരി കോളേജ്

# ഇൻഫാം വാർത്തകൾ

### ആദരാഞ്ജലികൾ

ഇൻഫാംപ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകനും യൂണിറ്റ്, മേഖലാതല ഭാരവാഹിയുമായിരുന്ന വായാട്ടുപറമ്പ സ്വദേശിയായ ജോർജ് അർത്തനാകുന്നേലിന്റെ ദേഹവിയോഗത്തിൽ ഇൻഫാം ജില്ലാ കമ്മിറ്റി അനുശോചിച്ചു. സാറിന്റെ ആത്മാവിന് നിത്യാശാന്തിനേരുന്നു. കുടുംബാംഗങ്ങൾക്ക് പ്രാർത്ഥനാപൂർവമായ അനുശോചനവും.

### ഇൻഫാംമലബാർ മേഖലാ പ്രവർത്തക കൺവൻഷൻ

മെയ് 15-ന് ഓൺലൈനായി നടത്തപ്പെട്ട മലബാർ മേഖലാ പ്രവർത്തക കൺവെൻഷൻ ഇൻഫാംദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ നിർവഹിച്ചു. രാജ്യം നേരിടുന്ന പ്രതിസന്ധികൾക്കിടയിൽ കർഷകരെ അവഗണിക്കരുതെന്നും ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്ന കർഷക സമരം അവസാനിപ്പിക്കണമെന്നും അടിയന്തരമായ വിവിധ കാർഷിക പ്രശ്നങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇടപെടണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ഇൻഫാം കണ്ണൂർ ജില്ലാ പ്രസിഡന്റ് സ്കറിയ നെല്ലംകുഴി അധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം വിഷയാവതരണവും സംസ്ഥാന സെക്രട്ടറി ഫാ. ജോസഫ് കാവനാടിയിൽ മുഖ്യ പ്രഭാഷണവും നടത്തി. സണ്ണി തുണ്ടത്തിൽ, ജോസ് തോണിക്കൽ, സണ്ണി പുല്ലുവേലിൽ, ലാലിച്ചൻ കുഴിയാത്ത്, ഉണ്ണികൃഷ്ണൻ ചുഴലി, ഷാജി തെക്കേക്കര, ആന്റണി ജീരകത്തിൽ, ടോമി ചക്കാലക്കുന്നേൽ, ജെറിൻ വട്ടക്കുന്നേൽ, സുരേഷ ഓടപന്തിയിൽ എന്നിവർ പ്രസംഗിച്ചു.

### ജില്ലാ കമ്മിറ്റി

മെയ് 19-ന് ഓൺലൈനായി കൂടിയ ജില്ലാ കമ്മിറ്റിയിൽ ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം ഉദ്ഘാടനം നിർവഹിച്ചു. റബറിന്റെ ഇൻസെന്റീവ് 250 ആയി ഉയർത്തണമെന്നും ക്ഷീര കർഷകവിഷയത്തിൽ സത്വരമായ നടപടികൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് സ്കറിയ നെല്ലംകുഴി അധ്യക്ഷതവഹിച്ചു. ജില്ലാകമ്മിറ്റി അംഗങ്ങൾ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

### നന്ദിയോടെ....

ഇൻഫാമിന്റെ നേതൃത്വത്തിൽ നാളിതുവരെ നടത്തപ്പെട്ട കൊച്ചുകൊച്ചു മുന്നേറ്റങ്ങളിൽ സമയോചിതമായ മീറ്റിംഗുകളിലൂടെയും ഇതരഇടപെടലു

# എ. ഡി. എസ്. യു.

**അതിരൂപത എക്സിക്യൂട്ടീവ്**

മെയ് 13-ന് നടത്തപ്പെട്ട സൂം മീറ്റിംഗിൽ അതിരൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. നാളിതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി. കണക്കും റിപ്പോർട്ടും അവതരിപ്പിക്കപ്പെട്ടു.

**നന്ദിയോടെ...**

മോൺ. തോമസ് തൈത്തോട്ടത്തിൽ അച്ചനുശേഷം ഏൽപ്പിക്കപ്പെട്ട എഡിഎസ് യുവിന്റെ ഉത്തരവാദിത്വ നിർവഹണത്തിൽ എന്നോടൊപ്പംനിന്ന് സജീവ നേതൃത്വം നല്കിയ കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താം പടവിൽ, ചീഫ് ഓർഗൈനസർ അഡ്വ. മനോജ് എം. കണ്ടത്തിൽ, ചീഫ് ആനിമേറ്റർ ആൽബിൻ മണ്ടുംപാല, സി. ഷൈല എസ്കെഡി, റിൻസി പി കുര്യൻ, ജോഷി പാരിയ്ക്കാപള്ളിൽ, സെബിൻ ജോസ്, റീന ചെറിയാൻ മഞ്ജുഷ കുര്യൻ എന്നീ അധ്യാപക പ്രതിനിധികൾക്കും എഡിഎസ്യുവിനോട് സഹകരിച്ച എല്ലാ സ്കൂൾ അധികൃതർക്കും, അധ്യാപകർക്കും അധ്യാപക ആനിമേറ്റർമാർക്കും ജൂണിയർ ഭാരവാഹികൾക്കും എല്ലാ എഡിഎസ് യു പ്രവർത്തകർക്കും അകൈതവമായ നന്ദി.

ആദരവോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

---

കളിലൂടെയും താങ്ങുംതണലുമായിരുന്ന ഇൻഫാംദേശീയ ചെയർമാൻ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ, സംസ്ഥാന സെക്രട്ടറി ഫാ. ജോസഫ് കാവനാടി, ജില്ലാ പ്രസിഡന്റ് സ്കറിയ നെല്ലംകുഴി, സണ്ണി തുണ്ടത്തിൽ, സണ്ണി പുല്ലുവേലിൽ, ഡോ. ജോസഫ് തോമസ്, ലാലിച്ചൻ കുഴിയാത്ത്, ജോസ് തോണിക്കൽ, ഉണ്ണികൃഷ്ണൻ ചുഴലി, ഷാജി തെക്കേക്കര, ആന്റണി ജീരകത്തിൽ, ടോമി ചക്കാലക്കുന്നേൽ, ജെറിൻ വട്ടക്കുന്നേൽ, സുരേഷ ഓടപന്തിയിൽ, ആന്റണി ജീരകത്തിൽ എന്നീ ജില്ലാ കമ്മറ്റി അംഗങ്ങൾക്കും എല്ലാ മേഖലാ ഡയറക്ടർ അച്ചന്മാർക്കും ഇൻഫാം പ്രവർത്തകർക്കും അഭ്യുദയ കാംക്ഷികൾക്കും സഹകാരികൾക്കും ഓഫീസ് കാര്യങ്ങളിൽ സഹായിച്ച ജോയി മണ്ടപത്തിക്കുന്നേൽ എന്നിവർക്കും ഹൃദ്യമായ നന്ദി. ഇൻഫാമിന്റെ നിയുക്ത ഡയറക്ടർ ഫാ. തോമസ് ചെരുവിലിന് വിജയാശംസകളും നേരുന്നു.

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

# പ്രതീക്ഷ ലഹരിമോചന കേന്ദ്രം

## കോവിസ് കാല ചികിത്സാ സംവിധാനം

നമ്മുടെ പ്രതീക്ഷയിൽ ഈ കോവിഡ് കാലത്തും ചികിത്സാ സംവിധാനം തുടർന്നു കൊണ്ടിരിക്കുന്നു. പ്രതീക്ഷാ ഓഫീസിൽ ബന്ധപെട്ടതിനുശേഷം മാത്രമേ രോഗികളെ ചികിത്സക്കായി പറഞ്ഞു വിടാവൂ. 04902 388 057, 2388 957, 940006 2914 ഫാ. ചാക്കോ കുടിപ്പറമ്പിൽ -9446988495

## നന്ദിയോടെ .... ആശംസകളോടെ...

കഴിഞ്ഞ പൂർണ്ണ ആറ് വർഷങ്ങളിൽ പ്രതീക്ഷയുമായി സഹകരിക്കുകയും വളർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാവർക്കും ഒത്തിരിയേറെ നന്ദി. അഭിവന്ദ്യ പിതാക്കന്മാർ, ബഹുമാനപ്പെട്ട അച്ചൻമാർ, സിസ്റ്റേഴ്സ്, അൽമായ സഹോദരങ്ങൾ എന്നിവർക്കെല്ലാം ഹൃദ്യമായ നന്ദി. പ്രതീക്ഷയുടെ പ്രഥമ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട മോൺ. തോമസ് തൈത്തോട്ടത്തിലച്ചനേയും ഇപ്പോഴത്തെ മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും മുൻ സ്റ്റാഫ് അംഗങ്ങളെയും നിലവിലെ സ്റ്റാഫ് അംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

പ്രതീക്ഷയുടെ പുതിയ ഡയറക്ടറായി ഉത്തരവാദിത്വമേല്ക്കുന്ന ബഹു. ചാക്കോ കുടിപ്പറമ്പിൽ അച്ചന് ഭാവുകങ്ങളും ആശംസകളും സ്നേഹോഷ്മളമായ സ്വാഗതവും നേരുന്നു.

ആദരവോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
കോ-ഡയറക്ടർ

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ

## മെയ് 1 തൊഴിലാളി ദിനത്തിൽ നേതൃസമ്മേളനം നടത്തി, പ്രമേയം പാസ്സാക്കി

മെയ് ഒന്നിന് ലോകതൊഴിലാളി ദിനത്തിൽ അതിരൂപതാ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയും, മുക്തിശ്രീയും സംയുക്തമായി നേതൃസമ്മേളനവും മദ്യത്തിന്റെ ഹോം ഡെലിവറിയെക്കുറിച്ച് ആലോചന നടത്തുന്നതിൽ നിന്നും പിൻന്തിരിയണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയവും പാസ്സാക്കി. നേതൃത്വ സമ്മേളനം ആർച്ചുബിഷപ്പ് മാർ ജോർജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ മദ്യവിരുദ്ധപ്രവർത്തനങ്ങളുടെ ആവശ്യകത ആർച്ചുബിഷ്പ്പ് ഊന്നിപ്പറഞ്ഞു. സമ്മേളനത്തിൽ അതിരൂപതാപ്രസിഡന്റുമാരായ ആന്റണിമേൽവെട്ടം ഷിനോ പാറയ്ക്കൽ എഫ്സിസി പ്രൊവിൻഷ്യൽ റവ. സി. നോബിൾ, സി. ജോസ് മരിയ സിഎംസി, ഫാ. ചാക്കോ കുടിപ്പറമ്പിൽ എന്നിവരും സംസാരിച്ചു.

## ലോക തൊഴിലാളികൾക്കും മദ്യവിരുദ്ധപ്രവർത്തകർക്കുമായി ദിവ്യകാരുണ്യ ആരാധന അമ്മാംകുളത്ത്

മെയ് രണ്ട് ഞായറാഴ്ച ലോക തൊഴിലാളികൾക്കുവേണ്ടിയും മദ്യവിരുദ്ധപ്രവർത്തകർക്കുവേണ്ടിയും ദിവ്യകാരുണ്യ ആരാധന അമ്മാംകുളത്ത് വച്ച് നടത്തപ്പെട്ടു. ഫാ. ചാക്കോ കുടിപ്പറമ്പിൽ, ഫാ. മാത്യു വളവനാൽ എന്നിവർ നേതൃത്വം നല്കി.

## അന്താരാഷ്ട്രകുടുംബദിനം: 12 മണിക്കൂർ ഉപവാസം

അന്താരാഷ്ട്രകുടംബദിനമായ മെയ് 15-ാം തീയതി ശനയാഴ്ച അതിരൂപതയിലെ കെസിബിസി മദ്യവിരുദ്ധസമിതി, മുക്തിശ്രീ, എഡിഎസ്‌യു എന്നീ സംഘടനകൾ സംയുക്തമായി 12 മണിക്കൂർ ഉപവാസം നടത്തി. കോവിഡ് മുക്തലോകം, മദ്യലഹരി മുക്തകുടുംബം, മൈത്രിയും ആനന്ദവും നിറഞ്ഞ കുടുംബം എന്നീ നിയോഗങ്ങൾക്കായാണ് ഉപവാസ പ്രാർത്ഥന നടത്തിയത്.

പന്ത്രണ്ടുമണിക്കൂർ ഉപവാസം സന്ദേശഭവനിൽവച്ച് മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. റവ. ഡോ. ഫിലിപ്പ് കവിയിൽ, റവ. ഡോ. ജോൺസൺ അന്ത്യാംകുളം, റവ. ഡോ. ടോം ഓലിക്കരോട്ട്, റവ. ഫാ. വിപിൻ വടക്കേപ്പറമ്പിൽ, റവ. ഫാ. ജോസഫ് വേങ്ങക്കുന്നേൽ എന്നിവർ സന്നിഹിതരായിരുന്നു. ഫാ. ചാക്കോ കുടിപ്പറമ്പിൽ സന്ദേശഭവനിലും പൊതുപ്രവർത്തകരായ സംഘടനാ നേതാക്കൾ അവരവരുടെ ഭവനങ്ങളിലും ഉപവാസം അനുഷ്ഠിച്ചു.

സസ്നേഹം,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# സാമൂഹ്യസേവനവേദി

**തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി**

**(ടി.എസ്.എസ്.എസ്.)**

## മലയോര മേഖലയ്ക്ക് ആശ്വാസമായി ആധുനിക സൗകര്യത്തോടെ തലശ്ശേരി അതിരൂപതയുടെ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തനമാരംഭിച്ചു

കോവിഡ്-19 രണ്ടാം തരംഗം അതിശക്തമായ പശ്ചാത്തലത്തിൽ എല്ലാ ആശുപത്രികളിലും കോവിഡ്-19 പരിശോധനയ്ക്ക് പ്രത്യേകം ചികിത്സാസൗകര്യങ്ങൾ ഒരുക്കണമെന്ന ബഹു. കേരള മുഖ്യമന്ത്രിയുടെ ആഹ്വാനപ്രകാരവും, കോവിഡ്-19 അനുബന്ധ ചികിത്സയുടെ ഭാരിച്ച ചിലവുകൾ താങ്ങാനാവാതെ മലയോര മേഖലയിലെ സാധാരണക്കാർ ചികിത്സിക്കാതെയും മരുന്നുകൾ കഴിക്കാതെയും ഈ രോഗത്തിന് കീഴടങ്ങുന്ന സാഹചര്യത്തിൽ അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശ പ്രകാരവും തലശ്ശേരി അതിരൂപതയുടെ കീഴിൽ കരുവഞ്ചാലിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സെന്റ് ജോസഫ്സ് ആശുപത്രിയുടെ സഹകരണത്തോടെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്റർ ആരംഭിച്ചു. കണ്ണൂർ ജില്ലയിലെ മലയോരമേഖലയിലെ സാധാരണക്കാർക്ക് സർക്കാർ നിർദ്ദേശിച്ചതിലും വളരെ കുറഞ്ഞതും സൗജന്യമായതുമായ നിരക്കിൽ ഇവിടെനിന്നും യഥാസമയം ചികിത്സ തേടാനും ആരോഗ്യം ഉറപ്പുവരുത്താനും സാധിക്കുന്നു.

രണ്ട് വെന്റിലേറ്ററുകൾ, നാല് സെമി വെന്റിലേറ്ററുകൾ (HFNC), സെന്റർലൈസ്ഡ് ഓക്സിജൻ സൗകര്യത്തോടുകൂടിയ 50-ഓളം ബെഡുകൾ, ലാബ്, എക്സ്റേ, ഇസിജി, മോണിറ്റർ, മറ്റു മെഡിക്കൽ ഉപകരണങ്ങൾ തുടങ്ങി 60 ലക്ഷത്തിൽ പരം രൂപ ചിലവഴിച്ച് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററാണ് സാധാരണക്കാർക്കായി ഇവിടെ തയ്യാറാക്കുന്നത്. കോവിഡ്-19 വ്യാപനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന അടിയന്തിര ഘട്ടമായതിനാൽ പ്രാഥമിക സൗകര്യങ്ങളോടു കൂടിയാണ് ട്രീറ്റ്മെന്റ് സെന്റർ ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോർജ് ഞറളക്കാട്ട് പിതാവ് അധ്യക്ഷത വഹിച്ച ചടങ്ങിൽ സെന്ററിന്റെ ഔപചാരിക ഉദ്ഘാടനകർമ്മം ബഹു. കേരള ആരോഗ്യവകുപ്പ് മന്ത്രി ശ്രീമതി കെ.കെ. ശൈലജ ടീച്ചർ ഓൺലൈൻ വഴി നിർവ്വഹിച്ചു. തലശ്ശേരി അതിരൂപത സഹായമെത്രാൻ

മാർ ജോസഫ് പാംപ്ലാനി അനുഗ്രഹ പ്രഭാഷണം നടത്തി. കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി, അസി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോളി പുത്തൻപുര, മഹാരാഷ്ട്ര യിലെ ബെൽ എയർ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. ടോമി കരിയിലക്കുളം തുടങ്ങിയവർ ഓൺലൈൻ വഴി മുഖ്യാതിഥികളായി ചടങ്ങിൽ സംബന്ധിച്ചു. ഇരിക്കൂർ നിയോജകമണ്ഡലം നിയുക്ത എം.എൽ.എ. അഡ്വ. സജീവ് ജോസഫ് മുഖ്യപ്രഭാഷണം നടത്തി. തളിപ്പറമ്പ് മുൻ എം.എൽ.എ. ശ്രീ. ജെയിംസ് മാത്യു, ആലക്കോട് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജോജി കന്നിക്കാട്ടിൽ, ഉദയഗിരി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. കെ.എഫ്. ചന്ദ്രശേഖരൻ, നടുവിൽ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബേബി ഓടംപള്ളിയിൽ, ആലക്കോട് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വിനോദ്, പാസ്റ്ററൽ കോർഡിനേറ്ററും തലശ്ശേരി സന്ദേശഭവൻ ഡയറക്ടറുമായ റവ. ഡോ. ഫിലിപ്പ് കവിയിൽ, കരുവഞ്ചാൽ ഇടവക വികാരി റവ. ഫാ. ജോസഫ് ഈനാച്ചേരിൽ, ടിഎസ്എസ്എസ് ബോർഡ് മെമ്പറും പ്രോഗ്രാം കൺവീനറുമായ ശ്രീ. പി.ടി. ജോസ്, തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ ആശംസകളർപ്പിച്ചു സംസാരിച്ചു. കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ ഡയറക്ടർ റവ. ഫാ. തോമസ് വടക്കേമുറി ചടങ്ങിൽ സംബന്ധിച്ചവർക്ക് നന്ദിയർപ്പിച്ചു സംസാരിച്ചു. തുടർന്ന് കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിൽ സേവനം ചെയ്യാൻ തയ്യാറായി വന്ന ഡോക്ടർ, സിസ്റ്റേഴ്സ് എന്നിവരെ അഭിനന്ദിക്കുകയും നേഴ്സുമാരെ ആദരിക്കുകയും ചെയ്തു. തുടർന്ന് ഇരിക്കൂർ നിയോജകമണ്ഡലം നിയുക്ത എം.എൽ.എ. അഡ്വ. സജീവ് ജോസഫ് കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിലെ സെന്റർലൈസ്ഡ് ഓക്സിജൻ യൂണിറ്റിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹി ക്കുകയും ചെയ്തു.

**ക്ഷീരകർഷരെ സഹായിക്കാൻ ബദൽ സംവിധാനവുമായി TSSS**

മിൽമ പാൽ സംഭരണം വെട്ടിക്കുറച്ചതുമൂലം ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ടിഎസ്എസ്എസ് ബദൽ സംവിധാനം ആരംഭിച്ചു. എല്ലാവരുടെയും സഹകരണത്തോടെ ബദൽ സംവിധാനം വിജയിപ്പിച്ച് എടുക്കേണ്ടത് ക്ഷീരകർഷകരുടെ നിലനിൽപിന് അനിവാര്യമാണ്. നിലവിലുള്ള പ്രതിസന്ധിക്കു പരിഹാരം ആകുന്നതിനൊപ്പം ഭാവിയിൽ തുച്ഛമായ വിലയ്ക്ക് ക്ഷീരകർഷകരുടെ കൈവശമുള്ള പാൽ സംഭരിക്കുന്നതുപോലെയുള്ള ചൂഷണങ്ങൾ ഒരു പരിധിവരെ ചെറുത്ത് നിൽക്കാനും ഇതിലൂടെ സാധിക്കും. പ്രശ്നം സർക്കാരിന്റെ ശ്രദ്ധയിലെത്തിക്കാനും ബദൽ സംവിധാനം ഒരുക്കുന്നതിനുള്ള കൂട്ടായ്മയിലൂടെ സാധ്യമാകും. ഇടവകകളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ടിഎസ്എസ്എസ് യൂണിറ്റുകളും സംഘടനകളും മുഖേന പാൽ സംഭരിച്ച് അതതു ഇടവകകളിലും സമീപ സ്ഥലങ്ങളിലും ആവശ്യക്കാർക്ക് എത്തിച്ചു നൽകുകയാണ് ബദൽ സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം.

## നന്ദിയും കടപ്പാടും

തലശ്ശേരി അതിരൂപതയുടെ കീഴിൽ കരുവഞ്ചാലിൽ ആരംഭിച്ച ടിഎസ്എസ്എസ് കോവിഡ് 19 ട്രീറ്റ്മെന്റ് സെന്റർ പ്രവർത്തന സജ്ജമായി. ഈ മാതൃകാസംരംഭം ആരംഭിക്കുന്നതിനും ജനങ്ങൾക്കായി തുറന്നു പ്രവർത്തിക്കുന്നതിനും പ്രോത്സാഹനമായും കരുതലായും ആദ്യാവസാനം കൂടെനിന്ന തലശ്ശേരി അതിരൂപതയുടെ അഭിവന്ദ്യ പിതാക്കന്മാരുടെയും, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ പങ്കാളികളായി പ്രവർത്തിക്കുന്നതിനുവേണ്ടി കാരിത്താസ് ഇന്ത്യയുടെയും, മഹാരാഷ്ട്രയിലെ ബെൽ എയർ ആശുപത്രിയുടെയും, കണ്ണൂർ ജേക്കബ് & ജോർജ് ചാർട്ടേർഡ് അക്കൗണ്ട്സിന്റെയും, ചെറുതും വലുതുമായി സംഭാവനകൾ നൽകിയ തലശ്ശേരി അതിരൂപതയിലെ വൈദികരുടെയും, ടിഎസ്എസ്എസ് പ്രവർത്തകരുടെയും മലയോര മേഖലകളിലെ വിവിധ ഉപകാരികളുടെയും അകമഴിഞ്ഞ സഹായഹസ്തങ്ങൾ ലഭിച്ചതുകൊണ്ടാണ് ഈ ട്രീറ്റ്മെന്റ് സെന്റർ ഇവിടെ യാഥാർത്ഥ്യമാക്കാൻ സാധിച്ചത്. ഇതിനായി സഹകരിച്ച എല്ലാവർക്കും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയും നന്ദിയും കടപ്പാടും അറിയിക്കുന്നു.

## TSSS കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിലേക്കുള്ള മെഡിക്കൽ ഉപകരണങ്ങൾ കൈമാറി

തലശ്ശേരി അതിരൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന കരുവഞ്ചാൽ സെന്റ് ജോസഫ്സ് ആശുപത്രിയിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിലേക്ക് കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ വെന്റിലേറ്റർ, സെമി വെന്റിലേറ്റർ, ലാബ് സൗകര്യത്തിനുള്ള മെഷീനുകൾ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ കൈമാറി. തലശ്ശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി, പാസ്റ്ററൽ കോർഡിനേറ്ററും സന്ദേശഭവൻ ഡയറക്ടറുമായ റവ ഡോ. ഫിലിപ്പ് കവിയിൽ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ മെഡിക്കൽ ഉപകരണങ്ങൾ തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഏറ്റുവാങ്ങി. ഈ അടിയന്തിരഘട്ടത്തിൽ മെഡിക്കൽ ഉപകരണങ്ങൾ ഇത്രയും ദ്രുതഗതിയിൽ ലഭ്യമാക്കി സഹജീവികളോട് കരുണ കാണിച്ച കാരിത്താസ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. പോൾ മൂഞ്ഞേലി അച്ചനും അസി. എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജോളി പുത്തൻപുരയിൽ അച്ചനും ഹൃദയത്തിന്റെ ഭാഷയിൽ അങ്ങേയറ്റം നന്ദി അറിയിക്കുന്നു.

## അഭിനന്ദനങ്ങൾ

കരുവഞ്ചാൽ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിൽ ക്ലീനിംഗിൽ സഹായിച്ച കരുവഞ്ചാൽ ഇടവക വികാരി ബഹു. ജോസഫ് ഈനാച്ചേരിൽ അച്ചനും, മറ്റു വൈദികർക്കും, സിസ്റ്റേഴ്സിനും, കരുവഞ്ചാൽ ഇടവകാംഗങ്ങൾക്കും ഒത്തിരി നന്ദി. ആതുരസേവനരംഗത്ത് മറ്റുള്ളവർക്കും പ്രചോദനമാകുന്ന രീതിയിൽ ഈ മാതൃകാപരമായ സേവനം ചെയ്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

കരുവഞ്ചാൽ കോവിഡ്-19 ട്രീറ്റ്മെന്റ് സെന്ററിലെ രോഗികൾക്ക് വിദഗ്ധ ഡോക്ടർമാരുടെയും ഡയറ്റീഷ്യന്റേയും നിർദ്ദേശാനുസരണം കുറഞ്ഞ ചിലവിൽ പ്രോട്ടീൻ അടങ്ങിയ നല്ല ഭക്ഷണം നൽകുന്നതിനായി വ്യക്തിപരമായും ടിഎസ്എസ്എസ്ന്റെ യൂണിറ്റുകളിൽ നിന്നും മേഖലകളിൽ നിന്നും സാമ്പത്തികമായും ഭക്ഷണപദാർത്ഥങ്ങളായും ആശുപത്രിയിലേക്ക് ആവശ്യമായ മറ്റു വസ്തുക്കളായും നൽകിയ എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. ഇതിനായി ആത്മാർത്ഥമായി സഹകരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

## കാരിത്താസ് ഇന്ത്യ ഡോക്യുമെന്റേഷൻ പരിശീലനം

കോവിഡ്-19 രണ്ടാം തരംഗം ശക്തി പ്രാപിക്കുന്ന ഈ ഘട്ടത്തിൽ കാരിത്താസ് ഇന്ത്യ സംഘടിപ്പിച്ച കോവിഡ്-19 സെക്കന്റ്ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ ഡോക്യുമെന്റേഷൻ പരിശീലനത്തിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രൊജക്ട് ഓഫീസർ ശ്രീ. തോമസ് ജോൺ പങ്കെടുത്തു.

## അനുശോചനം

വായാട്ടുപറമ്പ് ടിഎസ്എസ്എസ് ഗ്രാമിക യൂണിറ്റ് പ്രസിഡണ്ട് അർത്തനാംകുന്നേൽ ജോർജ് നിര്യാതനായി. എല്ലാവർക്കും വളരെയേറെ പ്രിയപ്പെട്ടതും എല്ലാവർക്കും മാതൃകയാക്കാവുന്നതുമായ ഒരു നല്ല വ്യക്തിത്വത്തിന് ഉടമയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ അകാലത്തിലുള്ള വിയോ ഗത്തിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അനുശോചനം അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

## ACCOMPAINYING DEAF AND AWAKINING MISSION (ADAM)

മെയ് 2, 16, 23, 30 തീയതികളിൽ മദർ ഹോം വചനാഗ്നി വിഷൻ വഴിയായി രാവിലെ 7.30ന് ആംഗ്യഭാഷക്കാർക്കായി വിശുദ്ധ കുർബാന അർപ്പിച്ചു.

### വിവാഹ ആശിർവാദം

മെയ് 5ന് ആയന്നൂർ ഇടവക കുളക്കാട്ടിൽ സിജോ, പുതിയകുളം ഇടവക അനുമോൾ എന്നീ ബധിര ദമ്പതികളുടെ വിവാഹം ബഹുമാനപ്പെട്ട വികാരി പീറ്റർ കൊച്ചുവീട്ടിൽ അച്ചൻ ആശിർവദിച്ചു. തദവസരത്തിൽ ആംഗ്യഭാഷയിലൂടെ കൂദാശ പരികർമ്മത്തിന് സഹായിച്ചു.

### സാന്ത്വനം

അതിരൂപത വിശ്വാസ പരിശീലനകേന്ദ്രവും മിഷൻലീഗും ഒരുക്കിയ സൺഡേസ്കൂൾ കുട്ടികൾക്കായുള്ള ധ്യാനത്തിൽ കൗൺസിലിംഗ് സെഷനിൽ ബധിര കുട്ടികൾക്കായി കൗൺസിലിംഗ് നൽകി പങ്കാളിയായി.

### വണക്കമാസ സമാപനം

പരിശുദ്ധ അമ്മയോടുള്ള ഭക്തി പ്രകടിപ്പിച്ചുകൊണ്ട് ADAM മിനിസ്ട്രിയുടെ അംഗങ്ങൾ ഓൺലൈനിൽ ഒന്നുചേർന്ന് മെയ് 31 ന് വണക്ക മാസ സമാപനം ജപമാലയോടും പ്രാർത്ഥനയോടുംകൂടെ ആഘോഷിച്ചു.

### ജൂൺ മാസ പരിപാടികൾ

6, 13, 20, 27 ഞായർ ദിവസങ്ങളിൽ രാവിലെ 7.30ന് മദർ ഹോം വചനാഗ്നി വിഷനിലൂടെ ആംഗ്യഭാഷയിൽ വിശുദ്ധകുർബാന.

### മാതാവിന്റെ വിമലഹൃദയ തിരുനാളാഘോഷം

ജൂൺ 12 വിമലഹൃദയ തിരുനാൾ ദിനം രാത്രി ഏഴ് മുതൽ എട്ട് വരെ ഓൺലൈൻ ഫ്ളാറ്റ്ഫോമിൽ ജപമാലയും പ്രാർത്ഥനാ ശുശ്രൂഷയും.

സ്നേഹപൂർവം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ഏപ്രിൽ 2021

26 രാവിലെ 10 മണിക്ക് തലശ്ശേരി സന്ദേശഭവനിൽ നടന്ന 12-ാം ക്ലാസ്സിൽ മതബോധനം പഠിക്കുന്നവിദ്യാർത്ഥികൾക്കുള്ള അവാർഡ് വിതരണ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

27 രാവിലെ 10 മണിക്ക് പേരാവൂർ എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സന്യാസിനികളുടെ സഭാവസ്ത്ര സ്വീകരണ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് പേരാവൂർ പള്ളിമുറിയിൽ വച്ച് ഷേൺസ്റ്റട്ട് സന്ന്യാസ സമൂഹത്തിന്റെ റീജിയണൽ സുപ്പീരിയറുമായി കൂടിക്കാഴ്ച നടത്തി.

28 രാവിലെ 9 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സി.ബി.സി.ഐ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

29 രാവിലെ 9 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സി.ബി.സി.ഐ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

### മെയ് 2021

01 വീഡിയോ കോൺഫറൻസിലൂടെ നടന്ന കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരി കമ്മീഷൻ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

04 അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

05 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

11 ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ സന്ദർശിച്ച് കോവിഡ് ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

12 രാവിലെ 11 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സീറോ മലബാർ സ്ഥിരം സിനഡിൽ പങ്കെടുത്തു.

16 രാവിലെ 11 മണിക്ക് എ.കെ.സി.സിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ശ്രീ. ജോർജ് അർത്താനാക്കുന്നേൽ അനുസ്മരണ യോഗത്തിൽ പ്രഭാഷണം

നടത്തി. വൈകുന്നേരം 9 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നടന്ന കോവിഡ് ഹെൽപ് ലൈൻ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

17 രാവിലെ 11 മണിക്ക്കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ആരംഭിച്ച കോവിഡ് ചികിത്സ വിഭാഗത്തിന്റെ ഉദ്ഘാടനയോഗത്തിൽ പങ്കെടുത്തു. വൈകന്നേരം 4 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന കാത്തലിക് ഹെൽത്ത് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ യോഗത്തിൽ പങ്കെടുത്തു.

18 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരി സ്റ്റാഫ് മീറ്റിങ്ങിൽ പങ്കെടുത്തു. രാത്രി 9 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ അധ്യക്ഷത വഹിച്ചു.

19 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു

20 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരി പ്രവർത്തന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു.

21 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന തലശ്ശേരി അതിരൂപത പ്രസ്ബിത്തേരിയത്തിൽ അധ്യക്ഷത വഹിച്ചു.വൈകുന്നേരം 5 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സീറോ മലബാർ മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.


22 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന ചെറുപുഷ്പ മിഷൻലീഗ് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

23 വൈകുന്നേരം 6 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന കെ.സി.വൈ.എം മേഖല കൺവെൻഷൻ BUD ഉദ്ഘാടനം ചെയ്തു. രാത്രി 9 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലുള്ള വെബിനാറിൽ ക്ലാസ്സെടുത്തു.

24 വൈകുന്നേരം 4മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സി.ബി.സി.ഐ ഭാരവാഹികളുടെ യോഗത്തിൽ പങ്കെടുത്തു.

25 രാവിലെ വീഡിയോ കോൺഫറൻസിലൂടെ ഫിലോസഫി പഠിക്കുന്ന വൈദിക വിദ്യാർഥികളുമായി കൂടിക്കാഴ്ച നടത്തി.

◈◈◈◈◈

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഏപ്രിൽ 2021

രാവിലെ 6.30 ന് ചരൾ ഇടവകയിൽ നടുവത്തേട്ട് അജിത്തിന്റെ മകൾ ഐറ മരിയ ജോസഫിന് മാമ്മോദീസ നൽകി. 9.30 ന് കിളിയന്തറ എസ്എബിഎസ് പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന സന്ന്യാസിനികളുടെ സഭാവസ്ത്ര സ്വീകരണ തിരുക്കർമ്മങ്ങളിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് വാണിയപ്പാറ ഇടവകയിൽ തങ്കച്ചൻ പായിത്തോട്ടത്തിന്റെ വീട് വെഞ്ചരിപ്പ് നടത്തി. ഉച്ചകഴിഞ്ഞ് 4 മണിക്ക് വാണിയപ്പാറ ഇടവകയിൽ കുരിശ് പള്ളി വെഞ്ചിരിച്ച് വി. കുർബ്ബാനയർപ്പിച്ചു. വൈകുന്നേരം ആനപ്പന്തിയിൽ വാഴകാട്ട് ജെയ്സൺ അച്ചന്റ മാതാപിതാക്കളെ ഭവനത്തിലെത്തി സന്ദർശിച്ചു. തുടർന്ന് പേരാവൂർ ഇടവകയിൽ നിര്യാതനായ വടക്കേമുളഞ്ഞനാൽ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27. വൈകുന്നേരം 8 മണിക്ക് ടിഎസ്എസ്എസിന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

28. ഉച്ചകഴിഞ്ഞ് 2 മണിക്ക് കല്ലുവയൽ ഇടവകയിൽ തോമസ് കൊല്ലംപറമ്പിലിന്റെ വീട് വെഞ്ചരിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് എടൂർ ഇടവകയിൽ കൊച്ചുപറമ്പിൽ മറിയക്കുട്ടിയുടെ വീട് വെഞ്ചരിച്ചു. തുടർന്ന് എടൂർ ഇടവകയിൽ വി. കുർബ്ബാന ചൊല്ലി ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

29 രാവിലെ 8.15 ന് ഓൺലൈൻ MPC ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു.

### മെയ് 2021

04 അതിരൂപതാ കാര്യലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു.

05 അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം 9 മണിക്ക് ദീപിക ഗവേണിംഗ് ബോഡിയിൽ പങ്കെടുത്തു.

6. വൈകുന്നേരം 5 മണിക്ക് ചെമ്പേരി ഫൊറോന പള്ളി സിമിത്തേരിയിൽ ബഹു. ജോസ് കരിക്കാട്ടുകണ്ണിയേൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. വൈകുന്നേരം 9.15 ന് ടിഎസ്എസ് എസിന്റെ കോവിഡ് ചികിത്സ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള മീറ്റിംഗിൽ പങ്കെടുത്തു.

7. വൈകുന്നേരം 7 മണിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ നടന്ന ഓൺ ലൈൻ ആരാധനയ്ക്ക് നേതൃത്വം നൽകി.

8. രാവിലെ 12 മണിക്ക് ഫാമിലി അപ്പസ്റ്റോലേറ്റിന്റെ ഗവേണിംഗ് ബോഡി യിൽ അദ്ധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് 3 മണിക്ക് നിർമ്മലഗിരി കോ ളേജിന്റെ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് മിഷൻലീഗ് കൗൺസിലിൽ സംബന്ധിച്ചു.

9. രാവിലെ 11.30 ന് വെള്ളരിക്കുണ്ട് സെന്റ് ജൂഡ് കോളേജിന്റെ മീറ്റിം ഗിൽ ഓൺലൈനായി പങ്കെടുത്തു. വൈകുന്നേരം 6.15 ന് പാലാ Marian Youth Meet ൽ ഓൺലൈനായി ക്ലാസ്സെടുത്തു.

10. വൈകുന്നേരം 4 മണിക്ക് കല്ലുവയൽ ഇടവകയിൽ നിര്യാതനായ ശ്രീ. വർക്കി പുതിയാകുളങ്ങരയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേ തൃത്വം നൽകി.

11 ഉച്ചകഴിഞ്ഞ് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ സന്ദർശിച്ച് കോവിഡ് ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

12 രാവിലെ 11.30 ന് വെള്ളരിക്കുണ്ട് കോളേജ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 3 മണിക്ക് നിർമ്മലഗിരി കോളേജ് സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് കുന്നോത്ത് ഫൊറോനയിലെ കുട്ടികളുടെ ഗുരുമൊഴി പരിപാടിയിൽ പങ്കെടുത്തു.

13. വൈകുന്നേരം 3 മണിക്ക് നിർമ്മലഗിരി കോളേജിന്റെ Administrative Staff Meeting ൽ ഓൺലൈനായി പങ്കെടുത്തു.

14. രാവിലെ 10 മണിക്ക് വായാട്ടുപറമ്പിൽ നിര്യാതനായ ജോർജ് അർത്ത നാക്കുന്നേലിന്റെ മൃതസംസ്കാരത്തിന് നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് 2 മണിക്ക് പരേതനായ ബഹു. സിറിയക് വാഴയിലച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

15. രാവിലെ 9 മണിക്ക് KCBC മദ്യവിരുദ്ധ സമിതി ഉപവാസ സമരം ഉദ് ഘാടനം ചെയ്തു. 10 മണിക്ക് ബഹു. ജോൺസൺ അന്ത്യാംകുളം അച്ചന്റെ Farewell Meeting ൽ ഓൺലൈനായി പങ്കെടുത്തു. 11.30 ന്

വിമൽ ജ്യോതി എൻജിനിയറിംഗ് കോളേജ് മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം 3 മണിക്ക് നിർമ്മലഗിരി IRISH Executive മീറ്റിംഗിൽ ഓൺലൈനായി സംബന്ധിച്ചു.

16 വൈകുന്നേരം 9 മണിക്ക് അതിരൂപതാ കേന്ദ്രത്തിൽ നടന്ന കോവിഡ് ഹെൽപ് ലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ 9 മണിക്ക് നിർമ്മലഗിരി കോളേജ് Fine Arts Fest ഓൺലൈനായി ഉദ്ഘാടനം ചെയ്തു. രാവിലെ 11 മണിക്ക് കരുവഞ്ചാൽ സെന്റ് ജോസഫ്സ് ഹോസ്പിറ്റലിൽ ആരംഭിച്ച കോവിഡ് ചികിത്സാ വിഭാഗത്തിന്റെ ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് കാഞ്ഞങ്ങാട് ഫൊറോന മിഷൻലീഗ് കുട്ടികളുടെ ഗുരുമൊഴി പരിപാടിയിൽ പങ്കെടുത്തു. വൈകുന്നേരം 7 മണിക്ക് കോശി കമ്മീഷൻ മീറ്റിംഗിൽ ഓൺലൈനായി പങ്കെടുത്തു.

18 രാത്രി 9 മണിക്ക് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൂരിയ മീറ്റിങ്ങിൽ പങ്കെടുത്തു.

19 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

20 വൈകുന്നേരം 5 മണിക്ക് തളിപ്പറമ്പ് ഇടവകയിൽ പരേതനായ ശ്രീ. ജോർജ് മേച്ചേരിയുടെ മൃതസംസ്ക്കാരത്തിന് നേതൃത്വം നൽകി.

21 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന തലശ്ശേരി അതിരൂപത പ്രസ്ബിത്തേരിയത്തിൽ പങ്കെടുത്തു. വൈകുന്നേരം 3 മണിക്ക് എടൂർ ഫൊറോനയിലെ മിഷൻലീഗ് കുട്ടികളുടെ ഗുരുമൊഴി പരിപാടിയിൽ പങ്കെടുത്തു. 5 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന സീറോ മലബാർ മെത്രാന്മാരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

22 രാവിലെ 10 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന ചെറുപുഷ്പ മിഷൻലീഗ് വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

23 വൈകുന്നേരം 6.30 ന് തിരുവനന്തപുരം ലൂർദ്ദ് ഫൊറോനയിലെ യുവജനങ്ങളുടെ സമ്മേളനത്തിൽ ക്ലാസ്സെടുത്തു. രാത്രി 9 മണിക്ക് വീഡിയോ കോൺഫറൻസിലൂടെ നടന്ന ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിലുള്ള വെബിനാറിൽ ക്ലാസ്സെടുത്തു.

24. വൈകുന്നേരം 7 മണിക്ക് Theology Forum Meetingൽ സംബന്ധിച്ചു.

25. വൈകുന്നേരം 7 മണിക്ക് സീറോ മലബാർ KCYM Resource Team ന് ക്ലാസ്സെടുത്തു.

◈◈◈◈◈